# മലയാള
# ഗ്രന്ഥസൂചി

ഒന്നാം വാള്യം

Digitized By Kerala Sahitya Akademi

# മലയാളഗ്രന്ഥസൂചി

(ഒന്നാം വാള്യം)

Digitized By Kerala Sahitya Akademi

(Malayalam)

# MALAYALA GRANTHA SOOCHI

A Retrospective Bibliography of Malayalam Books
Published till the end of 1970
Volume I—Literature

Editors

**K. M. Govi**

**A. K. Panikker**

First Published November 1973

No. of Copies 1100

Printed at Lumiere Offset Printing Works, Trichur

Price Rs. 30.00

Copyright
KERALA SAHITYA AKADEMI

Publishers
**KERALA SAHITYA AKADEMI, TRICHUR-1**

Published with the financial assistance of
the Government of India, Ministry of Education &
Social Welfare, (Department of Culture), Government of
Kerala and the University of Calicut

**Digitized By Kerala Sahitya Akademi**

# മലയാളഗ്രന്ഥസൂചി

(ഒന്നാം വാള്യം)


എഡിററർമാർ

കെ: എം. ഗോവി

എ: കെ. പണിക്കർ



കേരള സാഹിത്യ അക്കാദമി

തൃശ്ശൂർ-1

വില ക. 30.00



Digitized By Kerala Sahitya Akademi

# മലയാളഗ്രന്ഥസൂചി

(അച്ചടിയുടെ ആരംഭംമുതൽ 1970 അവസാനംവരെയുള്ള
മലയാളപുസ്തകങ്ങളുടെ വിവരണകോശം)

ഒന്നാം വാള്യം—സാഹിത്യം


എഡിററർമാർ

കെ. എം. ഗോവി

എ. കെ. പണിക്കർ



ആദ്യപ്രകാശനം നവമ്പർ 1973

1100 കോപ്പി

അച്ചടി

ലൂമിയർ ഓഫ്സെറ്റ് പ്രിന്റിംഗ് വർക്സ്
തൃശ്ശൂർ

വില രൂ. 30.00

പകപ്പവകാശം

കേരള സാഹിത്യ അക്കാദമി

പ്രസാധകർ

കേരള സാഹിത്യ അക്കാദമി
തൃശ്ശൂർ–1



Digitized By Kerala Sahitya Akademi

# ഗ്രന്ഥസൂചി കമ്മിറ്റി

സ്റ്റാന്റിങ്ങ് കമ്മിറ്റി

ശ്രീ വി. കരുണാകരൻനമ്പ്യാർ
,, പി. എ. സെയ്തുമുഹമ്മദ്
,, വെട്ടൂർ രാമൻനായർ (കൺവീനർ)

## ഉപദേശകസമിതി

പ്രൊ: കുറിപ്പുഴ കൃഷ്ണപിള്ള (11-2-71 വരെ)
ശ്രീ പൊൻകുന്നം വക്കി
,, ശൂരനാട്ട കുഞ്ഞൻപിള്ള
,, എൻ. വി. കൃഷ്ണവാരിയർ
ഡോ: പി. കെ. നാരായണപിള്ള
,, കെ. എം. ജോർജ്ജ്
ശ്രീ ചിറയ്ക്കൽ ടി. ബാലകൃഷ്ണൻനായർ
,, വൈക്കം മുഹമ്മദ് ബഷീർ
,, ഡി. സി. കിഴക്കെമുറി
പ്രൊ: സുകുമാർ അഴീക്കോട്
,, പി. എസ്. വേലായുധൻ
,, കെ. എ. ഐസക്ക്
ശ്രീ ടി. ഉബൈദ് (22-8-71 മുതൽ 2-11-72 വരെ)
,, മേക്കുന്നത്തു കുഞ്ഞികൃഷ്ണൻനായർ
,, എ. ഡി. ഹരിശർമ്മ (30-6-71 വരെ)
,, വി. ആർ. പരമേശ്വരൻപിള്ള
,, പി. എൻ. പണിക്കർ
,, എം. എൻ. രാമകൃഷ്ണൻ
ഡോ: കെ. രാഘവൻപിള്ള
ശ്രീ പി. എ. സെയ്തുമുഹമ്മദ്
,, വി. കരുണാകരൻനമ്പ്യാർ
,, വെട്ടൂർ രാമൻനായർ (കൺവീനർ)

Digitized By Kerala Sahitya Akademi

# ഗ്രന്ഥസൂചിയുടെ പ്രവർത്തനത്തിൽ

എഡിറേറഴ്സ്

ശ്രീ കെ. എം. ഗോവി
ശ്രീ എ. കെ. പണിക്കർ

കാർഡ് തയ്യാറാക്കിയവർ

ശ്രീ സി. കെ. രവിവർമ്മ
,, ടി. പി. മാധവൻപിള്ള
,, രഘുനാഥൻ
,, ബാലസുബ്രഹ്മണ്യം
,, കെ. രഘുനാഥൻനായർ
,, പി. പുരുഷോത്തമൻനായർ
,, ഡി. രവി
,, എം. ചന്ദ്രകുമാരൻനായർ
,, കെ. വാമനൻനായർ
,, കെ. പി. സദാശിവൻ
,, കെ. ഗോപിനാഥ്
,, എ. ബി. എം. ഷെറീഫ്
,, പി. കെ. കമറുദ്ദീൻ
,, എം. പി. മുകുന്ദൻ

പുസ്തകപരിശോധന

ശ്രീ എ. അബൂബക്കർ
കുമാരി ഇ. കെ. ജാനകി
കുമാരി വി. മാധവിക്കുട്ടി

സ്ക്രിപ്റ്റും പ്രൂഫും

ശ്രീ തേറമ്പിൽ ശങ്കുണ്ണിമേനോൻ
കുമാരി വി. മാധവിക്കുട്ടി
കുമാരി കെ. കെ. ശാന്ത

ആഫീസ്

ശ്രീ വി. എ. എ. അസീസ് (അസി. സെക്രട്ടറി)
,, വി. സുകുമാരൻനായർ (മാനേജർ)
,, തേറമ്പിൽ ശങ്കുണ്ണിമേനോൻ (പബ്ലിക്കേഷൻ അസിസ്റ്റന്റ്)
,, പി. കെ. ജി. നമ്പ്യാർ (ക്ലാർക്ക്)
,, വി. ഭാസ്കരമേനോൻ (ലൈബ്രറി അസിസ്റ്റൻറ്)

Digitized By Kerala Sahitya Akademi

# ഉള്ളടക്കം

(ഒന്നാം വാള്യം)


ആമുഖം

അവതാരിക

ഗ്രന്ഥസൂചി ഉപയോഗിക്കുമ്പോൾ

പുസ്തകങ്ങൾ—ഇനംതിരിച്ച പട്ടിക

ഗ്രാഫുകൾ

ഫോട്ടോസ്റ്റാറ്റുകൾ


വിഷയവിവരണം


| | |
|---|---|
| കവിത | 1 — 282 |
| കവിതാസമാഹാരം | 283 — 298 |
| ഗാനങ്ങളും പാട്ടുകളും | 299 — 317 |
| നാടകം | 318 — 420 |
| നാടകസമാഹാരം | 421 |
| നോവൽ | 422 — 579 |
| ചെറുകഥ | 580 — 679 |
| ചെറുകഥാസമാഹാരം | 680 — 690 |
| കുട്ടികൾക്കുള്ള കഥ | 691 — 748 |
| ഹാസ്യം | 749 — 760 |
| ഉപന്യാസം | 761 — 820 |
| മറ്റു ഗദ്യകൃതികൾ | 821 — 827 |
| നിരൂപണം—പഠനം | 828 — 864 |
| സാഹിത്യചരിത്രം | 865 — 870 |
| ഗദ്യപദ്യസമാഹാരം | 871 — 874 |
| വിവർത്തനങ്ങൾ (ഭാരതീയ സാഹിത്യം) | 875 — 955 |
| വിവർത്തനങ്ങൾ (വിദേശസാഹിത്യം) | 956 —1022 |

അനുബന്ധം (പരിശോധിച്ച ഗ്രന്ഥശേഖരങ്ങൾ)

അനുബന്ധം (പുസ്തകങ്ങൾ തന്നു സഹായിച്ചവർ)


Digitized By Kerala Sahitya Akademi

# രണ്ടാംവാള്യത്തിലെ വിഷയവിഭാഗങ്ങൾ


1 (1) പൊതുഗ്രന്ഥങ്ങൾ (പൊതുവിജ്ഞാനം, വിജ്ഞാനകോശങ്ങൾ, ഗ്രന്ഥസൂചികൾ). (2) തത്ത്വചിന്ത (തത്ത്വചിന്ത, മനശ്ശാസ്ത്രം, തർക്കശാസ്ത്രം, സദാചാരം). (3) ഗ്രഹശാസ്ത്രം (ജ്യോതിഷം, ഗ്രഹവിദ്യ, ഹസ്തരേഖ). (4) ഹിന്ദുമതം. (5) ഹിന്ദുമതസ്തോത്രങ്ങൾ. (6) ബുദ്ധമതവും ജൈനമതവും. (7) ക്രിസ്തുമതം. (8) ഇസ്ലാംമതം. (9) മതം—പൊതുഗ്രന്ഥങ്ങളും മറ്റു മതങ്ങളും. (10) സാമൂഹ്യശാസ്ത്രം. (11) നാടോടിക്കഥകളും ഐതിഹ്യങ്ങളും. (12)വിദ്യാഭ്യാസം. (13) ലൈബ്രറി സയൻസ്, പത്രപ്രവർത്തനം, പുസ്തകവിജ്ഞാനം. (14) രാഷ്ട്രവിജ്ഞാനീയം. (15) ഭരണം, നിയമം. (16) മാർക്സിസം, സോഷ്യലിസം, കമ്മ്യൂണിസം. (17) ഗാന്ധിയും ഗാന്ധിസവും. (18) സാമ്പത്തികശാസ്ത്രം. (19) ഭാഷ—പൊതുഗ്രന്ഥങ്ങൾ (ടൈപ്പ്റൈറ്റിംഗ്, മുദ്രക്കെഴുത്ത്). (20) ഭാഷ—നിഘണ്ടുക്കൾ. (21) ഭാഷ—വ്യാകരണം. (22) ഭാഷ—പഴഞ്ചൊല്ലുകൾ. (23) ഭാഷ—പാഠാവലികൾ. (24) ശാസ്ത്രം—സാമാന്യശാസ്ത്രം. (25) ശാസ്ത്രം—ഗണിതം. (26)ശാസ്ത്രം—ജ്യോതിശ്ശാസ്ത്രവും ബഹിരാകാശവിജ്ഞാനവും. (27) ശാസ്ത്രം—ഊർജ്ജതന്ത്രം. (28) ശാസ്ത്രം—രസതന്ത്രം. (29) ശാസ്ത്രം—ജീവശാസ്ത്രം. (30) ശാസ്ത്രം—ജന്തുശാസ്ത്രം. (31) ശാസ്ത്രം—സസ്യശാസ്ത്രം. (32) ശാസ്ത്രം—എൻജിനീയറിംഗ്—പ്രായോഗികവിദ്യ. (33) തച്ചുശാസ്ത്രം. (34) ശാസ്ത്രം—മറ്റു കൃതികൾ. (35) വൈദ്യം—ആരോഗ്യം. (36) ആയുർവ്വേദം. (37) കൃഷി, വനം. (38) മൃഗസംരക്ഷണം. (39) ഗൃഹതന്ത്രം. (40) കല. (41) കേരളീയകലകൾ. (42) ജീവചരിത്രം. (43) ഭൂമിശാസ്ത്രം—യാത്രാവിവരണം. (44) ചരിത്രം. (45) ചരിത്രം—ഇന്ത്യ. (46) ചരിത്രം—കേരളം.

2 ഒന്നാംവാള്യത്തിലും രണ്ടാംവാള്യത്തിലും വിട്ടുപോയ പുസ്തകങ്ങളുടെ ഗ്രന്ഥസൂചി.

3 ഗ്രന്ഥകാരസൂചിക

4 ശീർഷകസൂചിക

5 വിഷയസൂചിക


Digitized By Kerala Sahitya Akademi

# ആമുഖം

അച്ചടിയുടെ ആരംഭംമുതൽ ഇന്നോളം മലയാളഭാഷയിൽ മുദ്രണം ചെയ്തിട്ടുള്ള ഗ്രന്ഥങ്ങളെപ്പററി ശരിയായ വിവരം ലഭിക്കാൻ അടുത്ത കാലംവരെ ചില പ്രസിദ്ധീകരണശാലക്കാരുടെ കാററലോഗുകളല്ലാതെ മററു മാർഗ്ഗമൊന്നും ഉണ്ടായിരുന്നില്ല. ഈ കാററലോഗുകൾതന്നെ അതതു പുസ്തകശാലകളുടെ സ്വന്തം പ്രസിദ്ധീകരണങ്ങളുടെ പോലും പൂർണ്ണമായ പട്ടിക ഉൾക്കൊള്ളുന്നതായിരുന്നില്ല. അപ്പപ്പോൾ വില്പനയ്ക്കുള്ള പുസ്തകങ്ങളെപ്പററി വിവരം നല്കാൻ ഉദ്ദേശിച്ചുള്ള ആ വക പ്രസിദ്ധീകരണങ്ങളിൽനിന്ന് മലയാള ഗ്രന്ഥങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ പ്രതീക്ഷിക്കേണ്ടതില്ലല്ലോ.

ഈ നിലക്ക് ഒരു മാററംവന്നതു് കൽക്കത്താ നാഷണൽ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ അടുത്ത കാലത്തു് "ദേശീയ ഗ്രന്ഥസൂചി"കളുടെ പ്രസിദ്ധീകരണം ആരംഭിച്ചപ്പോഴാണു്. പ്രത്യേക വിഷയങ്ങളിൽ താല്പര്യമുള്ള വായനക്കാർക്കും ഗവേഷകർക്കും തങ്ങൾക്കു് ആവശ്യമുള്ള ഗ്രന്ഥങ്ങളെപ്പററി അറിവു ലഭിക്കുമാറു് ശാസ്ത്രീയമായി വിവരങ്ങൾ ക്രമീകരിക്കുന്നതെങ്ങിനെയെന്നു് പ്രായോഗികമായി കാണിച്ചതു് ഈ ഗ്രന്ഥസൂചികളാണു്. ദേശീയ ഗ്രന്ഥസൂചിയുടെ മലയാളവിഭാഗം ഇക്കാര്യത്തിൽ നമുക്കു മാതൃക കാട്ടിത്തന്നു. കൽക്കത്താ നാഷനൽ ലൈബ്രറിയിലെ ശ്രീ കെ. എം. ഗോവിയും ശ്രീ സി. കെ. രവിവർമ്മയും ചേർന്നാണു് ഈ മലയാള വിഭാഗം പ്രസാധനം ചെയ്തിട്ടുള്ളതു്.

ഈ ഗ്രന്ഥസൂചിക്കും ചില പരിമിതികൾ ഉണ്ടു്. അടുത്ത കാലത്തെ ഗ്രന്ഥങ്ങൾ മാത്രമാണു് (1958 മുതലുള്ള) ദേശീയ ഗ്രന്ഥസൂചിയുടെ മലയാള വിഭാഗത്തിൽ ഉള്ളതു്. പ്രധാനമായും കൽക്കത്താ നാഷനൽ ലൈബ്രറിയിൽ ലഭിച്ച ഗ്രന്ഥങ്ങളെ ആശ്രയിക്കാനല്ലാതെ വ്യാപകമായ അന്വേഷണം നടത്തി ഗ്രന്ഥങ്ങൾ തേടിപ്പിടിക്കാൻ ഇതിന്റെ പ്രസാധകർക്കു് സൗകര്യം ലഭിച്ചിരുന്നില്ല. അച്ചടിയിൽ വിവിധതരം ടൈപ്പുകൾ ഉപയോഗിച്ചു് ഗ്രന്ഥത്തിന്റെ ഉപയോഗം വേണ്ടത്ര സുഗമമാക്കാനും കഴിഞ്ഞിരുന്നില്ല. ഇതിനെല്ലാം പുറമെ ഗവണ്മെൻറിന്റെ വിഭ്യാഭ്യാസവകുപ്പു് പ്രസിദ്ധപ്പെടുത്തിയ ഈ ഗ്രന്ഥം കണ്ടിട്ടുള്ളവർതന്നെ ചുരുങ്ങും.

അടുത്തകാലത്തു പുറത്തുവന്ന ഗ്രന്ഥങ്ങളുടെ വിവരങ്ങൾ സമ്പാദിക്കുന്നതുപോലും വളരെ ശ്രമകരമാണു്. പ്രധാനപ്പെട്ട പുസ്തകശാല

Digitized By Kerala Sahitya Akademi

ക്കാർ അടിച്ചിറക്കുന്ന ഗ്രന്ഥങ്ങളെപ്പറ്റി നമുക്ക് എളുപ്പം വിവരം കിട്ടും. എന്നാൽ സ്വന്തം പുസ്തകങ്ങൾ സ്വയം അച്ചടിപ്പിച്ചു സ്നേഹിതന്മാക്കിടയിൽ വിതരണം നടത്തുന്ന എത്രയോ ഗ്രന്ഥകാരന്മാരുണ്ട്. പ്രാദേശികമായിമാത്രം പ്രചരിക്കാറുള്ളതും വ്യക്തികൾ പ്രസിദ്ധപ്പെടുത്തുന്നതുമായ ഗ്രന്ഥങ്ങളെപ്പറ്റി പലപ്പോഴും ഒന്നും അറിയാൻ കഴിഞ്ഞെന്നു വരികയില്ല. ആ നിലയ്ക്കു മലയാളത്തിൽ അച്ചടി ആരംഭിച്ചിട്ട് ഇരുന്നൂറുവർഷം കഴിഞ്ഞു് ഇത്തരം ഒരന്വേഷണം ആരംഭിച്ചാൽ വരാവുന്ന കുറവുകൾ ഊഹിക്കുകയേവേണ്ടൂ.

1772-ൽ സംക്ഷേപവേദാർത്ഥത്തിന്റെ പ്രസിദ്ധീകരണത്തോടെയാണു് മലയാളലിപിയിലുള്ള അച്ചടി ആരംഭിക്കുന്നതു്. അതുമുതലുള്ള ഇരുന്നൂറുവർഷത്തിനിടയ്ക്കു മലയാളത്തിൽ ഉടലെടുത്തു് അപ്രത്യക്ഷമായ ഗ്രന്ഥങ്ങൾ എത്രയായിരിക്കും! ഇതിൽ അനേകം ഗ്രന്ഥങ്ങളുടെ ഒറ്റപ്രതിപോലും ഇന്നു് ശേഷിച്ചിട്ടുണ്ടാവില്ല. ഇത്രയുംകാലം ഈ ഗ്രന്ഥങ്ങളെപ്പറ്റി അത്യാവശ്യം വേണ്ട വിവരങ്ങൾ സമ്പാദിച്ചുവെക്കാൻ ഒരു ശ്രമവും നടത്തിയിട്ടില്ലെന്നതു് ഇന്നു് ഓർത്താൽ അത്ഭുതകരമായി തോന്നും. ഇത്തരം കാര്യങ്ങളിൽ ഇടക്കാലത്തു നമുക്കു വന്നുപെട്ട അശ്രദ്ധ അതിലും വിചിത്രമാണു്. മലയാളഭാഷയിലെ വാക്കുകളെതന്നെ ക്രമപ്പെടുത്തുകയും വിവരിക്കുകയും ചെയ്യുന്ന ഒരു ഗ്രന്ഥം (നിഘണ്ടു) തയ്യാറാക്കാൻ വിദേശീയർ വേണ്ടിവന്നു എന്നതാണല്ലോ നമ്മുടെ പാരമ്പര്യം!

വളരെ വൈകിയാണു് ഈ ശ്രമം ആരംഭിച്ചതെന്നും അതുകൊണ്ടുതന്നെ ഇതു് അപൂർണ്ണമാവാനിടയുണ്ടെന്നും ആണു് ഇവിടെ പറഞ്ഞുവരുന്നതു്. കാലം കഴിയുന്തോറും പഴയ ഗ്രന്ഥങ്ങളെപ്പറ്റി വിവരം സമ്പാദിക്കുക അസാദ്ധ്യമായിത്തീരുമെന്നുള്ളതുകൊണ്ടു് എത്രയും വേഗം ഈ ജോലി നടത്തണമെന്നു് അക്കാദമി തീരുമാനിച്ചു. അതനുസരിച്ചു് 1968-ൽ ഇതിന്റെ നടത്തിപ്പിനുള്ള ശ്രമം ആരംഭിക്കുകയും ചെയ്തു. അക്കാദമി ആവശ്യപ്പെട്ടതനുസരിച്ചു് അക്കൊല്ലംതന്നെ കൽക്കത്ത നാഷനൽ ലൈബ്രറിയിലെ ശ്രീ കെ. എം. ഗോവി ഈ വിഷയത്തെപ്പറ്റി വിശദമായ ഒരു റിപ്പോർട്ടു് സമർപ്പിച്ചു. 1970 മെയ്മാസത്തിൽ കൂടിയ അക്കാദമി നിർവാഹകസമിതി ശ്രീ കെ. എം. ഗോവിയുടെ സ്കീം അംഗീകരിക്കുകയും അദ്ദേഹത്തെ ഗ്രന്ഥസൂചിയുടെ ഓണററി എഡിറ്ററായി നിശ്ചയിക്കുകയും ചെയ്തു. കേരളയൂണിവേഴ്സിറ്റിയിലെ അസിസ്റ്റൻറ് ലൈബ്രേറിയനായ ശ്രീ എ. കെ. പണിക്കരെ അസിസ്റ്റൻറ് എഡിറ്ററായും നിശ്ചയിച്ചു. ഗ്രന്ഥസൂചിയുടെ നിർമ്മാണത്തിന്റെ ചുമതലകൾ വഹിക്കുന്നതിനായി അക്കാദമി നിർവാഹകസമിതി അംഗങ്ങളായ വെട്ടൂർ രാമൻനായർ (കൺവീനർ) പി. എ. സെയ്തുമുഹമ്മദ്, വി. കരുണാകരൻനമ്പ്യാർ എന്നിവർ അംഗങ്ങളായി ഒരു സ്റ്റാൻറിംഗ് കമ്മറ്റിയേയും നിശ്ചയിക്കുകയുണ്ടായി. കൂടാതെ ഇരുപത്തിരണ്ടുപേർ അടങ്ങിയ ഒരു ഉപദേശകസമിതിയും രൂപീകരിച്ചു.

Digitized By Kerala Sahitya Akademi

ഇതോടെ ഗ്രന്ഥസൂചിയുടെ പ്രവർത്തനം സജീവമായി. രണ്ടുപ്രാവശ്യം തിരുവനന്തപുരത്തുവച്ച് ഉപദേശകസമിതിക്കൂടുകയും സൂചിയുടെ നിർമ്മാണത്തെപ്പറ്റി വിശദമായി ചർച്ചചെയ്യേണ്ട തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. അന്ന് 50,000 ക. ചെലവുവരുന്ന ഒരു പദ്ധതിക്കായിരുന്നു അക്കാദമി രൂപം നല്കിയതു്. ഇതിലേക്കു് കേന്ദ്ര വിദ്യാഭ്യാസവകുപ്പ് 25,000 ക.യും കേരളഗവണ്മെന്റ് 24,000 ക. യും കാലിക്കറ്റ് യൂണിവേഴ്സിറ്റി 1,000കയും സഹായധനം അനുവദിച്ചു. എന്ന കാര്യം ഇവിടെ നന്ദിപൂർവ്വം രേഖപ്പെടുത്തട്ടെ.

അച്ചടിയുടെ ആരംഭംമുതൽ 1970 അവസാനംവരെ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള എല്ലാ ഗ്രന്ഥങ്ങളുടെയും വിവരം ഗ്രന്ഥസൂചിയിൽ ഉണ്ടായിരിക്കാൻ ശ്രമിക്കണമെന്നായിരുന്നു തീരുമാനം. ഈ ലക്ഷ്യം നേടുന്നതിനു് അക്കാദമി എല്ലാ ശ്രമവും നടത്തിയിട്ടുണ്ടു്. അറിവു കിട്ടിയിടത്തോളം പഴയ ഗ്രന്ഥശേഖരങ്ങൾ എല്ലാംതന്നെ പരിശോധിച്ചു. പത്രങ്ങളിലുള്ള അഭ്യർത്ഥന വഴിയായും നേരിട്ട കത്തുകൾ അയച്ചും അനേകം അപൂർവ്വഗ്രന്ഥങ്ങൾ വരുത്തി വിവരങ്ങൾ ശേഖരിക്കുകയുംചെയ്തു. ലണ്ടനിലെ ഇന്ത്യാ ആഫീസ് ലൈബ്രറി അവിടെ സൂക്ഷിച്ചിട്ടുള്ള വളരെ പഴയ മലയാള ഗ്രന്ഥങ്ങളുടെ വിവരങ്ങൾ തയ്യാറാക്കി അയച്ചുതരികയുണ്ടായി. ഒന്നാം വാള്യത്തിന്റെ ആദ്യഭാഗത്തുകൊടുത്തിട്ടുള്ള ഇന്നർ ടൈറ്റിലുകളുടെ ഫോട്ടോസ്റ്റാറ്റുകൾ ലണ്ടനിലെ ബ്രിട്ടീഷ് മ്യൂസിയം ലൈബ്രറിയിൽനിന്നു് ഒട്ടുവളരെ ക്ലേശങ്ങൾ സഹിച്ചും ധനവ്യയം ചെയ്തും തയ്യാറാക്കി അയച്ചുതന്ന ശ്രീ ടി. എൻ. ജയചന്ദ്രനോടുള്ള കടപ്പാടു് പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു.

ഈ ഗ്രന്ഥസൂചി തയ്യാറാക്കുന്നതിൽ ഓണറ്റി എഡിറ്റർമാരായ ശ്രീ കെ. എം. ഗോവിയും ശ്രീ ഏ. കെ. പണിക്കരും വഹിച്ച പങ്കിനെപ്പറ്റിയും സഹിച്ച ക്ലേശങ്ങളെപ്പറ്റിയും എത്ര പറഞ്ഞാലും അധികമാകുന്നതല്ല. ദിവസം പത്തും പതിനെട്ടും മണിക്കൂറുകൾ അവർ തുടർച്ചയായി ജോലി ചെയ്തിട്ടുണ്ടു്. ഈ ഗ്രന്ഥത്തിന്റെ സമ്പൂർണ്ണതയല്ലാതെ അവർക്കു മറ്റു ലക്ഷ്യമൊന്നും ഉണ്ടായിരുന്നില്ല. ഇവരുടെ സേവനം ലഭിച്ചിരുന്നില്ലെങ്കിൽ ഈ ഗ്രന്ഥസൂചി ഇത്രയെങ്കിലും പൂർണ്ണമാക്കുവാൻ കഴിയുമായിരുന്നോ എന്ന കാര്യം സംശയമാണു്.

ഈ ഗ്രന്ഥത്തിന്റെ പോരായ്മകളെപ്പറ്റി ഞങ്ങൾ ബോധവാന്മാരാണു്. പല ഗ്രന്ഥങ്ങളുടേയും ഒന്നാം പതിപ്പിന്റെ വിവരങ്ങൾ സമ്പാദിക്കാൻ കഴിഞ്ഞിട്ടില്ലെന്നതു് ഒരു കുറവുതന്നെയാണു്. പുസ്തകങ്ങളെ പ്രത്യേകം എടുത്തു് അവയ്ക്കുവേണ്ടിയുള്ള അന്വേഷണം വളരെയൊന്നും സാധിച്ചിട്ടില്ല. അത്തരം ശ്രമങ്ങൾ തുടർന്നുപോയാൽ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം ഇനിയും വർഷങ്ങൾ തന്നെ നീണ്ടുപോകുമെന്നു് ബോദ്ധ്യമായപ്പോൾ ഒന്നാം പതിപ്പു് ഈ രൂപത്തിലെങ്കിലും പ്രസിദ്ധപ്പെടുത്തുന്നതാണു് നല്ലതെന്ന കരുതുകയാണുണ്ടായതു്. പുതിയ പതിപ്പുകൾ ഉണ്ടാകുമ്പോൾ ഇന്നുള്ള കുറവുകൾ പരിഹരിക്കാവുന്നതാണു്.

Digitized By Kerala Sahitya Akademi

ഒന്നാം വാള്യത്തിന്റെ അച്ചടിക്കുതന്നെ ഏതാണ്ടു് ഒരു കൊല്ലം എടുത്തു. അച്ചടി ആരംഭിച്ചശേഷം പല ഘട്ടങ്ങളിലും അതു നിന്നിവച്ചുകൊണ്ടു് ടൈറ്റുകൾ വാർപ്പിച്ചുവരുത്തേണ്ടതായിവന്നു. എഡിറ്റർമാർ ദൂരെയാകയാൽ ഇടയ്ക്കിടെ ഉണ്ടായ സംശയങ്ങൾക്കു് നിവാരണം കാണെന്നതിനും സമയം എടുത്തു. വിവരിക്കാൻ ആവാത്ത അനേകം പ്രതിബന്ധങ്ങൾ തരണം ചെയ്താണു് ഈ രൂപത്തിൽ ഗ്രന്ഥസൂചി പ്രസിദ്ധപ്പെടുത്തുന്നതെന്നുമാത്രം പ്രസ്താവിച്ചുകൊള്ളട്ടെ.

പലതും പല ദിക്കിൽനിന്നും അയച്ചിട്ടാണു് പുസ്തകങ്ങളുടെ കാർഡുകൾ തയ്യാറാക്കിയതു്. വളരെ ഗ്രന്ഥങ്ങൾ കൈകാര്യം ചെയ്യേണ്ടിവന്നതുകൊണ്ടും, പഴയ പുസ്തകങ്ങൾ പലതും ജീർണ്ണിച്ചും താളുകൾ നശിച്ചും പെരുമാറാൻ പറ്റാത്തവയായതുകൊണ്ടും വിവരങ്ങൾ ശേഖരിക്കുന്നതിൽ തെറ്റു പറ്റീട്ടുണ്ടാകാം. അച്ചടിയിൽ അവലംബിച്ച സങ്കീർണ്ണതകൾകൊണ്ടും, അച്ചടിയുടെ ഘട്ടത്തിലും വൈകല്യങ്ങൾ വന്നിട്ടുണ്ടാകാം.

എന്തൊക്കെ പരിമിതികളുണ്ടായാലും ഗവേഷണത്തിനും പഠനത്തിനും ഈ ഗ്രന്ഥം വലിയ സഹായം നല്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇത്തരം പ്രയത്നങ്ങളുടെ മഹത്വം ക്രമേണ പ്രബുദ്ധജനങ്ങൾക്കു ബോദ്ധ്യമാകുമെന്നും അവർ അതുപയോഗപ്പെടുത്തുമെന്നും നമുക്കു ആശിക്കാം. ഈ നിലയിലെങ്കിലും മലയാളഭാഷയ്ക്കു് ഒരു ഗ്രന്ഥസൂചി തയ്യാറാക്കി പ്രസിദ്ധപ്പെടുത്താൻ കഴിഞ്ഞതിൽ ഞങ്ങൾക്കു് അതിയായ സന്തോഷവും ചാരിതാർത്ഥ്യവും ഉണ്ടു്. ബന്ധപ്പെട്ട എല്ലാവർക്കും നന്ദി.

കേരളസാഹിത്യ അക്കാദമിക്കുവേണ്ടി

വി. കരുണാകരൻ നമ്പ്യാർ
പി. എ. സെയ്തുമുഹമ്മദു്
വെട്ടൂർ രാമൻനായർ
(കൺവീനർ)

Digitized By Kerala Sahitya Akademi

# അവതാരിക

മലയാള മുദ്രണകലയുടെ ആരംഭം മുതൽ 1970 വരെയുള്ള രണ്ടു നൂറാണ്ടുകളിൽ ഭാഷയിൽ പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകങ്ങളുമായി പരിചയപ്പെടാൻ സഹായിക്കുന്ന ആദ്യത്തെ ബൃഹത് ഗ്രന്ഥസൂചിയിൽ, നമ്മുടെ മുദ്രണ പ്രസിദ്ധീകരണ ശ്രമങ്ങളുടെ സംക്ഷിപ്തചരിത്രം ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കുമല്ലൊ.

അച്ചടിയന്ത്രം ആദ്യമായി ഭാരതത്തിലെത്തിയത് 1556 സപ്തമ്പർ ആറാം തിയ്യതിയാണെന്നു അനന്ത് കാകുബാ പ്രിയോൽക്കർ അഭിപ്രായപ്പെടുന്നു[1]. പ്രസ്സു സ്ഥാപിക്കപ്പെട്ടതു ഗോവയിലാണു്. ഗോവസ്സുലഭിച്ച അച്ചുകൂടം ഇന്ത്യസ്സുവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ലായിരുന്നുവത്രെ. അബിസീനിയയിലെ ജസ്വീറ് സഭാപ്രവർത്തനങ്ങൾക്കുവേണ്ടി പോർത്തുഗൽ രാജാവു് അയച്ച പ്രസ്സാണു ഗോവയിലെത്തിപ്പെട്ടതെന്നാണു് ജസ്വീറ് സഭാരേഖകളും മറുചരിത്ര പുസ്തകങ്ങളും പരിശോധിച്ച പണ്ഡിതന്മാർ കരുതുന്നതു്. അച്ചടിയന്ത്രം കൈകാര്യം ചെയ്യുന്നതിനും, അച്ചുകൾ നിർമ്മിക്കുന്നതിനും, മുദ്രണകലയിൽ വൈദഗ്ധ്യം നേടിയ മൂന്നുപേരെ, പോർത്തുഗലിൽനിന്നു പുറപ്പെട്ട മിഷ്യനറി സംഘത്തിൽ ഉൾപ്പെടുത്താൻ രാജാവു ശ്രദ്ധിച്ചിരുന്നു. അവരിൽ രണ്ടുപേർ വിദേശീയരും, ഒരാൾ ഭാരതീയനുമായിരുന്നു. ജോൺ ബുസ്തമന്തെ (Joao de Bustamante) ജോൺ ഗോൺസാൽവസ് എന്നിവരായിരുന്നു വിദേശീയർ. ഈശോ സഭാംഗങ്ങളും സ്പെയിൻകാരുമായിരുന്ന അവർ രണ്ടുപേരും. ഭാരതീയ മുദ്രണകലയുടെ ജനയിതാവായി ബുസ്തമന്തെയെ വിശേഷിപ്പിക്കുമ്പോൾ, "ഇന്ത്യയിലാദ്യമായി മലബാർ അച്ചുകൾ വാർത്ത" ദേഹമായി ജോൺ ഗോൺസാൽവസിനെ കരുതിവരുന്നു. അച്ചടിയന്ത്രവുമായി പോർത്തുഗലിൽനിന്നു പൗരസ്ത്യദേശത്തുവന്ന ഭാരതീയന്റെ പേരു ജസ്വീറ് സഭക്കാർ രേഖപ്പെടുത്തിയിട്ടില്ല. അതിസമർത്ഥനായ അച്ചടിക്കാരൻ (Habil impressor) എന്ന സൂചനമാത്രമേ അദ്ദേഹത്തെക്കുറിച്ചുള്ള രേഖകളിൽ കാണുന്നുള്ളു.

## ആദ്യത്തെ ഭാരതീയ പുസ്തകം

സപ്തമ്പർ ആറാം തിയ്യതിയാണു് പ്രസ്സു് ഗോവയിലെത്തിയതെന്നു സൂചിപ്പിച്ചുവല്ലൊ. ഒക്ടോബർ മദ്ധ്യത്തിൽ പ്രസ്സു് പ്രവർത്തിച്ചുതുടങ്ങി. നവമ്പർ ആറാം തിയ്യതിയോടടുത്തു ഒന്നാമത്തെ പുസ്തകം മുദ്രണം ചെയ്യപ്പെട്ടുവെന്നു് ജെ. ബി. പ്രിംറോസ് കരുതുന്നു[2]. ഏതാണീ പ്രഥമ പുസ്തകം? ഇന്ത്യയിലച്ചടിച്ച ഒന്നാമത്തെ പുസ്തകത്തെക്കുറിച്ചു പണ്ഡിതന്മാർ പല വിധത്തിലാണു പ്രതിപാദിച്ചിട്ടുള്ളതു്. ഗോവയിലെ സെൻറ് പോൾ കോളേജിലെ തത്വശാസ്ത്ര പ്രൊഫസ്സറായ അന്തോണിയോ ദികുവാദ്രോസിന്റെ (Antonio de Quadros) തത്വചിന്താപരമായ ചില തീസിസുകളാണു് ഗോവയിൽ

---

1 Priolkar, Anant Kakba. Printing Press in India Its begining and Early Development. Bombay, Marathi Samshodhan Mandal, 1958. P. 2.

2 Primrose, J. B. The First Press in India and its printers. The Library December, 1939.

Digitized By Kerala Sahitya Akademi

ആദ്യം മുദ്രണം ചെയ്തതെന്നു ഒരുകൂട്ടർ അഭിപ്രായപ്പെടുന്നു. എന്നാൽ തീസിസുകൾ (Conclusoes) പുസ്തക രൂപത്തിലായിരുന്നുവോ, അല്ല തുന്നിക്കെട്ടാത്ത താളുകളിലായിരുന്നുവോ എന്നതിനെക്കുറിച്ചു ഗവേഷകരുടെ ഇടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. പള്ളിയുടെ കവാടങ്ങളിൽ പതിക്കുവാൻ വേണ്ടിയാണു തീസിസുകൾ മുദ്രണം ചെയ്തതെന്നു സൂചിപ്പിക്കുന്ന ചരിത്രരേഖകൾ പരിശോധിച്ചതിനുശേഷം തീസിസുകൾ പുസ്തകരൂപത്തിലല്ലാ താളുകളിലായിരുന്നുവെന്നു പ്രിയോൽക്കർ അഭിപ്രായപ്പെടുന്നു. തിസീസുകളുടെ കോപ്പികൾ ഇന്നു ലഭ്യമല്ല.

വിശുദ്ധ ഫ്രാൻസിസ് സേവ്യർ പോർത്തുഗീസു ഭാഷയിലെഴുതിയ ഒരു വേദോപദേശം (Doctrina Christa) ആണ് ഗോവയിൽ, എന്തിനു ഭാരത ത്തിൽത്തന്നെ, ആദ്യമായി മുദ്രണം ചെയ്ത പുസ്തകം. 1557-ൽ ആണ് ഈ കൃതി അച്ചടിച്ചതു്. കുട്ടികളുടെ ആവശ്യത്തിനുവേണ്ടി രചിച്ച ഈ വേദോപദേശവും ഇന്നു കിട്ടാനില്ല. എന്നാൽ കൃതി മുദ്രണം ചെയ്യപ്പെട്ടിരുന്നുവെന്നു തെളിയിക്കുന്ന സമകാലിക രേഖകൾ ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്.

## അച്ചടി കേരളത്തിൽ

ഭാരതത്തിൽ ഇദംപ്രഥമമായി ഒരു പ്രസ്സ് സ്ഥാപിച്ചതു് ഗോവയിലാണെങ്കിലും, ഭാരതീയഭാഷകളിലൊന്നിൽ ആദ്യമായൊരു കൃതി മുദ്രണം ചെയ്തു പ്രകാശിപ്പിച്ചതു കേരളമാണ്. കൊച്ചി, വൈപ്പിക്കോട്ട, അമ്പഴക്കാട്ട, കൊല്ലം, എന്നിവിടങ്ങളിലാണ് ആദ്യത്തെ ഭാരതീയ പുസ്തകങ്ങൾ മുദ്രണം ചെയ്യപ്പെട്ടതു്. എന്നാൽ ഈ കേന്ദ്രങ്ങളിൽ മുദ്രണം ചെയ്യപ്പെട്ട പുസ്തകങ്ങൾ സൂക്ഷിച്ചുവെക്കുവാൻ സാധിക്കാത്തതുകൊണ്ടു്, ആദിമുദ്രണശ്രമങ്ങളെക്കുറിച്ചു വളരെക്കുറച്ചു വിവരങ്ങളേ ചരിത്രകാരന്മാക്കു രേഖരിക്കുവാൻ കഴിഞ്ഞിട്ടുള്ളു. "കൊച്ചിയിലും വൈപ്പിക്കോട്ടയിലുമായി ഉണ്ടായിരുന്ന രണ്ടു മുദ്രാലയങ്ങളിലായി അമ്പതിൽ കുറയാതെ പുസ്തകങ്ങൾ അച്ചടിച്ചിരിക്കുമെന്നാണ് സമകാലീനലക്ഷ്യങ്ങളിൽ നിന്നു ഊഹിക്കാവുന്നതു"[3] എന്നു പി. ജെ. തോമസ് രേഖപ്പെടുത്തുന്നുണ്ട്.

കേരളക്കരയിൽ ആദ്യം മുദ്രണം ചെയ്ത പുസ്തകമേതു്? അച്ചടിച്ചതെന്നു്? എവിടെ? എന്നീ കാര്യങ്ങളെക്കുറിച്ചു വളരെക്കാലത്തോളം വിവാദങ്ങൾ നടന്നിട്ടുണ്ട്. എന്തിനേറെ, ആദ്യകൃതി തമിഴ് ലിപിയിലോ, അല്ല മലയാളത്തിലോ മുദ്രണം ചെയ്യപ്പെട്ടതെന്നതിനെക്കുറിച്ചും സമീപകാലംവരെ വാദപ്രതിവാദങ്ങൾ നടന്നിരുന്നു. എന്നാൽ സോർബോൺ സർവ്വകലാശാലയിലും (1928) ഹാർവേർഡ് സർവ്വകലാശാലയിലും (1951) ആദിമുദ്രിതഗ്രന്ഥങ്ങളോരോന്നു പ്രദർശനത്തിയതോടെ ആദ്യകൃതി തമിഴിലാണെന്നുള്ളതു വ്യക്തമായി. എങ്കിലും മറ്റു കാര്യങ്ങളെക്കുറിച്ചു ഭിന്നാഭിപ്രായങ്ങളാണ് പണ്ഡിതന്മാക്കുള്ളതു്.

ഫ്രാൻസെസ് കോ സക്കീനി, ഫ്രാൻസിസ് ഡിസൂസ എന്നീ രണ്ടു ക്രൈസ്തവസഭാ ചരിത്രകാരന്മാരുടെ പഠനങ്ങളും നിഗമനങ്ങളുമാണ്, പശ്ചിമതീരത്തെ അച്ചടിയെക്കുറിച്ചു പിൽക്കാലത്തു ലേഖനങ്ങളെഴുതിയവക്കു മാർഗ്ഗദർശനം നല്കിയതു്. "1577-ൽ ജോൺ ഗോൺസാൽവസ് എന്നൊരു സ്പെയിൻകാരൻ 'മലബാർ' ലിപിയിലുള്ള അച്ചുകൾ നിർമ്മിക്കുകയും, അവ ഉപയോഗിച്ചു് ഇന്ത്യക്കാരുടെ ഉപയോഗത്തിനായി ഒരു കാറ്റിക്കിസം (catechism) അച്ചടിച്ചുവെന്നും

---

3 തോമസ്, പി. ജെ. മലയാളസാഹിത്യവും ക്രിസ്ത്യാനികളും. 2-ാംപതിപ്പു്. കോട്ടയം, 1961. പുറം 83.

Digitized By Kerala Sahitya Akademi

സക്കീനി രേഖപ്പെടുത്തിയിട്ടുണ്ട്".[4] ഡിസൂസ ഈ അഭിപ്രായത്തെ ആവർത്തിക്കുന്നുവെന്നു മാത്രമല്ലാ ഗോൺസാൽവസിന്റെ കഴിവുകളെ പ്രകീർത്തിക്കുകയും ചെയ്യുന്നു.[5] പി. ജെ. തോമസ് തന്റെ 'മലയാളസാഹിത്യവും ക്രിസ്ത്യാനികളും' എന്ന കൃതിയിൽ, ഗോൺസാൽവസ് ടൈപ്പുകൾ സജ്ജമാക്കിയതിനെക്കുറിച്ചും, കൊച്ചിയിൽ അച്ചടി നടന്നതിനെപ്പറ്റിയും പ്രതിപാദിച്ചിട്ടുണ്ട്. (ഏട് 81) ""ഇദ്ദേഹമാണ് സ്വദേശലിപികൾ ആദ്യമായി ഉണ്ടാക്കിയത്. ഇതു് ഉപയോഗിച്ചു് ആദ്യം ഗോവയിലെ പ്രസ്സിൽ അച്ചടിച്ചു. അടുത്തതന്നെ അവ കൊച്ചിയിൽ കൊണ്ടുവന്നു് അവിടെയും അച്ചടി നടന്നു." പക്ഷേ 1577-ൽ ഒരു പുസ്തകം അച്ചടിച്ചതായി അദ്ദേഹം സൂചിപ്പിക്കുന്നില്ല.

ഗോൺസാൽവസ് ഉണ്ടാക്കിയ അച്ചുകൾ തമിഴിലോ, മലയാളത്തിലോ എന്നതിനെക്കുറിച്ചു നടന്ന വാദപ്രതിവാദങ്ങളെപ്പറ്റി മുമ്പു സൂചിപ്പിച്ചുവല്ലോ. ആദ്യത്തെ തമിഴ് അച്ചുകൾ വാർക്കുകയും പൂർത്തീരത്തു 1578-ൽ ഒരു പ്രസ്സ് സ്ഥാപിക്കുകയും" ചെയ്ത ഫാ. ഫാരിയ (Joao da Faria) യെക്കുറിച്ചു ഫ്രാൻസിസ് ഡിസൂസ ചെയ്ത പരാമർശം വാദങ്ങളെ ശക്തിപ്പെടുത്തി. രണ്ടു ഭാഷകളിൽ മുദ്രണം ചെയ്യുന്ന രണ്ടു പ്രസ്സുകൾ തെന്നിന്ത്യയിൽ ഉണ്ടായിരുന്നുവെന്നു ഡിസൂസയെ ഉദ്ധരിച്ചുകൊണ്ടു പണ്ഡിതന്മാർ വാദിച്ചു. ഗോൺസാൽവസിന്റെ 'മലബാർ' ടൈപ്പുകൾ' മലയാള ലിപികളായിരുന്നുവെന്നായിരുന്നു വാദം. പതിനാറാം നൂറ്റാണ്ടിലെ പോർത്തുഗീസുകാർ തമിഴ് ഭാഷയെ സൂചിപ്പിക്കുവാൻ 'മലബാർ' എന്ന പദമുപയോഗിച്ചിരുന്നുവെന്നുള്ള വസ്തുത വിസ്മരിച്ചുകൊണ്ടാണ് അഭിപ്രായങ്ങൾ രൂപീകരിച്ചതു്. വളരെക്കാലം നിലനിന്ന ഈ വാദം അവസാനിച്ചതു് 1928-ൽ ഫാദർ റോബർട്ട സ്ടീറ, 1579-ൽ കൊച്ചിയിൽ മുദ്രണം ചെയ്ത ഒരു വേദോപദേശ (Doctrina Christa) ത്തിന്റെ പ്രതി പാരീസിലെ സോർബോൺ സർവ്വകലാശാലയിൽ കണ്ടെത്തിയപ്പോഴാണ്. ഈ കൃതിയെപ്പറ്റി ഫാദർ ജോർജ്ജ് ഷുർഹാമ്മർ, ഹാർവേഡ് ലൈബ്രറി ബുള്ളറിനിൽ[6] എഴുതിയ ഒരു ലേഖനത്തിൽ പ്രതിപാദിക്കുന്നുണ്ട്. ഷുർഹാമ്മരുടെ അഭിപ്രായം ഇങ്ങിനെ സംഗ്രഹിക്കാം. '-ഫാദർ മക്കോസ് ജോർജ്ജ് 1566-ൽ പ്രസിദ്ധീകരിച്ച ഒരു പോർത്തുഗീസ് കൃതിക്കു ഹെൻറിക്കച്ചൻ (Henrique Henriques) തയ്യാറാക്കിയ തമിഴ് പരിഭാഷയാണീ കൃതി. (ഹെൻറിക്കോസിന്റെ തമിഴ് കൃതി മക്കോസ് ജോർജ്ജ് പ്രസിദ്ധപ്പെടുത്തിയെന്നു പി. ജെ തോമസ്)[7] സംഭാഷണരീതിയിലുള്ള ഈ പുസ്തകത്തിൽ നമ്പറിടാത്ത നാലു താളുകളും (leaves) 112 നമ്പറിട്ട ഏടുകളുമുണ്ട്. പിൽക്കാലത്തു കണ്ടുകിട്ടിയ ഡോക്ട്രീനാ ക്രിസ്ത്താ (1578, കൊല്ലം) എന്ന കൃതിയുടെ രണ്ടാം പതിപ്പല്ല ഈ കൃതി". ഏതായാലും ഭാരതീയ ഭാഷകളിൽ ഇദംപ്രഥമമായി അച്ചടി നടന്നതു തമിഴ് ലിപിയിലാണെന്നു ഈ കൃതിയുടെ കണ്ടെത്തലും പഠനവും തെളിയിച്ചു.

ഇന്ത്യൻ ലിപികളിൽ ആദ്യമായി അച്ചടിച്ച പുസ്തകം എന്ന ബഹുമതി 1951 വരെ ഈ കൃതിക്കായിരുന്നു. എന്നാൽ അക്കൊല്ലം ജനുവരിയിൽ ഹാർവേഡ് ലൈബ്രറി മറ്റൊരു കൃതി വിലയ്ക്കുവാങ്ങി; 1578-ൽ കൊല്ലത്തു മുദ്രണം

---

4 Francesco Sacchini. Historica Societi
5 Francis de Souza. Oriente Conquist ado a Jesus Christo. Lisbon 1770 (Both quoted in A. K. Priyolkar's Printing Press in India)
6 Schurhammer, George and Cottrell, G. W. The First Printing in Indian characters. Harvard Library Bullettin, Vol 6, no 2. 1952
7 തോമസ്, പി. ജെ. മലയാളസാഹിത്യവും ക്രിസ്ത്യാനികളും. ഏട് 83.

Digitized By Kerala Sahitya Akademi

ചെയ്ത മറെറാരു ഡോക്ടീന. മുമ്പുരിച്ച ജോഷ്വാഷ്ർഹാമ്മറുടെ ഹാർവേഡ് ല�ൈബ്രറി ബുള്ളറിൻ ലേഖനം ഈ കൃതിയെക്കുറിച്ചുള്ള വിദഗ്ധവും സമഗ്രവുമായ പഠനമാണ്. കൃതിയുടെ അംഗപ്രത്യംഗവർണ്ണന തന്നെ ഷുർഹാമ്മർ നൽകിയിട്ടുണ്ട്. ഏട്ടുകളുടെ ചിത്രങ്ങളും ലേഖനത്തിൽ കാണാം. വിശുദ്ധസേവിയരുടെ പോർത്തുഗീസുഭാഷയിലുള്ള കൃതിയുടെവിവർത്തനമാണ്Doctrina Christa en lingua Malabar Tamil എന്ന കൊല്ലം കൃതി. ഫാദർ ഹെൻറിക്ക് ഹെൻറിക്കസും ഫാദർ മാനുവൽ സാൻപെദ്രോയും (Manual de Sao Pedro) ആണ് വിവർത്തകർ. ആകെ പതിനാറു ഏട്ടുകളാണ് പുസ്തകത്തിലുള്ളത്. 1578 ഒക്ടോബർ 20-ാം തിയ്യതി കൊല്ലത്തു് 'ദിവ്യരക്ഷകന്റെ കലാലയത്തിൽ' അച്ചടിച്ചതെന്നു രണ്ടാംപേജ് വ്യക്തമാക്കുന്നു. അച്ചടിക്കുപയോഗിച്ച അച്ചുകളെക്കുറിച്ചുള്ള സൂചനകൾ പതിനാറാം പേജിൽ കാണാം. ആദ്യത്തെ 8 വരികൾ "1577-ൽ ഗോവയിൽ നിർമ്മിച്ചതു്" എന്നും തമിഴിലും പോർത്തുഗീസിലും രേഖപ്പെടുത്തിയിരിക്കുന്നു. തുടർന്നുള്ള വരികൾ "1578-ൽ കൊല്ലത്തു നിർമ്മിച്ചതു്" എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഗോവയിൽ കൊത്തിയ അച്ചുകൾ ജോൺ ഗോൺസാൽവസിന്റെ സംഭാവനയും, കൊല്ലത്തുണ്ടാക്കിയ ലിപികൾ ഫാദർ ഫരിയായുടെ പരിശ്രമസന്തതികളുമാണെന്നു പ്രിയോൽക്കരെപ്പോലെയുള്ളവർ അഭിപ്രായപ്പെടുന്നു[8].ഏതായാലും ഭാരതീയഭാഷകളിലൊന്നിന്റെ ലിപികളുപയോഗിച്ച് അച്ചടിച്ചിട്ടുള്ള പുസ്തകത്തിന്റെ ഏറെറവും പഴയ മാതൃകയായി, ഒരേ ഒരു മാതൃകയായി അവശേഷിക്കുന്ന കൃതി ഹാർവേർഡിലുള്ള പുസ്തകമാണ്. ഭാരതീയ ഭാഷകളിലാദ്യമായി അച്ചടിനടന്നതു തമിഴിലാണെന്നും, അച്ചടിച്ചതു 1578-ൽ കൊല്ലത്തുവെച്ചാണെന്നും, അനുമാനിക്കാം.

കൊല്ലത്തെ അച്ചടിശാലയാണ് പിന്നീടു കൊച്ചിയിൽ മാററിസ്ഥാപിച്ചതെന്നാണ് ചിലരുടെ അഭിപ്രായം.

## വൈപ്പിക്കോട്ടയും അമ്പഴക്കാടും

കേരളക്കരയിലെ ആദിമുദ്രണാലയങ്ങളുടെ ചരിത്രം കുറിക്കുമ്പോൾ വിസ്മരിക്കാനാവാത്ത മറു രണ്ടു സ്ഥലങ്ങളാണ് വൈപ്പിക്കോട്ടയും അമ്പഴക്കാടും. ജസ്വീററ് സഭക്കാർ വൈപ്പിക്കോട്ടയിൽ ആസ്ഥാനമുറപ്പിച്ചതു് 1580-ൽ ആണ്. 1587-ൽ അവിടെ അവർ ഒരു കോളേജും സ്ഥാപിച്ചു. സുറിയാനി ക്രിസ്ത്യാനികൾ ഉപയോഗിച്ചിരുന്ന ആരാധനാപുസ്തകങ്ങളെ (Liturgical books) പരിഷ്കരിക്കുന്ന കൃത്യത്തിൽ ജസ്വീറു സഭക്കാർ പങ്കെടുത്തിരുന്നു. ഈ കൃത്യനിർവ്വഹണത്തിനുവേണ്ടി അന്നത്തെ മാർപ്പാപ്പ ക്ലമൻറ് എട്ടാമൻ കൽദായ അക്ഷരങ്ങളും ഒരു പ്രസ്സും വൈപ്പിക്കോട്ടയിലെത്തിച്ചു കൊടുത്തു. 1602-ൽ പ്രസ്സ് സ്ഥാപിക്കപ്പെട്ടു. റോമൻ ആരാധനാക്രമത്തിന്റെയും, തക്സായിലുൾപ്പെട്ട ചില പ്രാർത്ഥനകളുടേയും ആശിർവാദങ്ങളുടേയും (Excorcisms and Blessings in the Missal) പരിഭാഷയായിരുന്നുവത്രെ അവിടെ അച്ചടിച്ച ആദ്യത്തെ പുസ്തകം.[9] കൽദായ സുറിയാനിയിൽ രചിക്കപ്പെട്ട ഈ കൃതിയിൽ മലയാള ടിപ്പണിയുമടങ്ങിയിരുന്നു; ടിപ്പണി സുറിയാനി ലിപിയിലായിരുന്നുവെന്നുമാത്രം.

അമ്പഴക്കാട്ടാണ് അടുത്ത പ്രസ്സ് സ്ഥാപിക്കപ്പെട്ടതു്. വൈപ്പിക്കോട്ട, കൊച്ചി എന്നിവിടങ്ങളിലെ പ്രസ്സുകളേക്കാൾ കൂടുതൽ പേരും പ്രശസ്തിയും നേടി

---

8 Prioalkar, A. K. Printing Press in India. P II

9 Rhodes, Dennis. The Spread of Printing in India, Pakistan, Ceylon Burma and Thailand, ed. by Colin Clair. Amsterdam, 1969. P. 15

Digitized By Kerala Sahitya Akademi

യതു അമ്പഴക്കാട്ടെ മുദ്രണാലയമാണെന്നു ഡെന്നിസ് റോഡ്സ് കരുതുന്നു.[10] ഫാദർ അന്തോണി ഡി പ്രിൻസാ (Anthony de Provence of Madurai Mission) സമാഹരിച്ച തമിഴ് പോർത്തുഗീസ് നിഘണ്ടു ആണ് അമ്പഴക്കാട്ടു മുദ്രണം ചെയ്ത (1679) ആദ്യത്തെ പുസ്തകം. നിഘണ്ടു മുദ്രണത്തിനുവേണ്ട "യത്നങ്ങളെല്ലാം നിർവ്വഹിച്ചതു മലയാളത്തുകാരനായ ഇഞാസി അയ്ച്ചാമണി (Ignatius Aaichamoni) എന്നൊരാൾ ആയിരുന്നുവെന്നു പൗലിനോസു പാതിരി പറയുന്നു" എന്നു പി. ജെ. തോമസ് രേഖപ്പെടുത്തിയിട്ടുണ്ട്. അയ്ച്ചാമണി മരത്തിൽ കൊത്തിയ തമിഴ് അക്ഷരങ്ങൾ കൊണ്ടാണ് നിഘണ്ടു അച്ചടിച്ചതു്. "മലയാളത്തിലെ തനതു ലിപികളിൽ ഒരു ഗ്രന്ഥം അഭിനവമായി മുദ്രണം ചെയ്യപ്പെട്ടതു് അവിടെ വെച്ചാണെന്നും, അതു പ്രസ്തുത ശതാബ്ദത്തിന്റെ (17-ാം നൂറ്റാണ്ടു്) ഉത്തരാർദ്ധത്തിൽ ആയിരുന്നുവെന്നു വിചാരിപ്പാൻ വഴിയുണ്ടെന്നും പി. ജെ. തോമസ് അഭിപ്രായപ്പെടുന്നുണ്ടെങ്കിലും അമ്പഴക്കാട്ടെ മലയാളമച്ചടിയുടെ മാതൃകയൊന്നും കണ്ടുകിട്ടിയിട്ടില്ല.

പശ്ചിമതീരത്തെ അച്ചടിയുടെ സമ്പൂർണ്ണ ചരിത്രം ഇതുവരെ രചിക്കപ്പെട്ടിട്ടില്ല. ആദിമുദ്രിത ഗ്രന്ഥങ്ങളുടെ ദൌർലഭ്യമാണ് ഗവേഷണത്തിനു വിലങ്ങു തടിയായി നിൽക്കുന്നതു്.

## മലയാളത്തിലെ അച്ചടി

ഭാരതത്തിലെ ആദ്യകാല പ്രസ്സുകൾ കേരളത്തിലായിരുന്നിട്ടും, അച്ചടി നടന്നതു തമിഴ്, സുറിയാനി ലിപികളിലാണെന്നു നാം കണ്ടുവല്ലൊ. ലഭിച്ചേടത്തോളം തെളിവുകളിൽനിന്നു മലയാള ലിപികൾ ഉപയോഗിച്ചു ആദ്യമായി മുദ്രണം നടത്തിയതു് ആംസ്റ്റർഡാം (ഹോളണ്ടു്) നഗരമാണു്. ഹോർത്തൂസ് മലബാറിക്കൂസ് എന്ന സസ്യശാസ്ത്രകൃതി അവിടെവെച്ചാണല്ലൊ മുദ്രണം ചെയ്യപ്പെട്ടതു്. 1685-ാ മാണ്ടു മുതൽ പ്രസിദ്ധീകരണമാരംഭിച്ച ഈ കൃതിയിലുള്ള മലയാള ലിപികൾ ഒരു പ്രസ്താവനയിലും ചില ഔഷധസസ്യനാമങ്ങളിലുമായി ഒതുങ്ങി നിൽക്കുന്നതുകൊണ്ടു് ഒരു മലയാള പുസ്തകമായി ഹോർത്തൂസിനെ അംഗീകരിക്കാൻ പാടില്ല.

## സംക്ഷേപവേദാർത്ഥം (1772)

മലയാള ലിപികൾമാത്രമുപയോഗിച്ച ഒരു മലയാള പുസ്തകം ഇദംപ്രഥമമായി അച്ചടിച്ചതു 1772-ൽ ആണു്. കേരളീയ കത്തോലിക്കരുടെയിടയിൽ കനോന്തി എന്ന അരുമനാമത്തിലറിയപ്പെടുന്ന 'നസ്രാണികൾക്കെല്ലാം അറിയേണ്ടുന്ന സംക്ഷേപവേദാർത്ഥം' (Compendiosa Legis explicatio omnibus Christianis sciti neccassaria) എന്ന ക്ലമൻറ് പിയാനീയൂസ് പാതിരിയുടെ ക്രിസ്തുമത കൃതിയാണു് മലയാളത്തിലെ ആദ്യത്തെ അച്ചടിച്ച കൃതിയായി അംഗീകരിക്കപ്പെട്ടിട്ടുള്ളതു്. ഭാരതത്തിലെ ആദിമുദ്രണാലയങ്ങൾ സ്ഥാപിക്കപ്പെട്ടതു കേരളക്കരയിലായിരുന്നിട്ടും, മലയാളത്തിലെ ആദ്യകൃതിയും, 18-ാം നൂറ്റാണ്ടിന്റെ സന്തതികളെന്നു കരുതിവരുന്ന മറ്റു പുസ്തകങ്ങളും അച്ചടിക്കുവാനുള്ള ഭാഗ്യം റോമിനാണു് ലഭിച്ചതു്. എന്നാൽ ബോംബെ നഗരത്തിലെ ക്യൂരിയർ പ്രിൻറിങ്ങ് ആഫീസിൽ, പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ മലയാളം ടൈപ്പുകളുണ്ടായിരുന്നുവെന്നു ചില രേഖകളിൽ കാണുന്നുണ്ടു്. ഇക്കാര്യം പിന്നീടു വിശദമാക്കാം.

---

10 Ibid. P 16

Digitized By Kerala Sahitya Akademi

പതിനെട്ടാം ശതകത്തിൽ മുദ്രണംചെയ്ത മറ്റു രണ്ടു കൃതികൾകൂടി മലയാ ളഗ്രന്ഥസൂചിയിൽ കാണാം. തനി മലയാള കൃതിയായ സംക്ഷേപവേദാർത്ഥ ത്തിനു പുറമെ, അതേ ആണ്ടിൽ റോമിൽത്തന്നെ അച്ചടിച്ച ഒരു ലത്തീൻ കൃതി യും, 1791-ൽ റോമിൽ മുദ്രണംചെയ്ത ഒരു പഴഞ്ചൊൽ സമാഹാരവുമാണ് അവ. 'ആൽഫബറാറിക്കം ഗ്രന്ഥോനിക്കോ മലബാറിക്കം' എന്ന ശീർഷകത്തി ലുള്ള ലത്തീൻ കൃതിയുടെ കർത്താവ് ക്ലമൻറ് പാതിരി തന്നെയാണ്. മലയാള ലിപിയെ പാശ്ചാത്യ ലോകത്തിനു് ആദ്യമായി പരിചയപ്പെടുത്തിക്കൊടുത്ത കൃതിയെന്നനിലയ്ക്ക് ആൽഫബറാറിക്കം പ്രാധാന്യമർഹിക്കുന്നു. മാത്രമല്ല, ആ കൃതിയുടെ അവതാരിക, 1772-ലെ മലയാള മുദ്രണശ്രമങ്ങളെക്കുറിച്ചുള്ള വിവര ണങ്ങളും നൽകുന്നുണ്ടല്ലോ. 1791-ലെ പഴഞ്ചൊൽ സമാഹാരത്തെ ലത്തീൻ-മലയാള കൃതിയെന്നു വിശേഷിപ്പിക്കുകയായിരിക്കും കൂടുതൽ ഉചിതം. Centum Adagia Malabaricum cum textu originali et versione Latina എന്ന ശീർഷകത്തിലുള്ള ഈ ലഘുകൃതിയിൽ, പേരുസൂചിപ്പിക്കുന്നതുപോലെ, നൂറു മലയാള പഴഞ്ചൊല്ലുകളുടെ മൂലവും, അതിന്റെ ലത്തീൻ വിവർത്തനങ്ങളുമടങ്ങി യിരിക്കുന്നു. മലയാള ചൊല്ലുകൾ മുദ്രണം ചെയ്തിട്ടുള്ളതു മലയാള ലിപിയിൽ ത്തന്നെയാണ്. പൗലീനോസ് പാതിരിയാണ് കൃതിയുടെ സമാഹർത്താവ്. പുസ്തകത്തിന്റെ ഒരു പ്രതി കല്ക്കത്തയിലെ നാഷനൽ ലൈബ്രറിയിലെ അപൂർവ്വ ഗ്രന്ഥശേഖരത്തിലുണ്ട്. സംക്ഷേപവേദാർത്ഥമുദ്രണത്തിനുപയോഗിച്ച ചതുര വടിവിലുള്ള അച്ചുകൾ തന്നെയാണ് പഴഞ്ചൊൽ സമാഹാരത്തിലുംകാണുന്നതു്. മേലുദ്ധരിച്ച മൂന്നു റോമാകൃതികൾക്കു പുറമെ മറ്റു പുസ്തകങ്ങളൊന്നും കണ്ടുകിട്ടി യിട്ടില്ല. 1772-നും 1791-നും മിടയ്ക്കും, അതിനുശേഷവും ഏതാനും കൃതികൾ റോമിൽ നിന്നു പ്രകാശനം ചെയ്തിട്ടുണ്ടാവില്ലേ ? പശ്ചിമ യൂറോപ്പിലെ സെമി നാരികളും പഴയ ഗ്രന്ഥശാലകളും സൂക്ഷ്മമായി പരിശോധിച്ചാൽ, ഒരു പക്ഷേ വല്ല കൃതികളും കണ്ടുകിട്ടിയേക്കാം.

## കൂരിയർ പ്രിൻറിംഗ് ആഫീസ്സ്

ബോംബെ നഗരത്തിലെ കൂരിയർ പ്രസ്സിൽ പതിനെട്ടാം നൂറ്റാണ്ടിൽത്ത ന്നെ മലയാളം ടൈപ്പുകളുണ്ടായിരുന്നുവെന്നു മുമ്പു പ്രസ്താവിച്ചുവല്ലൊ. ബഹുഭാ ഷാ മുദ്രണത്തിലേർപ്പെട്ട ആദിമുദ്രണാലയങ്ങളിലൊന്നാണ് കൂരിയർ പ്രസ്സ്. മലയാള മുദ്രണചരിത്രത്തിൽ പ്രസ്സിനൊരു പ്രധാന സ്ഥാനവുമുണ്ട്. കാരണം, മലയാളത്തിലെ മൂന്നാമത്തെ ആദിമുദ്രിതഗ്രന്ഥം അവിടെയാണ് അച്ചടിച്ചതു്. 1811-ൽ പ്രസിദ്ധീകരിച്ച പുതിയനിയമ (The New Testament of our Lord and Saviour Jesus Christ) മാണ് ആ കൃതി. പുതിയ നിയമ മുദ്രണത്തിനുവേ ണ്ടി ഒരു കേരളീയനെ ബൈബിൾ പരിഭാഷയുടെ മേൽനോട്ടം വഹിച്ച ഡോ. ബുക്കാനൻ ബോംബെയിലേയ്ക്കു കൊണ്ടുപോയിരുന്നല്ലൊ. എന്നാൽ പുതിയ നിയമം അച്ചടിക്കുന്നതിനു് ഒരു ദശകം മുമ്പുതന്നെ കൂരിയർ പ്രസ്സിൽ മലയാളം അച്ചുകളുണ്ടായിരുന്നുവെന്നു് ഇംഗ്ലീഷിലുള്ള ഒരു മലയാള വ്യാകരണകൃതിയുടെ കർത്താവായ റോബർട്ട ഡ്രമണ്ടു് രേഖപ്പെടുത്തിയിട്ടുണ്ടു്.[11] "മലയാള ലിപികൾ കൊത്തിയുണ്ടാക്കിയതു്, കൂരിയർ പ്രസ്സിലെ ഒരു ജോലിക്കാരനായ ജീജിഭായ് ഛാപ്ഘർ എന്ന പാർസിയാണു്. ജീജിഭായിയുടെ സൃഷ്ടിപരമായ നേട്ടങ്ങ

---

11. Drummond, Robert. Grammar of the Malabar Language. Bombay, Courier Printing Office. 1799. (പുസ്തകത്തിന്റെ ഒരു കോപ്പി നാഷനൽ ലൈ ബ്രറിയിലുണ്ട്)

Digitized By Kerala Sahitya Akademi

ളിൽ സന്തുഷ്ടനായ ഡ്രമണ്ടു സായ്വ്, തന്റെ കൃതി ബിലാത്തിക്കയച്ച് അച്ചടിക്കുന്നതിനു പകരം, കൂരിയർ പ്രസ്സിനു നൽകി. ഡോ. ഡ്രമണ്ടിന്റെ വാചകങ്ങൾ ഇവിടെ പകർത്തട്ടെ: "on my arrival in Bombay, however, I had the satisfaction to find a font of types in the Malabar Character, executed in an exceptionable manner by Bheramjee Jeejebhoy, a Parsi inhabitant of this place, the ingenious artist who without any other help or information other than what he gleaned from Chambers Dictionary of arts and sciences succeeded in completing a font of Guzzeraty types a few years ago, has on this occassion again displayed his genious··· of which the subsequent work is a sufficient testimony" (അവതാരിക). കോഴിക്കോട്ടെ പടിപ്പുരവീട്ടിൽ പണ്ടാരം രാമസ്വാമിയാണ് വ്യാകരണത്തിന്റെ അവസാനത്തെ അച്ചു നിരത്തിയതെന്നു(975 ധനു മൂന്നാംതിയ്യതി) പുസ്തകത്തിന്റെ മുദ്രണക്കുറിപ്പിൽ (colophon) രേഖപ്പെടുത്തിയിട്ടുണ്ട്. ഡ്രമണ്ടിന്റെ പ്രസ്താവനകളും, മലബാർ വ്യാകരണത്തിന്റെ മുദ്രണവും ഒരു കാര്യം വ്യക്തമാക്കുന്നു. കൂരിയർ പ്രസ്സിൽ പതിനെട്ടാം ശതകത്തിന്റെ അന്ത്യദശകത്തിൽ മലയാള ലിപികളും, അവ കൈകാര്യം ചെയ്യാൻ ഒരു കോഴിക്കോട്ടുകാരനുമുണ്ടായിരുന്നു; ആ സ്ഥിതിയ്ക്ക് 1811-ലെ പുതിയ നിയമത്തിനു മുമ്പുതന്നെ എന്തായാലും പുസ്തകങ്ങൾ ബോംബെ നഗരത്തിൽ നിന്നു പ്രകാശനം ചെയ്തിട്ടുണ്ടാവണ്ടേ? കൂടുതൽ ഗവേഷണവും അന്വേഷണവും അർഹിക്കുന്ന വിഷയമാണിതു്.

## കേരളത്തിൽനിന്നുള്ള മലയാള മുദ്രണം

കേരളക്കരയിൽ വെച്ചു നടന്ന മലയാളേതര മുദ്രണ ശ്രമങ്ങളെക്കുറിച്ചും, കേരളത്തിനു വെളിയിൽ നടന്ന മലയാളം അച്ചടിയെക്കുറിച്ചുമാണല്ലൊ ഇതുവരെ പ്രതിപാദിച്ചതു്. കേരളത്തിൽനിന്നുതന്നെ മലയാളപുസ്തകങ്ങൾ അച്ചടിക്കുവാൻ ആരംഭിച്ചതു കോട്ടയത്തെ ചർച്ച് മിഷ്യൻ സൊസൈറ്റി പ്രസ്സിന്റെ ആഭിമുഖ്യത്തിലാണു്. സി. എം. എസ്. പ്രസ്സിന്റെ സ്ഥാപനത്തെക്കുറിച്ചും മലയാള ലിപി നിർമ്മിക്കുവാൻ നിഘണ്ടുകാരനും മിഷനറിയുമായ ബഞ്ചമിൻ ബെയ്ലി നടത്തിയ ശ്രമങ്ങളെക്കുറിച്ചും ഇവിടെ വിസ്തരിച്ചു പ്രതിപാദിക്കുന്നില്ല.[12] ബെയ്ലി നിർമ്മിച്ച അച്ചുകളുപയോഗിച്ചു് 1829-ൽ മുദ്രണംചെയ്ത പുതിയ നിയമപരിഭാഷയാണു് സി. എം. എസ്സിന്റെ ആദ്യകൃതി. അന്നുവരെ നിലവിലുണ്ടായിരുന്ന ചതുരവടിവിലുള്ള അക്ഷരങ്ങൾ ഉപേക്ഷിച്ചു് ആധുനിക ടൈപ്പുകൾ മലയാളത്തിൽ അവതരിപ്പിച്ചതു ബെയ്ലിയാണു്. 1834-ൽ തിരുവനന്തപുരത്തു സർക്കാർ അച്ചുകൂടം സ്ഥാപിക്കുന്നതുവരെ ഗവർമ്മെണ്ടിന്റെ മുദ്രണജോലികൾ സി. എം. എസ്സ്. പ്രസ്സാണു് നടത്തിയതെന്നും ഇവിടെ പ്രസ്താവിക്കട്ടെ

പിന്നീടു മാന്നാനത്തു സെൻറ് ജോസഫ്സ് പ്രസ്സും (1844), തലശ്ശേരി സ്കൂസമീപം ഇല്ലിക്കുന്നിൽ (1846) ഹെർമ്മൻ ഗുണ്ടർട്ടിന്റെ ലിത്തോ പ്രസ്സും നിലവിൽവന്നു. ഗുണ്ടർട്ടിന്റെ പ്രവർത്തനം മംഗലാപുരത്തേയ്ക്കു മാറ്റിയപ്പോൾ അച്ചുകൂടവും അവിടത്തേക്കു മാറ്റി. ആ മുദ്രണാലയമാണു് വിഖ്യാതമായ ബാസൽ മിഷ്യൻ പ്രസ്സ്. ക്രിസ്തുമത കൃതികൾക്കു പുറമെ, ഭാഷയിലെ ആദ്യകാല വ്യാകരണങ്ങളും നിഘണ്ടുക്കളും പ്രകാശനം ചെയ്തതു് കോട്ടയത്തേയും മംഗലാപുരത്തേയും മിഷ്യൻ പ്രസ്സുകളാണു്. നാഗർകോവിൽ കേന്ദ്രമാക്കി പ്രവർത്തനം

---

12 കൂടുതൽ വിവരങ്ങൾക്കു കോട്ടയം പബ്ലിക്ക് ലൈബ്രറി സോവനീർ, 1967, ഏടുകൾ 51—56 കാണുക.

Digitized By Kerala Sahitya Akademi

നടത്തിയിരുന്ന ലണ്ടൻ മിഷ്യന്റെ സഹായത്തോടെ 1834-ൽ തിരുവിതാംകൂർ മഹാരാജാവ് തിരുവനന്തപുരത്ത് സർക്കാർ അച്ചുകൂടം സ്ഥാപിച്ചതും നമ്മുടെ മുദ്രണചരിത്രത്തിലെ പ്രധാനമായൊരു സംഭവമാണ്. ശ്രീമൂലം ഗ്രന്ഥാവലിയിലുള്ള പുസ്തകങ്ങളുടക്കം പല പ്രാചീന കൃതികളും അച്ചടിച്ചതു സർക്കാർ അച്ചുകൂടത്തിലാണല്ലൊ.

## പ്രസിദ്ധീകരണശാലകളുടെ ഉദയം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ സ്ഥാപിക്കപ്പെട്ട പ്രസ്സുകളുടെ മുഖ്യലക്ഷ്യം മതപ്രചരണമായിരുന്നു. അക്കാലത്തു അച്ചടി തൊഴിലൊ, വ്യവസായമൊ ആയിരുന്നില്ല. ലാഭേച്ഛയോടെ മുതൽ മുടക്കി പ്രസ്സുകൾ സ്ഥാപിച്ച് സാഹിത്യകൃതികൾ പ്രകാശനം ചെയ്യാൻ കേരളീയർ മുതിർന്നതോടെയാണ് നമ്മുടെ പ്രസിദ്ധീകരണശാലകൾ രംഗത്തു വന്നതു്. അങ്ങനെ സ്ഥാപിക്കപ്പെട്ട ആദ്യത്തെ പ്രസിദ്ധീകരണശാലയായി 1853-ൽ[13] തിരുവനന്തപുരത്തു പ്രവർത്തനമാരംഭിച്ച കേരളവിലാസം പ്രസ്സിനെ കണക്കാക്കാം. ജനപ്രീതിയാർജ്ജിച്ചു കഴിഞ്ഞ ക്ലാസിക്കു കൃതികൾക്കു (ആട്ടക്കഥകളും തുള്ളൽക്കഥകളും മറ്റും) പുറമെ സമകാലിക സാഹിത്യകാരന്മാരുടെ കൃതികളും കേരളവിലാസം പ്രസിദ്ധീകരിച്ചിരുന്നു. ഇവരിൽ കേരളവർമ്മ വലിയ കോയിത്തമ്പുരാനും ഇരയിമ്മൻ തമ്പിയും കുട്ടിക്കുഞ്ഞിതങ്കച്ചിയും സാധാരണക്കാരായ പാച്ചുപിള്ളയും (ഗൗണാമഗോത്സവം 1882) പി. ഗോവിന്ദപിള്ളയും (വീരമാർത്താണ്ഡവർമ്മ ചരിത്രം ആട്ടക്കഥ, 1884) ദാമോദരൻ കർത്താ (ഇന്ദുമതീസ്വയംവരം 1880)വും ഉൾപ്പെടുന്നു. ഭാഷയിലെ ആദ്യത്തെ സാഹിത്യചരിത്രം പ്രസിദ്ധീകരിച്ചതും കേരളവിലാസമാണല്ലൊ.

കാളഹസ്തിയപ്പ മുതലിയാർ കോഴിക്കോട്ടു തുടങ്ങിയ വിദ്യാവിലാസം (1860) ശ്രദ്ധേയമായ മറ്റൊരു പരീക്ഷണമാണ്. രാമായണ ഭാരതാദികളായ കൃതികളും കുഞ്ചൻ നമ്പ്യാരുടെ തുള്ളൽക്കഥകളും ഏകാദശി മാഹാത്മ്യവും കുരിയാറപ്പാട്ടും മറ്റും വിദ്യാവിലാസത്തിന്റെ പ്രസിദ്ധീകരണങ്ങളിൽപ്പെടുന്നു. ചെറുവലത്തു ചാത്തുനായർ (വല്ലീസ്വയംവരം ഓട്ടംതുള്ളൽ (1875) തേനാത്തെ ചീതോമ്മമ്മ (രാസക്രീഡ തുള്ളൽ 1881) മാനവിക്രമൻ ഏട്ടൻ രാജ തുടങ്ങിയ ഉത്തരകേരളീയരായിരുന്നു വിദ്യാവിലാസത്തിന്റെ ഗ്രന്ഥകാരന്മാർ. "കാളിയപ്പ മുതലിയാരുടെ മകൻ അരുണാചലം മുതലിയാർ പല ഗ്രന്ഥങ്ങൾ വരുത്തി തമ്മിൽ നോക്കിക്കുകയും തുക്കണ്ടിയുരു ഗോവിന്ദപ്പിഷാരടി, പുന്നപുരത്തു കൃഷ്ണപിള്ള എന്നിവരെക്കൊണ്ടു തെറ്റുതീർപ്പിക്കുകയും ചെയ്ത ഒരു മഹാഭാരതം പാട്ട്" കല്ക്കത്തയിലെ നാഷനൽ ലൈബ്രറിയിലുണ്ട്. ഈ കൃതി (ഗ്രന്ഥസൂചിയിലെ 1995 ഇനം) പ്രകാശനം ചെയ്തതു 1862-ൽ മഞ്ചേരിയിൽ വെച്ചാണ്. വിദ്യാവിലാസത്തിനു മഞ്ചേരിയിലും ശാഖയുണ്ടായിരുന്നുവോ?

വിദ്യാവിലാസത്തോടു മത്സരിച്ചെന്നോണം പുസ്തകം പ്രസാധനം ചെയ്ത മറ്റൊരു ആദ്യകാല പ്രസിദ്ധീകരണശാലയാണ് കൊച്ചിയിലെ സെന്തോമാസച്ചുകൂടം. ഗ്രന്ഥങ്ങളും പാട്ടുകളും മറ്റും തന്നെയാണ് കൊച്ചിയിൽനിന്നു പ്രസിദ്ധീകരിച്ചതു്. 1865-ൽ ദേവ്ജി ഭീമ്ജി സ്ഥാപിച്ച കേരളമിത്രം പ്രസ്സിനു പുറമെ വെസ്റ്റേൺ സ്റ്റാർ എന്നൊരു പ്രസ്സും കൊച്ചിയിലുണ്ടായിരുന്നു. ദേവീ മാഹാത്മ്യം, ഹസ്തോപദേശം തുടങ്ങിയ ഏതാനും കൃതികൾ കൊച്ചിയിലെ വെസ്റ്റേൺ സ്റ്റാർ പ്രസ്സ് മുദ്രണം ചെയ്തിട്ടുണ്ട്.

---

13 വിശ്വവിജ്ഞാനകോശം, വാല്യം 1 പേജ് 124.

Digitized By Kerala Sahitya Akademi

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യദശകളിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി നിലനിന്ന മറ്റുപ്രധാനപ്പെട്ട മുദ്രണ—പ്രസാധന സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണു്:—

| | |
|---|---|
| കുന്നംകുളം | വിദ്യാരത്നപ്രഭ |
| കൊച്ചി | ഗോശ്രീമുദ്രണം |
| കൊല്ലം | വിദ്യാഭിവർദ്ധിനി (എസ്. ററി. റെഡ്യാർ) |
| | കേരളരത്നം |
| കോട്ടയം | മലയാളമനോരമ |
| കോഴിക്കോട് | മലബാർ ട്രാവൻക്കൂർ സ്റ്റേററർ പ്രസ്സ്, |
| | കേളപ്പൻ അച്ചുക്കൂടം |
| തലശ്ശേരി | വിദ്യാർത്ഥിസന്താനം |
| തിരുവനന്തപുരം | കമലവിലാസം, കേരളോദയം, |
| | ട്രാവൻക്കൂർപ്രസ്സ്, ഗവർമ്മെണ്ടു്പ്രസ്സ് |
| തൃശ്ശൂർ | കേരളകല്പദ്രുമം |
| നാദാപുരം | ജനരഞ്ജിനി |
| പട്ടാമ്പി | വിജ്ഞാനചിന്താമണി |
| പാലക്കാടു് | കൃഷ്ണമേനോന്റെ പ്രസ്സു് |
| വരാപ്പുഴ | മെത്രാപ്പൊലിത്ത |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളെയെല്ലാം ഇന്നത്തെ അർത്ഥത്തിൽ പ്രസിദ്ധീകരണശാലകളായി കണക്കാക്കാമോ എന്നു നിശ്ചയമില്ല. വില്പനയും മുദ്രണവും പ്രസാധനവും എല്ലാം കൈകാര്യം ചെയ്തിരുന്ന പ്രാദേശിക സ്ഥാപനങ്ങളായിരുന്നു ഇവയിൽ ഭൂരിപക്ഷവും. അതാതിടത്തെ സാഹിത്യകാരന്മാരുടെ കൃതികൾ പ്രകാശനം ചെയ്യാൻ അവ സഹായിച്ചിരിക്കണം. അന്നു എഴുത്തുകാരുടെ സംഖ്യ പരിമിതവുമായിരുന്നു.

## ഭാരതവിലാസം

മലയാളപ്രസിദ്ധീകരണത്തിന്റെ അടുത്തഘട്ടം ആരംഭിക്കുന്നതു് തൃശ്ശൂരിൽ ഭാരതവിലാസവും, തിരുവനന്തപുരത്തു ബി. വി. ബുക്ക്ഡിപ്പോയും ആരംഭിക്കുന്നതോടുകൂടിയാണു്. നമ്മുടെ ആദ്യത്തെ സംഘടിത പ്രസിദ്ധീകരണശാലയെന്നു ഭാരതവിലാസത്തെ വിശേഷിപ്പിക്കുന്നതിൽ തെററില്ല. ഈ സ്ഥാപനത്തിന്റെ പ്രാരംഭദിവസം (1080 ചിങ്ങം 28) കൂടിയ സഭയുടെ നടപടികളും, അന്നവിടെ വായിക്കപ്പെട്ട മംഗളാശംസാശ്ലോകങ്ങളും അടങ്ങിയ 'ഭാരതവിലാസം മണിപ്രവാള ശതകം' (ഗ്രന്ഥസൂചി ഇനം 4348) രസകരമായൊരു സാമൂഹ്യരേഖയുംകൂടിയാണു്. സാഹിത്യപ്രവർത്തനം ഒരു തൊഴിലിന്റെ നിലയിൽ ഉയർന്നിരുന്നില്ലെങ്കിലും, ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ, പ്രസാധനവ്യവസായത്തിലെ പങ്കാളികളായി സാഹിത്യകാരന്മാരേയും അംഗീകരിച്ചിരുന്നുവെന്നു ഭാരതവിലാസസംഘാടനകർമ്മം, വ്യക്തമാക്കുന്നു. പുസ്തകങ്ങൾ പരിശോധിക്കുവാൻ ആദ്യമായി ഒരു പരിശോധകനെ നിശ്ചയിച്ച ഭാരതവിലാസം ഒരു പ്രാദേശിക പ്രസിദ്ധീകരണശാലയായിരുന്നില്ല. ഭാരതവിലാസത്തിന്റെ ഇംപ്രിൻറിൽ പ്രസിദ്ധീകരിച്ച ശീർഷകങ്ങൾക്കു് ഒരു പരിധിവരെ അഖിലകേരള പ്രാതിനിധ്യം അവകാശപ്പെടാം. തൊട്ടു മുമ്പുള്ള നൂറ്റാണ്ടിലെ പ്രാദേശികാടിസ്ഥാനത്തിലുള്ള പ്രകാശന പ്രവണതയിൽ ഒരു വ്യതിയാനം വരുത്തിയതു് ഭാരതവിലാസമാണെന്നുവേണം കരുതുവാൻ. ഭാരതവിലാസവും, ബ്രി. വി. ബുക്കു് ഡിപ്പോയും പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ സംഖ്യ നിസ്സാരമല്ലെന്നു ഗ്രന്ഥസൂചിയിലെ രേഖകൾ തെളിയിക്കുന്നു.

Digitized By Kerala Sahitya Akademi

രണ്ടു മഹായുദ്ധങ്ങൾക്കിടയിലുള്ള മൂന്നും നാലും ദശകങ്ങൾ (1921–1940) മലയാള പ്രസിദ്ധീകരണങ്ങളെ സംബന്ധിച്ചെടത്തോളം വളർച്ചയുടെ കാലഘട്ട മായിരുന്നു. സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിലുള്ള അപഗ്രഥന ങ്ങൾ നൂറുശതമാനം ശരിയായിക്കൊള്ളണമെന്നില്ല; എല്ലാ പുസ്തകങ്ങളും കണ്ടെത്താൻ സാധിക്കാത്തതുകൊണ്ടു പ്രത്യേകിച്ചും. എന്നാലും തൊട്ടു മുമ്പുള്ള പതിറ്റാണ്ടുകളെ അപേക്ഷിച്ചു കൂടുതൽ പുസ്തകങ്ങൾ ഈ ദശകങ്ങളിൽ ഭാഷക്കു ലഭിച്ചിട്ടുണ്ടു്. നൂറ്റാണ്ടിന്റെ ഒന്നും രണ്ടും ദശകങ്ങളിൽ പ്രസിദ്ധീകരിച്ച ശുദ്ധ സാഹിത്യ കൃതികളുടെ—അന്നും ഇന്നും സാഹിത്യാവലംബിയാണല്ലോ നമ്മുടെ പ്രസിദ്ധീകരണവ്യവസായം—ഇരട്ടിയോളം വരും മൂന്നും നാല്പും ദശകങ്ങളിൽ ലഭിച്ച പുസ്തകങ്ങളുടെ സംഖ്യ. ആദ്യദശകങ്ങളിലെ പുസ്തകങ്ങളുടെ ദുർലഭത പരിഗണിച്ചാലും, പ്രസാധന പ്രവർത്തനങ്ങൾ വ്യാപകമായിരുന്നുവെന്നുതന്നെ അനുമാനിക്കാം.

ആധുനികാർത്ഥത്തിലുള്ള പുസ്തകവ്യവസായത്തിന്റെ അടിത്തറ പാകി യതും ഇക്കാലത്താണു്. മറ്റു വ്യാപാരങ്ങളും വ്യവസായങ്ങളും നടത്തുന്നതിനു വേണ്ടി കൂട്ടുടമക്കമ്പനികൾ സ്ഥാപിക്കുന്ന രീതിയിൽ എത്രയോ പ്രസിദ്ധീകര ണക്കമ്പനികൾ രൂപീകരിക്കപ്പെട്ടതും ഈ ദശകങ്ങളിലും തൊട്ടുമുമ്പുള്ള ചില വർഷങ്ങളിലുമാണു്. അങ്ങിനെ സംഘടിതമായ പ്രസാധന വ്യവസായം കേരളത്തിൽ വേരുന്നാൻ തുടങ്ങി. ഈ പ്രവണതയുടെ സന്തതികളിലൊന്നായ മംഗളോദയം, (യോഗക്ഷേമം കമ്പനി) ഭാഷയ്ക്കും അതിലെ എഴുത്തുകാർക്കും നൽകിയ പ്രോത്സാഹനങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുണ്ടല്ലോ. മറ്റു ചില കമ്പ നികളും നമ്മുടെ പ്രസാധന വ്യവസായത്തിന്റെ മുഖമായ മാറ്റാൻ സഹാ യിച്ചിട്ടുണ്ടു്. സുന്ദരയ്യർ ആൻഡ് സൺസ്, വിദ്യാവിനോദിനി, കെ. ആർ. ബ്രദേഴ്സ് (കോഴിക്കോടു്), ശ്രീരാമവിലാസം, മാതൃഭൂമി എന്നിവയാണു് അവയിൽ പ്രധാനപ്പെട്ടവ.

## സാഹിത്യകാരന്മാർ സംഘടിക്കുന്നു

"മലയാള ഭാഷയിൽ പുസ്തകങ്ങൾ എഴുതി പ്രസിദ്ധം ചെയ്തിട്ടുള്ളവ രിൽ അച്ചടിച്ചിലവു കയ്യാൽ നഷ്ടമായി വരാതെ വന്നിട്ടുണ്ടെങ്കിൽ സ്കൂൾ പാഠ പുസ്തക കമ്മറ്റിക്കാരുടെ സഹായംകൊണ്ടു മാത്രമല്ലാതെ, പുതിയപുസ്തക ങ്ങൾ വായിക്കുന്നതിലുള്ള രുചികൊണ്ടു ജനങ്ങൾ വില കൊടുത്തു വാങ്ങിയിട്ട ല്ലെന്നാണു് ജനശ്രുതി" എന്നു നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഒരു ഗ്രന്ഥകാരൻ പരസ്യമായി വിലപിച്ചു[15]. അച്ചടിച്ചിലവു് എഴുത്തുകാരൻതന്നെ വഹിക്കേ ണ്ടിവരുന്നുവെന്നും, പാഠപുസ്തകങ്ങൾക്കേ വില്പനയുള്ളുവെന്നും സാഹിത്യ പ്ര വർത്തനം ലാഭകരമല്ലെന്നും മുദ്രവായ ഭാഷയിൽ, അന്നത്തെ മറ്റെഴുത്തുകാർക്കു കൂടിവേണ്ടി രേഖപ്പെടുത്തുകയാണു് അദ്ദേഹം. അച്ചടിച്ചിലവു വഹിക്കാൻ പ്ര സിദ്ധീകരണശാലകളും, പുസ്തകങ്ങൾ വിലകൊടുത്തു വാങ്ങാനും, വായിക്കാ നും കൂടുതൽ വായനക്കാരും പില്ക്കാലത്തുണ്ടായിട്ടും ദശകങ്ങളോളം സാധാരണ എഴുത്തുകാരന്റെ നില ശോചനീയമായിരുന്നു. വിഖ്യാതരുടെ കൃതികളും പാഠപുസ്തകങ്ങളും, പാഠപുസ്തകങ്ങളാവാനിടയുള്ളതും, ആക്കിയെടുക്കാൻ പറ്റുന്നതുമായ കൃതികളും മാത്രമേ നാല്പതുകളിലും തുടർന്നുള്ള കാലത്തുപോലും

15. അച്ചുതമേനോൻ, കാരാട്ടു്. അമ്മായി പഞ്ചതന്ത്രം. 1909. അവതാരിക.

Digitized By Kerala Sahitya Akademi

പ്രസിദ്ധീകരിക്കപ്പെട്ടിരുന്നുള്ളൂ. മറ്റു കൃതികൾ സ്വീകരിക്കാൻ പ്രസാധകർ വൈമനസ്യം പ്രദർശിപ്പിച്ചിരുന്നുവെന്നു മാത്രമല്ല, പ്രസിദ്ധീകരണത്തിൽനിന്നു കിട്ടുന്ന ആദായം ഏതാണ്ടു മുഴുവൻ സ്വന്തം കീശകളിലേക്കാക്കുകയും ചെയ്തു.

## അനന്തരഘട്ടം

പ്രസിദ്ധീകരണ രംഗത്തെ ചൂഷണംകൊണ്ടു പൊറുതിമുട്ടിയ സാഹിത്യകാരന്മാർ, ഈ ദുസ്ഥിതി അവസാനിപ്പിക്കുവാൻ നിശ്ചയിച്ചതിന്റെ ഫലമായാണ് കോട്ടയത്തെ സാഹിത്യപ്രവർത്തക സഹകരണസംഘം ഉടലെടുത്തത്. തങ്ങളുടെ സാമ്പത്തിക പരാധീനത അവസാനിപ്പിക്കുന്നതിനു, സ്വന്തമായൊരു പ്രസിദ്ധീകരണശാല കെട്ടിപ്പടുക്കുകയാണ് ഉത്തമമാർഗ്ഗമെന്നു കേരളത്തിലെ എഴുത്തുകാർ തോന്നിയതിൽ അത്ഭുതപ്പെടാനില്ല. "തന്റെ പുസ്തകം പ്രസിദ്ധപ്പെടുത്തുക, അതിനൊരു പ്രസാധകനെ ആശ്രയിക്കാതെ കഴിയുക, ന്യായമായി ലഭിക്കേണ്ട പ്രതിഫലം ലഭിക്കുക, അങ്ങനെ ലഭിക്കുന്നത് ആരുടെയും സൗജന്യംകൊണ്ടല്ല, തനിക്കവകാശപ്പെട്ടതാണ് എന്ന ബോധത്തോടെ വാങ്ങാൻ കഴിയുക..." [16] ഈ ആവശ്യങ്ങൾ നേടുന്നതിനു മറ്റെന്തുമാർഗ്ഗമാണുള്ളത്? സ്വന്തം കമ്പനി രൂപീകരിക്കാൻ മൂലധനം വേണമല്ലൊ. എഴുത്തുകാരിൽ നിന്നു തന്നെ മൂലധനം പിരിച്ചെടുത്തു, ഉടമസ്ഥത സഹകരണാടിസ്ഥാനത്തിലാക്കി, 1945 മാർച്ച് 19-ാംനു സാഹിത്യപ്രവർത്തക സഹകരണസംഘം റജിസ്റ്റർ ചെയ്യപ്പെട്ടു. അതേകൊല്ലം ഏപ്രിൽ ഒമ്പതാം തിയ്യതി സംഘം പ്രവർത്തനവുമാരംഭിച്ചു. സംഘത്തിന്റെ ചരിത്രം കുറിച്ചിടുവാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. എന്നാൽ സംഘത്തിന്റെ ചരിത്രം ഒരർത്ഥത്തിൽ ആധുനിക മലയാള പ്രസാധനത്തിന്റെ ചരിത്രംതന്നെയാണെന്നു പ്രസ്താവിക്കട്ടെ. എഴുത്തുകാരന്റെ അവകാശങ്ങൾ രക്ഷിക്കുവാനും, അവന്റെ സാമ്പത്തികനില താരതമ്യേന ഭദ്രമാക്കുവാനും, ഉത്തമഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുവാനും പുസ്തകവും വായനക്കാരനും തമ്മിൽ ഉറബന്ധം സ്ഥാപിക്കുവാനും മലയാളിയുടെ വായനയുടെ പരിധി വിസ്തൃതമാക്കുവാനും, സർവ്വോപരി പുസ്തകത്തെ സാംസ്കാരികരംഗത്തു് സുദൃഢമായി പ്രതിഷ്ഠിക്കുവാനും സംഘത്തിനു സാധിച്ചിട്ടുണ്ടു്.

സംഘത്തിന്റെ പ്രവർത്തനവിജയം, സഹകരണാടിസ്ഥാനത്തിലുള്ള മറ്റു പരീക്ഷണങ്ങൾക്കു വഴി തെളിയിച്ചു. എറണാകുളത്തും (സാഹിത്യപരിഷത് സഹകരണസംഘം) കോഴിക്കോട്ടും (നവകേരള) തിരുവനന്തപുരത്തും (ഗ്രന്ഥശാലാ സഹകരണസംഘം) മറ്റും ആരംഭിച്ച സംരംഭങ്ങളെയാണ് ഇവിടെ സൂചിപ്പിക്കുന്നതു്. ഉല്പാദകരേയും ഉപഭോക്താക്കളേയും ഒരേ സംഘത്തിൽ സംഘടിപ്പിക്കാനുള്ള ഗ്രന്ഥശാലാസംഘത്തിന്റെ ശ്രമമടക്കം എല്ലാം ഏതാണ്ടു പരാജയത്തിന്റെ വക്കത്താണ് ചെന്നെത്തിയതു്. സഹകരണാടിസ്ഥാനത്തിലുള്ള ഉടമസ്ഥത മാത്രം പോരല്ലൊ വിജയത്തിനു്.

ഏഴലക്ഷം രൂപ ഓഹരി മൂലധനവും, ദിവസത്തിലൊരു പുസ്തകം പ്രസിദ്ധീകരിക്കുകയെന്ന ലക്ഷ്യവും ഉള്ള എസ്. പി. സി. എസ്, വിജ്ഞാനകൃതികളുടെ പ്രകാശനച്ചുമതലയുള്ള കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സാഹിത്യ അക്കാദമി എന്നിവയടക്കം ചെറുതും വലുതുമായി നൂറോളം പ്രസിദ്ധീകരണശാലകൾ കേരളീയ പുസ്തകരംഗത്തിനുണ്ടു്. കൃത്യമായ സ്ഥിതിവിവരക്കണക്കുകളിനും ലഭ്യമല്ലെങ്കിലും, പുതിയ പതിപ്പുകളടക്കം ഏതാണ്ടു എണ്ണൂറോളം പുസ്തക

---

16. വിംശതി കോട്ടയം, സാ പ്ര സ. 1955, പേജ് 9.

Digitized By Kerala Sahitya Akademi

ങ്ങൾ ഒരു വഷ്ത്തിൽ ഇവരെല്ലാംകൂടി പ്രസിദ്ധീകരിക്കുന്നുണ്ട്". പുസ്തക പ്രസിദ്ധീകരണത്തിനും വില്പനയ്ക്കും മറ്റുമായി ബുക്ക് ഡവലപ്പ്മെൻറ് കോർപ്പറേഷൻ എന്ന പേരിലൊരു സ്ഥാപനം രൂപീകരിക്കാനുള്ള ഒരുക്കങ്ങളും നടക്കുന്നുണ്ട്". മറ്റു ഭാഷാപ്രദേശങ്ങളെ അപേക്ഷിച്ചു കൂടുതൽ സംഘടിതമാണ് നമ്മുടെ പുസ്തക വിപണിയെന്നും കരുതാം. എന്നാൽ പെൻഗ്വിൻ പുസ്തകങ്ങളുടെ ഉദയം (1935) പോലെയുള്ള വിപ്ലവങ്ങളൊന്നും മലയാള പുസ്തകത്തിന്നു് ഇതുവരെ ദർശിക്കാൻ സാധിച്ചിട്ടില്ല. 1950 മുതൽക്കു പാശ്ചാത്യ പുസ്തകലോകത്തെ കീഴടക്കി ഭരിക്കുന്ന 'പേപ്പർ ബാക്കുകൾ' മലയാള ഭാഷയിൽ അടുത്തെങ്ങാനും പ്രത്യക്ഷപ്പെടുമെന്നും തോന്നുന്നില്ല.

## ഗ്രന്ഥസൂചികാ

സംക്ഷിപ്തവേദാന്ത പ്രകാശനത്തിനുശേഷം ഭാഷയിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ കാനേഷുമാരി നടത്തി, പുസ്തകങ്ങളുടെ സമ്പൂർണ്ണവിവരങ്ങൾ ക്രോഡീകരിക്കുകയാണ് മലയാള ഗ്രന്ഥസൂചിയുടെ ഉദ്ദേശം. മലയാള ഗ്രന്ഥസൂചിയുടെ വിശദാംശങ്ങളിലേക്കു കടക്കുന്നതിനു മുമ്പു, ഗ്രന്ഥസൂചീ നിർമ്മാണത്തെക്കുറിച്ചും, ഭാരതീയ ഭാഷകളിലുള്ള പ്രധാന ഗ്രന്ഥസൂചികളെക്കുറിച്ചും സംക്ഷിപ്തമായി പ്രതിപാദിക്കാം.

മനുഷ്യജനനം, ജനനമരണ റജിസ്ട്രാർ രേഖപ്പെടുത്തുന്നതുപോലെ, പുസ്തക പ്പിറവിയും രേഖപ്പെടുത്തണമെന്നു പരിഷ്കൃതസമുദായം വിശ്വസിക്കുന്നു.പുസ്തകപ്പിറവി രേഖപ്പെടുത്തുന്ന പ്രക്രിയയുടെ ഫലമായി ഉടലെടുക്കുന്ന രേഖകളുടെ സമാഹാരങ്ങളാണ് ഗ്രന്ഥസൂചികൾ അഥവാ ബിബ്ലിയോഗ്രഫികൾ. 'ബിബ്ലിയോഗ്രഫി' എന്ന ആംഗലപദത്തിനു്, ആ ഭാഷയിൽ മറ്റൊരർത്ഥം കൂടിയുണ്ട്. ഒരു പുസ്തകത്തിനു അതിനേറ്റതായ രൂപവും, വ്യക്തിത്വവും നൽകുന്ന മുദ്രണം, ചിത്രീകരണം, കടലാസു്, ബൈൻറിങ്ങ് എന്നീഘടകങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയപഠനത്തിനും ഇംഗ്ലീഷിൽ 'ബിബ്ലിയോഗ്രഫി' എന്നുതന്നെയാണു പറയുന്നതു്. മേൽപ്പറഞ്ഞ രണ്ടു ആശയങ്ങളെ സൂചിപ്പിക്കുന്നതിനു മലയാളഭാഷയിൽ രണ്ടു സാങ്കേതികപദങ്ങൾ ഉപയോഗിക്കേണ്ടിയിരിക്കുന്നു; പുസ്തകങ്ങളെക്കുറിച്ചുള്ള പഠനത്തിനു 'ഗ്രന്ഥവിദ്യ'യെന്നും പുസ്തകങ്ങളുടേയും ലിഖിതരൂപത്തിലുള്ള മറ്റു രേഖകളുടേയും പട്ടികകൾക്കു ഗ്രന്ഥസൂചിയെന്നും.

ഓക്സ്ഫോർഡ് ഇംഗ്ലീഷ് നിഘണ്ടു നൽകുന്ന നിർവ്വചനമനുസരിച്ചു് ഒരു ഗ്രന്ഥകർത്താവിന്റെ കൃതികളുടെയോ, ഒരു പ്രസിദ്ധീകരണശാലയുടെ ശീർഷകങ്ങളുടെയോ, ഒരു രാജ്യത്തു പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെയോ ഒരുപ്രത്യേക വിഷയത്തെക്കുറിച്ചുള്ള സാഹിത്യത്തിന്റെയോ പട്ടികയാണു ഗ്രന്ഥസൂചി. അതായതു പുസ്തകങ്ങളുടെ പട്ടികയാണു ഗ്രന്ഥസൂചി. എന്നാൽ പുസ്തകങ്ങളുടെ എല്ലാപട്ടികകളേയും ഗ്രന്ഥസൂചികളായി കണക്കാക്കാമോ? ഗ്രന്ഥകാരന്റെ പേരും ശീർഷകവും മാത്രമുള്ള ഒരു പട്ടിക ഗ്രന്ഥസൂചിയാവുന്നില്ല. ഒരു പുസ്തകത്തെ മറ്റൊന്നിൽനിന്നു വേർതിരിച്ചറിയാൻ സഹായിക്കുന്ന എല്ലാ വിവരങ്ങളും ഗ്രന്ഥസൂചിയിൽ വേണം. ഗ്രന്ഥകാരന്റെ പേർ, ജീവിതകാലം, പുസ്തകശീർഷകം, ഗ്രന്ഥരചനയിൽ പങ്കാളിത്തമുള്ള മറ്റുവ്യക്തികളെക്കുറിച്ചുള്ളവിവരങ്ങൾ, പതിപ്പുനമ്പർ, പ്രകാശനക്കുറിപ്പു് (സ്ഥലം, വഷ്ം), പുസ്തകത്തിന്റെ ആകാരം വെളിവാക്കുന്ന ഏടുനമ്പറും വലിപ്പവും എന്നിവയാണു സാധാരണയായി ഗ്രന്ഥസൂചികളിൽ ഉൾപ്പെടുത്തുന്ന വിവരങ്ങൾ. അതായതു പുസ്തകങ്ങളുടെ സമഗ്രവിവരങ്ങളടങ്ങുന്ന പട്ടികയാണു ഗ്രന്ഥസൂചി.

Digitized By Kerala Sahitya Akademi

പുസ്തകവിവരങ്ങൾ കൂട്ടിക്കുഴച്ചു അടുക്കും ചിട്ടയുമില്ലാതെ ക്രോഡീകരിക്കുന്ന പട്ടികകളെ ഗ്രന്ഥസൂചികളായി അംഗീകരിക്കാൻ വയ്യ. പുസ്തകരേഖകൾ ഏതെങ്കിലും ഒരു നിശ്ചിതക്രമത്തിൽ സംവിധാനം ചെയ്യുക്രമീകരിക്കണം. രേഖകളുടെ ക്രമീകരണമാണ് ഒരു ഗ്രന്ഥസൂചിയുടെ വ്യക്തിത്വം നിശ്ചയിക്കുന്ന ഘടകം. ഗ്രന്ഥകാരന്റെ പേരിന്റെ ക്രമത്തിലും, ശീർഷകക്രമത്തിലും പ്രതിപാദ്യവിഷയാടിസ്ഥാനത്തിലും പുസ്തക പ്രസാധനവർഷത്തിന്റെ ക്രമത്തിലും ആണ ഗ്രന്ഥസൂചികൾ സാധാരണയായി സംവിധാനം ചെയ്യുവരുന്നത്.

ഇതുവരെയുള്ള ചർച്ചയുടെ വെളിച്ചത്തിൽ ഗ്രന്ഥസൂചിക്ക് ഒരു നിർവ്വചനം നൽകാൻ ശ്രമിക്കാം. പുസ്തകത്തിന്റെ സമഗ്രവിവരങ്ങളടങ്ങുന്നതും, ഏതെങ്കിലും പ്രത്യേകക്രമത്തിൽ ക്രോഡീകരിക്കുന്നതുമായ വിവരണപ്പട്ടികകളാണ് ഗ്രന്ഥസൂചികൾ. ആശയ വിജ്ഞാനവിനിമയത്തിനുപയോഗിക്കുന്ന, മറുപാധികളായ ഭ്രപടങ്ങൾ, ചിത്രങ്ങൾ, ഗ്രാമഫോൺറിക്കാർഡുകൾ, ഫിലിമുകൾ മുതലായവയും ഗ്രന്ഥസൂചിയുടെ പരിധിയിലുൾപ്പെടുമെന്നുകൂടി ഇവിടെ മുണ്ടിക്കാണിക്കട്ടെ.

## ഗ്രന്ഥസൂചി എന്തിനു?

ജനസംഖ്യാവർദ്ധനവിന്റെ തോതിനെപ്പോലും കവച്ചുകൊണ്ടാണ് ആധുനികയുഗത്തിൽ പുസ്തകങ്ങൾ ഉല്പാദിപ്പിക്കപ്പെടുന്നത്. പ്രസിദ്ധീകരിക്കുന്ന സർവ്വരേഖകളും വായിക്കുവാനോ, എന്തിനു ഒന്നു പരിശോധിക്കുവാനോ ഉള്ള സമയവും സൗകര്യവും ആധുനികമനുഷ്യനില്ല. തനിക്കുതാല്പര്യമുള്ള വിജ്ഞാനവിഭാഗത്തിൽ എന്തൊക്കെ പുസ്തകങ്ങളും മറുരേഖകളും പ്രസാധിതമായിട്ടുണ്ടെന്നെങ്കിലും അറിയാൻ, ഗവേഷകർക്കും മറു വിദ്യാർത്ഥികൾക്കും സാധിക്കണം. അതുപോലെ പ്രായേണ ഏതേതു വിജ്ഞാനശാഖകളിലാണ് പുസ്തകങ്ങൾ അധികം, ഏതിലാണ് കുറവ്, പരിപുഷ്ടിപ്പെടുത്തേണ്ട വിജ്ഞാനശാഖയേതു് എന്നൊക്കെ അറിയാൻ സമൂഹത്തിനും അവകാശമുണ്ട്. ഗ്രന്ഥസൂചികൾ ഇത്തരത്തിലുള്ള അന്വേഷണങ്ങൾക്കു മറുപടി നൽകുന്നു. ഗ്രന്ഥസൂചിയുടെ പ്രധാനോദ്ദേശങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1 ഒരു ഗ്രന്ഥകാരൻ ഏതെല്ലാം കൃതികൾ രചിച്ചിട്ടുണ്ടെന്നു വെളിവാക്കുക.
2 ഏതെങ്കിലും ഒരു പ്രത്യേക ശീർഷകത്തെപ്പറ്റിയുള്ള അന്വേഷണത്തിനു മറുപടി നൽകുക.
3 ഒരു വിജ്ഞാനശാഖയിൽ ഏതെല്ലാം കൃതികൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടെന്നു വെളിവാക്കുക.
4 ഒരു നിശ്ചിത കാലഘട്ടത്തിലെ പ്രസാധനസമ്പത്തിനെപ്പറ്റിയുള്ള വിവരങ്ങൾ നൽകുക.

## ഗ്രന്ഥസൂചിയുടെ രൂപങ്ങൾ

ഗ്രന്ഥസൂചിയിലുൾപ്പെടുത്തുന്ന പ്രസിദ്ധീകരണങ്ങളുടെ സ്വഭാവമനുസരിച്ചും, ഗ്രന്ഥസൂചിയുടെ വ്യാപ്തി കണക്കാക്കിയും ഗ്രന്ഥസൂചികളെ പല വിഭാഗങ്ങളായി വിഭജിക്കാം. ഏതെങ്കിലും ഒരു വിജ്ഞാനശാഖയെ സ്പർശിക്കുന്ന സാഹിത്യം മാത്രം ഉൾപ്പെടുത്തി രചിക്കുന്ന ഗ്രന്ഥസൂചിയെ വിഷയഗ്രന്ഥസൂചി (Subject Bibliographies) എന്നു വിളിക്കുന്നു. ഒരു ഗ്രന്ഥകാരന്റെ കൃതികളും, ആ കൃതികളെക്കുറിച്ചും ഗ്രന്ഥകാരനെക്കുറിച്ചും മറുള്ളവർ നടത്തിയ പഠനങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കുന്ന ഗ്രന്ഥകാരസൂചി (Author Bibliographies)യാണു് മറെറാരു പ്രധാന ഇനം. ഒരു ഭാഷയിലെ പഴയ കൃതികളുടെ വിവരങ്ങൾ നൽകുന്ന ഗ്രന്ഥസൂചികൾ പൂർവ്വകാലഗ്രന്ഥസൂച ?

Digitized By Kerala Sahitya Akademi

കൾ (Retrospective Bibliographies) എന്ന പേരിൽ അറിയപ്പെടുന്നു. ഒരു ഭാഷയിലൊ, രാജ്യത്തിലോ അപ്പപ്പോൾ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ ഗ്രന്ഥസൂചിയെ അധുനാതന (Current) ഗ്രന്ഥസൂചിയെന്നു വിശേഷിപ്പിക്കാം. ഒരു രാജ്യത്തു പ്രസിദ്ധീകരിക്കുന്ന എല്ലാ പുസ്തകങ്ങളുടെയും ചിലപ്പോൾ ഒരു രാജ്യത്തെപ്പറ്റി മറ്റു രാജ്യങ്ങളിൽ പ്രസാധിതമാവുന്ന കൃതികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി കാലികമായി പ്രസിദ്ധീകരിക്കുന്ന വിവരണപ്പട്ടികകളാണ് ദേശീയഗ്രന്ഥസൂചികൾ.

ഇന്ന് ഭാരതമടക്കമുള്ള മിക്കരാജ്യങ്ങളും ദേശീയഗ്രന്ഥസൂചികൾ പ്രസിദ്ധീകരിക്കുന്നുണ്ട്.

## ഗ്രന്ഥസൂചിയുടെ ആദ്യകാലചരിത്രം.

ചില ഗ്രന്ഥകാരന്മാർ ക്രോഡീകരിച്ച സ്വന്തം കൃതികളുടെ പട്ടികകളെയാണ് ആദിഗ്രന്ഥസൂചികളായി ഗണിച്ചുവരുന്നത്. നവോത്ഥാനകാലഘട്ടത്തിലെ വിഖ്യാത ബുദ്ധിജീവിയും പിന്തകനുമായ ഡെസിഡെറിയസ് ഇറാസ്മസ് തന്റെ കൃതികളുടെ കാലാനുക്രമണിക 1523-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. കാസൽ സാഹിത്യകോശം ആത്മഗ്രന്ഥസൂചികൾ (Auto-bibliographies) എന്നു വിശേഷിപ്പിക്കുന്ന[17] ഏതാനും ലിസ്റ്റുകൾക്കു പുറമെ മതഗ്രന്ഥങ്ങളുടെ പട്ടികകളും യൂറോപ്പിൽ ക്രോഡീകരിക്കപ്പെട്ടിട്ടുണ്ട്.

മുദ്രണകലയുടെ ആവിർഭാവവും, പ്രചാരവും, തുടർന്നുള്ള പ്രകാശനസ്ഫോടനവും കാരണമാണ് ആധുനികകാലത്തിലുള്ള ഗ്രന്ഥസൂചികൾ പ്രസാധിതമായത്. ഗ്രന്ഥസൂചിയുടെ പിതാവെന്നു വിളിച്ചുവരുന്ന കോണാർഡ് ഗെസ്നർ (Cornard Gesner)ആണ് വിപുലവും ബൃഹത്തുമായ ഒരു ഗ്രന്ഥസൂചി ആദ്യമായി രചിച്ചു പ്രസിദ്ധീകരിച്ചത്. അദ്ദേഹം ലത്തീൻ, ഗ്രീക്ക്, ഹീബ്രു ഭാഷകളിലെ പ്രധാനഗ്രന്ഥകാരന്മാരുടെ കൃതികളുടെ ഒരു അനുവർഗ്ഗപട്ടിക (Classified List) അക്ഷരക്രമത്തിൽ 1545-ൽ സാർവ്വലൌകികകാറ്റലോഗ് (Bibliotheca universalis) എന്ന പേരിൽ പ്രസിദ്ധീകരിച്ചു. യൂറോപ്പിലെ നിരവധി ഗ്രന്ഥശാലകൾ പരിശോധിച്ചാണ് പന്ത്രണ്ടായിരത്തോളം ശീർഷകങ്ങളുടെ വിവരങ്ങൾ അദ്ദേഹം സമാഹരിച്ചത്. പത്തു വർഷങ്ങൾക്കുള്ളിൽ ആദ്യപട്ടികയിൽപ്പെടാത്ത മൂവായിരം ഗ്രന്ഥങ്ങളുടെ വിവരങ്ങൾ അനുബന്ധവാല്യമായി പ്രസിദ്ധീകരിക്കുവാനും ഗെസ്നർക്കു സാധിച്ചു. ഗെസ്നറുടെ പരിശ്രമത്തെ തുടർന്നു ഗ്രന്ഥസൂചിനിർമ്മാണം ഒരു കലയും, ശാസ്ത്രവുമായി വളർന്നുവന്നു. ഇന്നു ആധുനിക യൂറോപ്യൻ ഭാഷകളിലെ പ്രധാനപ്പെട്ടൊരു വിജ്ഞാനശാഖയാണ് ഗ്രന്ഥസൂചി. പഞ്ചവാല്യകേംബ്രിഡ്ജ് ബിബ്ലിയോഗ്രഫിയും (സാഹിത്യസൂചി)കുട്ടികൾക്കുള്ള റഫറൻസ് പുസ്തകങ്ങളുടെ പട്ടികയുമിടയിൽ ആയിരക്കണക്കിനുള്ള ഗ്രന്ഥസൂചികൾ ഇംഗ്ലീഷ് ഭാഷയിൽ കാണാം. നിരൂപണപഠനങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ കാണിക്കുന്ന താല്പര്യംതന്നെ ബിബ്ലിയോഗ്രഫികളുടെ പ്രസാധനത്തിലും ഇംഗ്ലീഷ് പ്രസിദ്ധീകരണശാലകൾ കാണിക്കുന്നുണ്ട്. ഗ്രന്ഥസൂചീരചനയ്ക്കുവേണ്ടി പ്രത്യേക ഏജൻസികൾ ഏർപ്പെടുത്തിയ രാജ്യങ്ങളിലൊന്നാണ് സോവിയറ്റ് റഷ്യ. മോസ്കോവിലും വിവിധ റിപ്പബ്ലിക്കിന്റെ തലസ്ഥാനങ്ങളിലും അതാതു ഏജൻസികളുണ്ട്. ദേശീയഗ്രന്ഥസൂചികൾ പ്രകാശനം ചെയ്യാത്ത ലോകരാഷ്ട്രങ്ങളുടെ സംഖ്യ ഇന്നു പരിമിതമാണ്. യുനെസ്കോ മുതലായ അന്തരാഷ്ട്രീയ സംഘടനകളും ഗ്രന്ഥസൂചിനിർമ്മാണത്തിൽ

---

17 Cassel's Encyclopaedia of Literature, ed. by S. H. Stemburg, Vol. 1. 1953. P 53.

Digitized By Kerala Sahitya Akademi

താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്. തന്മൂലം ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥസൂചികളുടെ വിവരങ്ങൾ എളുപ്പത്തിൽ ശേഖരിക്കാൻ കഴിയുന്നു. ബിബ്ലിയോഗ്രഫികളുടെ വിവരങ്ങൾ റിപ്പോർട്ട ചെയ്യുവാൻ മാത്രമായി ചില പത്രികകളുണ്ടെന്നുള്ളതിൽ നിന്നു ഗ്രന്ഥസൂചികൾക്കു് ആധുനിക ലോകം നൽകുന്ന പ്രാധാന്യം ഊഹിക്കാം. ചുരുക്കിപ്പറഞ്ഞാൽ ഗവേഷണ പഠനങ്ങളുടെ അടിസ്ഥാനശിലയായി ഗ്രന്ഥസൂചികളെ ഇന്നു കണക്കാക്കിവരുന്നു.

## ഗ്രന്ഥസൂചി ഭാരതത്തിൽ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽത്തന്നെ അച്ചടി ഭാരതത്തിൽ വേരുന്നിയെങ്കിലും, പുസ്തകങ്ങൾ സംരക്ഷിക്കാനോ, അവയുടെ വിവരങ്ങൾ ശേഖരിച്ചു രേഖപ്പെടുത്താനോ ഭാരതീയർ ശ്രദ്ധിച്ചില്ല. അച്ചടിയുടെ ആരംഭത്തിനുമുമ്പു കൈയെഴുത്തു ഗ്രന്ഥങ്ങൾ സൂക്ഷിച്ചുവെക്കുന്നതിൽ കാണിച്ച അനാസ്ഥ പിന്നീടും തുടരുകതന്നെ ചെയ്തു. ഫലമോ? പ്രിന്റിങ്ങ് പ്രസ്സിന്റെ ആദ്യസന്തതികളെക്കുറിച്ചു പ്രായേണ അജ്ഞരാണു് നാം. ആദിമുദ്രിത ഗ്രന്ഥങ്ങൾ ശേഖരിച്ചു സംരക്ഷിക്കുവാനോ, അവയുടെ വിവരങ്ങൾ വരും തലമുറകൾക്കുവേണ്ടി രേഖപ്പെടുത്തിവെക്കാനോ നമുക്കു സാധിച്ചില്ല. 'കമ്പനിയാ'ന്മാരുടെ കാലത്തു നടമാടിയ സാംസ്കാരികാലസ്യത്തിന്റെ തണലിൽ മറ്റെന്തു സംഭവിക്കാനാണു്? എന്നാൽ ഭാരതീയ വിജ്ഞാനത്തിൽ ബ്രിട്ടീഷു് ബുദ്ധിജീവികൾ ആകൃഷ്ടരായപ്പോൾ സ്ഥിതിഗതികൾ മാറി.

ലണ്ടനിലെ ഏഷ്യാറ്റിക്കു് സൊസൈറ്റി, ഭാരതീയ ഭാഷയിലെ അച്ചടിച്ച കൃതികളിൽ കാണിച്ച താല്പര്യമാണു്, കൃതികൾ ശേഖരിക്കുന്നതിനും അവയുടെ കാറ്റലോഗുകൾ നിർമ്മിക്കുന്നതിനും ഇടവരുത്തിയതു്. ഭാരതീയ സാഹിത്യത്തിന്റെ പ്രാധാന്യവും, ഇന്ത്യൻ പുസ്തകങ്ങൾ തേടിപ്പിടിക്കുന്നതിൽ ഇംഗ്ലണ്ടിലെ പ്രാച്യ വിദ്യാപണ്ഡിതന്മാർ നേരിട്ടുന്ന വിഷമങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ടു് ഏഷ്യാറ്റിക്കു് സൊസൈറ്റിയുടെ കാര്യദർശി, 1863 മെയ് മാസത്തിൽ അന്നത്തെ ഇന്ത്യാ സിക്രട്ടറി സർ ചാൾസ് വുഡിനു എഴുതി: "We would be permitted to suggest that the Indian authorities be instructed to give their attention to this matter and at least to collect quarterly, the titles of all the native books and pamphlets that issue from the Indian press..... More over in as much as a regular commercial intercourse between the booksellers of India and England would tend to increase the material resources of both countries and perspectively to exercise a beneficial influence on the education of the natives, we would propose that the Indian authorities be also instructed to furnish the public with certain other items of information touching books published in India". [18]

ഏഷ്യാറ്റിക്കു് സൊസൈറ്റിയുടെ നിർദ്ദേശങ്ങൾ സ്വീകരിച്ചതിന്റെ ഫലമായാണു്, എ. ഗ്രാന്റിന്റെ ബോംബെ കാറ്റലോഗും[19], ജോൺ

---

18 Quoted in A. K. Priolkar's Pamphlet on the Press and Registration of Books Act. Bombay, 1967. P2-3

19 Grant, A. Catalogue of Native Publications in the Bombay Presidency. 1865.

Digitized By Kerala Sahitya Akademi

മർഡോക്കിന്റെ തമിഴ് കാറ്റലോഗ്[20] പ്രസിദ്ധീകരിക്കാൻ ഇടയായത്. ഗ്രാന്റിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പിന്നീട് പത്രപുസ്തക റജിസ്ട്രേഷൻ നിയമം (1867 ലെ) നടപ്പിലാക്കിയത്. എന്നാൽ ഗ്രാന്റിന്റെ കാറ്റലോഗ് പ്രസിദ്ധീകരിക്കുന്നതിന്നു പത്തു കൊല്ലംമുമ്പുതന്നെ ബംഗാളിലെ ഒരു മിഷ്യനറിയായ റവറണ്ട് ജെ. ലോംഗ്[21], 1854 വരെ മുദ്രണം ചെയ്യപ്പെട്ട 1400 ബംഗാളി പുസ്തകങ്ങളുടെ കാറ്റലോഗ് പ്രസിദ്ധം ചെയ്തിരുന്നുവെന്നു ഓർക്കേണ്ടതാണ്.

## ത്രൈമാസിക കാറ്റലോഗുകൾ

പത്രപുസ്തകരജിസ്ട്രേഷൻ ആക്ടിന്റെ മൂന്നാം ഭാഗത്തിൽ പുസ്തക നിക്ഷേപത്തെക്കുറിച്ചുള്ള നിബന്ധനകളുണ്ട്. ബ്രിട്ടീഷിന്ത്യയിൽ മുദ്രണം ചെയ്യുന്ന പുസ്തകങ്ങളുടെയും മറുപ്രസിദ്ധീകരണങ്ങളുടേയും നിശ്ചിത പ്രതികൾ അച്ചടി കഴിഞ്ഞു് ഒരു മാസത്തിനുള്ളിൽ സംസ്ഥാന ഗവൺമെണ്ടുകൾക്കു് സമർപ്പിക്കുവാൻ പ്രസ്സുടമകളെ ഈ നിയമം ബാധ്യസ്ഥരാക്കി. നിക്ഷേപിക്കുന്ന ഓരോ പുസ്തകത്തിന്റെയും വിശദവിവരങ്ങൾ ഒരു മെമ്മോറാണ്ടത്തിലൂടെ ഗവൺമെണ്ടിനെ അറിയിക്കുവാനുള്ള ഉത്തരവാദിത്വവും പ്രസ്സുടമകൾക്കുണ്ടായിരുന്നു. ആക്ടിന്റെ തണലിൽ ലഭിക്കുന്ന പുസ്തകങ്ങളുടെ കാറ്റലോഗ് മൂന്നു മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കാനുള്ള നിയമപരമായ ബാദ്ധ്യത സംസ്ഥാന ഗവൺമെണ്ടുകൾക്കുമുണ്ടായി. അങ്ങിനെയാണു് വിവിധ ഗസറ്റുകളുടെ താളുകളിൽ "സംസ്ഥാനത്തിൽ മുദ്രണം ചെയ്ത പുസ്തകങ്ങളുടെ ത്രൈമാസിക കാറ്റലോഗുകൾ" പ്രത്യക്ഷപ്പെട്ടു തുടങ്ങിയത്. ഭാരതീയ സാഹിത്യ സമ്പത്തിന്റെ ആദ്യത്തെ ഗ്രന്ഥസൂചികളായി ത്രൈമാസിക കാറ്റലോഗുകളെ ഗണിക്കാവുന്നതാണു്. പക്ഷെ റജിസ്ട്രേഷൻ നിയമം നാട്ടുരാജ്യങ്ങൾക്കു് ബാധകമാവാതിരുന്നതുകൊണ്ടു കാറ്റലോഗുകൾക്കു സമഗ്രതയോ സമ്പൂർണ്ണതയോ ലഭിച്ചില്ല. മാത്രമല്ല കാറ്റലോഗുകൾ തയ്യാറാക്കിയ രീതിയിലെ അശാസ്ത്രീയത കാരണം, അവയിലെ രേഖകളുടെ അടിസ്ഥാനത്തിൽ പുസ്തകത്തിന്റെ ഗ്രന്ഥകർത്തൃത്വം കൂടി നിശ്ചയിക്കാൻ സാധിക്കാതെ വന്നു. കാറ്റലോഗുകളിലെ രേഖകൾ കൂട്ടിച്ചേർത്തു, സമ്പൂർണ്ണ ഗ്രന്ഥസൂചികൾ രചിക്കാൻ മദിരാശി ഗവർമ്മെണ്ടൊഴികെ മറ്റു സംസ്ഥാന ഗവൺമെണ്ടുകൾ ശ്രദ്ധിച്ചതുമില്ല. അതിപരിമിതമായ പ്രയോജനമേ കാറ്റലോഗുകൾ കൊണ്ടു നമുക്കുള്ളൂ.

മലയാള ഭാഷയെ സംബന്ധിച്ചേടത്തോളം റജിസ്ട്രേഷൻ നിയമം നിഷ്പ്രയോജനമായി ഭവിച്ചു. പുസ്തകങ്ങൾ ഒരിടത്തു ശേഖരിച്ചു വെക്കുവാൻ കൂടി കേരളത്തിനു കഴിഞ്ഞില്ല. കാരണം കൊച്ചിയിലും തിരുവിതാംകൂറിലും ആക്ട് പ്രാബല്യത്തിലുണ്ടായിരുന്നില്ല. പഴയ മലബാർ ജില്ല ആക്ടിന്റെ പരിധിയിൽപ്പെട്ടിരുന്നുവെങ്കിലും, പുസ്തകങ്ങൾ എത്തിപ്പെട്ടതു് ലണ്ടനിലെ ഇന്ത്യാ ആഫീസിലും, മദിരാശി നഗരത്തിലുമാണു്. ലണ്ടൻ ഗ്രന്ഥശാലയിലെ പുസ്തകങ്ങൾ സൂക്ഷിച്ചുവെക്കുന്നതിൽ ബ്രിട്ടീഷധികൃതർ ശ്രദ്ധിച്ചതുകൊണ്ടു്, ആ ഗ്രന്ഥശേഖരം നമുക്കിന്നും ഉപകരിക്കുന്നു. എന്നാൽ മദിരാശി

---

20 Murdock, John. Classified Catalogue of Tamil Printed Books. Madras, 1865 (2 nd ed 1968)

21 Long, James. A Descriptive Catalogue of Bengali Works, Calcutta, 1855 (ദിനേശ് ചന്ദ്രസെന്നിന്റെ വംഗഭാഷ ഒ സാഹിത്യ എന്ന പുസ്തകത്തിൽ കാറ്റലോഗ് ചേർത്തിട്ടുണ്ടു്)

Digitized By Kerala Sahitya Akademi

നഗരത്തിലെത്തിപ്പെട്ട പുസ്തകങ്ങൾ, അധികൃതരുടെ അനാസ്ഥ കാരണം ക്രമേണ നശിച്ചുപോയി. ഏതാനും പഴയ കൃതികൾ തമിഴ്നാട് ആർക്കൈവ്സിലിന്നുണ്ട്. പക്ഷെ പത്തോ പതിനഞ്ചോ വർഷങ്ങൾക്കുള്ളിൽ ആ ഗ്രന്ഥശേഖരം നശിച്ചുപോയാൽ അത്ഭുതപ്പെടാനില്ല. ആധുനിക പ്രയോജനപ്പെടുത്തി ക്രമേണെ ക്ഷയിച്ചുവരുന്ന ആർക്കൈവ്സ് ഗ്രന്ഥശേഖരം കേരളത്തിലേക്ക് മാറ്റിക്കിട്ടാൻ ശ്രമിക്കുന്നതു ഭാഷയ്ക്കൊരനുഗ്രഹമായിത്തീരും.

മലബാറിൽ മുദ്രണം ചെയ്യപ്പെട്ട പുസ്തകങ്ങളുടെ വിവരങ്ങൾ ത്രൈമാസിക കാറ്റലോഗുകളുടെ ഭാഗമായി പഴയ ഫോർട്ട് സെൻറ് ജോർജ്ജ് ഗസറ്റിന്റെ താളുകളിൽ ചിന്നിച്ചിതറി കിടക്കുന്നുണ്ടെന്നുകൂടി ഇവിടെ പ്രസ്താവിക്കട്ടെ. പക്ഷെ മുമ്പു അഭിപ്രായപ്പെട്ടതുപോലെ അവയുടെ ഉപയോഗം അതിപരിമിതമാണ്.

## ഡെലിവറി ഓഫ് ബുക്ക്സ് ആക്ടും ഇന്ത്യൻ നാഷണൽ ബിബ്ലിയോഗ്രഫിയും

നമ്മുടെ ദേശീയഗ്രന്ഥസമ്പത്തു് ശേഖരിച്ചു സുരക്ഷിതമാക്കുകയെന്ന ലക്ഷ്യത്തോടെ അഖിലഭാരതവ്യാപ്തിയുള്ള ഒരു കേന്ദ്രനിയമം, ഡെലിവറി ഓഫ് ബുക്ക്സ് ആക്ട്, 1954-ൽ ഭാരതസർക്കാർ നടപ്പിലാക്കി. ഈ നിയമമനുസരിച്ചു ഇന്ത്യയിൽ പ്രസിദ്ധീകരിക്കുന്ന എല്ലാ പുസ്തകങ്ങളുടേയും പത്രമാസികകളുടേയും ഓരോ പ്രതിവീതം കല്ക്കത്തയിലെ നാഷണൽ ലൈബ്രറിയിലും മറ്റു രണ്ടു പബ്ലിക്ക് ലൈബ്രറികളിലും സ്വന്തം ചിലവിൽ നിക്ഷേപിക്കുവാൻ പ്രസിദ്ധീകരണശാലകളും പുസ്തകം പ്രസിദ്ധീകരിക്കുന്ന മറ്റു വ്യക്തികളും ബാധ്യസ്ഥരാണു്. ആക്ടിന്റെ ഫലവത്തായ പ്രവർത്തനം മൂന്നിടങ്ങളിൽ ദേശീയഗ്രന്ഥശേഖരങ്ങൾ കെട്ടിപ്പടുക്കുന്നതിനും, സമഗ്രമായൊരു ദേശീയഗ്രന്ഥസൂചിയുടെ പ്രസിദ്ധീകരണത്തിനും വഴിതെളിയിച്ചു.

നാഷനൽ ലൈബ്രറിയിൽ നിക്ഷേപിക്കുന്ന പുസ്തകങ്ങളുടെ സമൃദ്ധിവിവരങ്ങൾ ശേഖരിച്ചു കാലികമായി പ്രസിദ്ധീകരിക്കുന്നതു ഗവേഷണത്തിനും, പഠനത്തിനും, വിവിധ ഭാരതീയഭാഷകൾതമ്മിലുള്ള ഉറ്റ ബന്ധം സുദൃഢമാക്കുന്നതിനും, സഹായകമായിരിക്കുമെന്നു ഭാരതസർക്കാറിനു ബോദ്ധ്യപ്പെട്ടു. അതിന്റെ ഫലമാണു് 1958-ൽ ആരംഭിച്ച ഇന്ത്യൻനാഷനൽ ബിബ്ലിയോഗ്രഫി. റോമൻ ലിപിയിലുള്ള നാഷനൽ ബിബ്ലിയോഗ്രഫി ത്രൈമാസികമായാണു് രംഗപ്രവേശം ചെയ്തതെങ്കിലും, 1964 മുതൽ മാസികയായി മാറി. മാസികകളിലെ രേഖകൾ കൂട്ടിച്ചേർത്തു വാർഷിക ഗ്രന്ഥസൂചികളും പ്രകാശനം ചെയ്തുവരുന്നുണ്ടു്. 1958നും, 1972നും മിടക്കു നാഷനൽ ബിബ്ലിയോഗ്രഫി രേഖപ്പെടുത്തിയ പുസ്തകങ്ങളുടെ സംഖ്യ 1, 68, 403-ഉം വരും[22]. റോമൻ ലിപിയിലുള്ള സർവ്വഭാഷാബൃഹത് ഗ്രന്ഥസൂചിക്കു പുറമെ എല്ലാ പ്രാദേശിക ഭാഷകളിലും ഇന്ത്യൻനാഷനൽ ബിബ്ലിയോഗ്രഫിയുടെ ഭാഗമായി ഗ്രന്ഥസൂചികൾ പ്രകാശനം ചെയ്തുവരുന്നുണ്ടു്. ഇന്ത്യൻ നാഷനൽ ബിബ്ലിയോഗ്രഫിയുടെ ക്രോഡീകരണവും ക്രമമായ പ്രസിദ്ധീകരണവും നമ്മുടെ സാംസ്കാരിക മണ്ഡലത്തിലെ അതിപ്രധാനമായൊരു സംഭവമായി വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ടു്.

---

22 The Indian National Bibliography: Fifteen years of acompiation. Calcutta, Central Reference Library, 1973. p 5.

Digitized By Kerala Sahitya Akademi

ദേശീയഗ്രന്ഥസൂചി ആസൂത്രണം ചെയ്യുന്നതിനു മുമ്പുതന്നെ, ഇരുപതാം നൂറ്റാണ്ടിലെ പ്രധാന ഭാരതീയകൃതിയുടെ ഗ്രന്ഥസൂചി തയ്യാറാക്കുവാനുള്ള ശ്രമം കേന്ദ്രസാഹിത്യ അക്കാദമി ആരംഭിച്ചിരുന്നു. ഇംഗ്ലീഷിലും മറ്റു പ്രധാന ഭാരതീയ ഭാഷകളിലും 1901 മുതൽ 1953 വരെ പ്രസിദ്ധീകരിച്ച പ്രധാന കൃതികളുടെ വിവരങ്ങൾ റോമൻ ലിപിയിൽ രേഖപ്പെടുത്തി പ്രകാശനം ചെയ്യുവാനാണ് അക്കാദമി തീരുമാനിച്ചതു്. ശാസ്ത്രകൃതികളെ, സമ്പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുള്ള ഈ സർവ്വഭാരതീയഗ്രന്ഥസൂചിയുടെ മൂന്നു ഭാഗങ്ങൾ ഇതിനകം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടു്[23]. അസാമിയ, ബംഗാളി, ഇംഗ്ലീഷ്, ഗുജറാത്തി, ഹിന്ദി, കന്നഡ, കാശ്മീരി, മലയാളം, മറാഠി, ഒഡിയ പഞ്ചാബി, സംസ്കൃതം എന്നീ ഭാഷകളാണു് മൂന്നു ഭാഗങ്ങൾ കൈകാര്യം ചെയ്തിട്ടുള്ളതു്. സിന്ധി, തമിഴ്, തെലുങ്കു്, ഉർദ്ദു ഭാഷകൾ നാലാം വാല്യത്തിന്റെ ഉള്ളടക്കമായിരിക്കും. ഓരോ ഭാഷയ്ക്കും ഓരോ അധ്യായം, ഓരോ അധ്യായത്തിലും ഏതാനും വിശാല വിഷയഖണ്ഡങ്ങൾ, വിഷയഖണ്ഡത്തിൽ ഗ്രന്ഥകാരന്റെ പേരിന്റെ ക്രമത്തിൽ പുസ്തകരേഖകൾ- ഇതാണു ഗ്രന്ഥസൂചിയുടെ ഘടന. ഗ്രന്ഥസൂചിയുടെ വ്യാപ്തി പരിമിതമാണെങ്കിലും, ഭാരതീയ ഭാഷകളിലെ തലമുതിർന്ന പണ്ഡിതന്മാർ ക്രോഡീകരിച്ച വിവരണകോശമെന്ന ബഹുമതി അക്കാദമിഗ്രന്ഥസൂചി അർഹിക്കുന്നുണ്ടു്. ശ്രീനാട്ട കുഞ്ഞൻ പിള്ളയാണു് മലയാള ഖണ്ഡത്തിന്റെ സമാഹർത്താവു്.

## ഭാരതീയ ഭാഷകളിലെ പ്രധാന ഗ്രന്ഥസൂചികൾ

സമീപകാലംവരെ ബ്രിട്ടീഷ് മ്യൂസിയം കാറ്റലോഗുകളായിരുന്നു, ഭാരതീയ പുസ്തകങ്ങൾ അന്വേഷിക്കുന്നവർക്കുള്ള പ്രധാന വഴികാട്ടികൾ. എന്നാൽ സ്വാതന്ത്ര്യപ്രാപ്തിയ്ക്കു ശേഷം, ഭാരതീയഭാഷാവികസനപരിപാടികൾ ആസൂത്രണം ചെയ്തതിന്റെ ഫലമായി, ചില ഭാഷകളിൽ ബൃഹത് ഗ്രന്ഥസൂചികൾ ഉടലെടുത്തു. കന്നഡ, തമിഴ്, പഞ്ചാബി, മറാഠി, ഹിന്ദി എന്നീ ഭാഷകളിലെ പുസ്തകങ്ങളുടെ സമഗ്രവിവരങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥസൂചികൾ ഇന്നു ലഭ്യമാണു്.

## മറാഠി ഗ്രന്ഥസൂചി

ഭാരതീയഭാഷകളിൽ ഇദംപ്രഥമമായി ഒരു ബൃഹത് ഗ്രന്ഥസൂചി ക്രോഡീകരിച്ചു പ്രസിദ്ധീകരിച്ചതു മറാഠിയിലാണു്. 'ഇന്ത്യൻ ബിബ്ലിയോഗ്രഫിയുടെ പിതാവു്' എന്നു വിശേഷിപ്പിക്കുന്ന ശങ്കർഗണേശ് ദാതെ (1905–1964) എന്ന ലൈബ്രേറിയന്റെ അപ്പ്രണമനോഭാവവും നിരന്തര പരിശ്രമവുമാണു് മറാഠി ഗ്രന്ഥസൂചിയുടെ പ്രകാശനത്തിനു വഴിതെളിയിച്ചതു്. ക്രി. പി. 1800 മുതൽ 1937 വരെയുള്ള കാലത്തു പ്രസിദ്ധീകരിച്ച 18, 678 ശീർഷകങ്ങൾ തരംതിരിച്ചു് അവയെ ഡ്യൂയിദശാംശവർഗ്ഗീകരണപദ്ധതി (Dewey Decimal Classification) യിലെ വിഷയവിഭജന ക്രമമനുസരിച്ചു വർഗ്ഗീകരണം ചെയ്തു, സമഗ്രമായ പുസ്തകവിവരങ്ങൾ രേഖപ്പെടുത്തിയാണു് ദാതെ തന്റെ ഗ്രന്ഥസൂചി പ്രസാധനം ചെയ്തതു്. ഈ മഹാസംരംഭത്തിൽ അദ്ദേഹത്തിനു

---

ഇന്ത്യൻ നാഷ്നൽ ബിബ്ലിയോഗ്രഫിയുടെ ഘടന, വ്യാപ്തി തുടങ്ങിയ വിവരങ്ങൾക്കു കെ. എം. ഗോവിയുടെ കാറ്റലോഗ് നിർമ്മാണം (1967) കാണുക.

23 The National bibliography of Indian literature, 1901–1953, ed-by B. S. Kesavan and Y. V. Kulkarni. New Delhi, Sahitya AKademi, 1962–

Digitized By Kerala Sahitya Akademi

യാതൊരു സ്ഥാപനത്തിന്റെയും സാമ്പത്തിക സഹായം ലഭിച്ചിരുന്നില്ലെന്നു പ്രത്യേകം സൂചിപ്പിക്കട്ടെ. 1943 ലാണ് മറാഠി ഗ്രന്ഥസൂചി പ്രസാധിതമായതു്. സൂചിയുടെ വ്യാപ്തി 1950 വരെ വ്യാപിപ്പിച്ചുകൊണ്ടുള്ള ഒരു പൂരണവാല്യം, 1961-ൽ ശ്രീ ദാതെ പ്രസിദ്ധീകരിച്ചു. 7839 ശീർഷകങ്ങളാണ് സപ്ലിമെണ്ടിലുള്ളതു്. അതിനുശേഷമുള്ള പുസ്തകങ്ങളുടെ വിവരങ്ങൾ, ദാതെയുടെ സ്മരണ നിലനിർത്താൻ സ്ഥാപിക്കപ്പെട്ടിട്ടുള്ള 'ദാതെ സൂചിമണ്ഡൽ' ശേഖരിച്ചുവരുന്നുണ്ടു്.

## തമിഴ് നൂൽ വിവരഅട്ടവണൈ

പത്രപുസ്തക നിയമമുപയോഗിച്ചു പുസ്തകങ്ങൾ ശേഖരിച്ചു സംരക്ഷിക്കുന്നതിൽ, കാര്യക്ഷമമായ ഭരണപാരമ്പര്യം അവകാശപ്പെടാവുന്ന പഴയ മദിരാശി സംസ്ഥാനഗവണ്മെണ്ടു കാണിച്ച ശ്രദ്ധാന്തി തമിഴ് ഭാഷയ്ക്കു പ്രയോജനപ്പെട്ടു. പഴയ തമിഴ് കൃതികൾ ഇന്നു ഗവേഷകർക്കു ലഭ്യമാണെന്നു് മാത്രമല്ല, അവയുടെ ആധികാരിക വിവരങ്ങളടങ്ങുന്ന ഒരു ബൃഹത് ഗ്രന്ഥസൂചിയും ഭാഷയിലുണ്ടായി. 'തമിഴ് നൂൽ വിവരഅട്ടവണൈ' എന്ന ശീർഷകത്തിലുള്ള തമിഴ് ഗ്രന്ഥസൂചിയെയാണ് ഇവിടെ സൂചിപ്പിക്കുന്നതു്. 1867 മുതൽ 1910 വരെ പത്രപുസ്തക റജിസ്ട്രേഷൻ നിയമമനുസരിച്ചു ശേഖരിച്ച പുസ്തകങ്ങളാണ് തമിഴ് നൂൽ വിവരഅട്ടവണൈ കൈകാര്യം ചെയ്യുന്നതു്. 1961-ൽ പ്രസിദ്ധീകരണമാരംഭിച്ചു, ആറുവാല്യങ്ങളിൽ ഉള്ളടക്കം മുഴമിച്ച ഈ ഗ്രന്ഥസൂചി വർഗ്ഗീകൃത ഗ്രന്ഥസൂചിയുടെ ഉത്തമോദാഹരണങ്ങളിലൊന്നാണ്. ഡ്യൂയി ദശാംശവർഗ്ഗീകരണത്തിന്റെ അടിസ്ഥാനത്തിലും ആ പദ്ധതിയിലെ സംജ്ഞകളുപയോഗിച്ചും പുസ്തകങ്ങളുടെ വർഗ്ഗീകരണം നടത്തിയതു കൊണ്ടു, ഓരോ പുസ്തകത്തിന്റെയും പ്രതിപാദ്യവിഷയം ഈ ഗ്രന്ഥസൂചിയിൽ നിന്നു നമുക്കു ലഭിക്കും. 1910 മുതൽ 1954 വരെയുള്ള തമിഴ് കൃതികളുടെ സൂചി പ്രസാധനം ചെയ്യാനുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുന്നു.

## പഞ്ചാബി പുസ്തക് കോശ്

ഭാരതവിഭജനം കൊണ്ടുണ്ടായ നിരവധി സാമൂഹ്യസാമ്പത്തിക പ്രശ്നങ്ങൾ നേരിടേണ്ടി വന്നിട്ടും, സാമ്പത്തിക വികസനത്തിൽ മറ്റു സ്റ്റേറ്റുകളെ പിന്നിലാക്കിക്കൊണ്ടു മുന്നോട്ടുകുതിച്ച ഒരു സംസ്ഥാനമാണ് പഞ്ചാബ്. സാംസ്കാരിക വികസനത്തിലും പഞ്ചാബ് പിന്നിലല്ല. ഭാഷാവികസന പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനു ഒരു പ്രത്യേക ഭാഷാ വകുപ്പുതന്നെ പഞ്ചാബിലുണ്ടു്. ഭാഷാവകുപ്പിന്റെ നിരവധി അടിസ്ഥാനഗ്രന്ഥങ്ങളിലൊന്നാണ് പഞ്ചാബി പുസ്തക് കോശ്. അച്ചടിയുടെ ആരംഭംമുതൽ 1968 വരെയുള്ള പഞ്ചാബി സാഹിത്യ സമ്പത്തിന്റെ വിശദവിവരങ്ങളാണ് പഞ്ചാബി പുസ്തക കോശിലുള്ളതു്. പഞ്ചാബിയുടെ പ്രായോഗികബുദ്ധിയുടെ ഉദാഹരണം കൂടിയാണ് പഞ്ചാബി പുസ്തക് കോശ്. അറുപതോളം വിഷയവിഭാഗങ്ങളുൾക്കൊള്ളുന്ന ഈ ഗ്രന്ഥസൂചിയിൽ പുസ്തകവിവരം രേഖപ്പെടുത്തിയിട്ടുള്ളതു് ഏതാനും കോളങ്ങളിലാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഒരു പട്ടികയുടെ രൂപമാണ് ഗ്രന്ഥസൂചിക്കു്. എന്നാൽ ഗ്രന്ഥകാര, ശീർഷക സൂചികൾ പ്രത്യേകിച്ചില്ലാത്തതുകൊണ്ടു്, പുസ്തകകോശിന്റെ പ്രയോജനം പരിമിതമായി.

## ഹിന്ദി

ഗ്രന്ഥസൂചികളുടെ കാര്യത്തിൽ പ്രായേണ സമ്പന്നമാണ് രാഷ്ട്രഭാഷ. സർക്കാർ സഹായം നിർലോഭം ലഭിച്ചതുകൊണ്ടു ഏതാനും ബൃഹത് ഗ്രന്ഥ

Digitized By Kerala Sahitya Akademi

സൂചികൾ ഹിന്ദിയിലുണ്ട്". 1828 മുതൽ 1972 വരെ ഹിന്ദിഭാഷയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഏതാണ്ടെല്ലാ ന"ഥസൂചികളുടേയും കാറ്റലോഗുകളുടേയും വിവരങ്ങൾ ഹോസ"ലാ പ്രസാദിന്റെ 'ഹിന്ദി ന"ഥസൂചി സാരണി'[24]യിൽ കാണാം. പ്രധാനപ്പെട്ട ചില വിവരണകോശങ്ങളെപ്പറ്റിയെ ഇവിടെ പ്രതിപാദിക്കുന്നുള്ളൂ.

പ്രധാനപ്പെട്ട ആദ്യകാല ഹിന്ദിഗ്രന്ഥസൂചികളിലൊന്നാണ" മാതാപ്രസാദ് ഗുപ്തയുടെ 'ഹിന്ദിപുസ്തക" സാഹിത്യ'. 1867 മുതൽ 1942 വരെയുള്ള കാലഘട്ടത്തിൽ മുദ്രണം ചെയ്ത കൃതികളാണ", 1945-ൽ പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥസൂചിയിലുൾപ്പെടുത്തിയിട്ടുള്ളത്. പഴയതും പുതിയതുമായ അടിസ്ഥാന കൃതികളുടെ നല്ലൊരു പട്ടികയാണ" ബീഹാർ സർക്കാർ 1952-ൽ പ്രസിദ്ധീകരിച്ച 'ഹിന്ദി ഗ്രന്ഥസൂചി.' പുസ്തകശേഖരം കെട്ടിപ്പടുക്കുന്ന കാര്യത്തിൽ ഗ്രന്ഥശാലകളെ സഹായിക്കുന്നതിനാണ" ബീഹാർ ഗവണ്മെണ്ട് ഈ ഗ്രന്ഥസൂചി പ്രസിദ്ധീകരിച്ചത്. രാഷ്ട്രഭാഷയുടെ ഉന്നമനത്തിനുവേണ്ടി യത്നിക്കുന്ന വാരാണസിയിലെ നാഗരീ പ്രചാരണിസഭയുടെ ആഭിമുഖ്യത്തിലും ഒരു ബൃഹത" ഗ്രന"ഥസൂചി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. 'ഹിന്ദീ മേം ഉച്ചതർ സാഹിത്യ' എന്ന ശീർഷകത്തിലുള്ള ഈ ഗ്രന"ഥസൂചി 20,000ത്തിലധികം പുസ്തകങ്ങളുടെ വിവരണങ്ങൾ നൽകുന്നു. യശ"പാൽ മഹാജനും കൃഷ്ണമഹാജനും കൂടി പ്രസാധനം ചെയ്ത 'ബൃഹത" ഹിന്ദി ഗ്രന്ഥസൂചി' (1965) യിൽ അഞ്ഞൂറിലധികം പ്രസിദ്ധീകരണശാലകൾ 1964 ഒക"ടോബർ വരെ പ്രസിദ്ധീകരിച്ച 24,000 പുസ്തകങ്ങളുടെ വിവരങ്ങളുണ്ട്. ഈ വാല്യത്തിൽ നിന്നു വിട്ടുപോയ പഴയ കൃതികളും 1965-66 വർഷങ്ങളിൽ പ്രകാശനം ചെയ്യപ്പെട്ട പുതിയ പുസ്തകങ്ങളും ഉൾപ്പെടുത്തി ഒരു സപ്ലിമെണ്ടറി വാല്യം, 1966-ൽ തന്നെ പ്രസിദ്ധീകരിക്കുവാൻ മഹാജൻമാർക്കു സാധിച്ചു.

മേല്പറഞ്ഞ ഗ്രന"ഥസൂചികളുടെ വ്യാപ്തിയും പരിധിയും പരിമിതമാണെന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം. അവയിലൊന്നിലും തന്നെ ഇരുപത്തയ്യായിരത്തിലധികം പുസ്തകങ്ങളില്ല. ഈ ന്യൂനത കുറെയൊക്കെ പരിഹരിക്കാൻ, ഹൊഷിയാർപ്പൂരിലെ വിശ്വേശ്വരാനന്ദ ഇൻസ"റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന 'ഹിന്ദി സാഹിത്യസാരിണി'യ്ക്കു സാധിക്കുമെന്നു തോന്നുന്നു. കേന്ദ്ര ഗവൺമെണ്ടിന്റെ ധനസഹായത്തോടെ രണ്ടു വാല്യത്തിൽ പ്രസിദ്ധീകരിക്കാനുദ്ദേശിക്കുന്ന 'സാരിണി'യുടെ ഒന്നാം വാല്യം 1971-ൽ പ്രസാധിതമായി. സാഹിത്യമാണ് പ്രസിദ്ധീകൃതവാല്യത്തിന്റെ ഉള്ളടക്കം. സാഹിത്യേതരകൃതികൾ രണ്ടാം വാല്യത്തിലുൾപ്പെടുത്തും. ഇരുപതു വിഷയവിഭാഗങ്ങളിലായി 40,000ത്തിലധികം ശീർഷകങ്ങളാണ" ഹിന്ദി സാഹിത്യസാരിണി രേഖപ്പെടുത്തുക. പീതാംബർ നാരായണനും, എസ" ഭാസ്കരൻനായരുമാണ" ഗ്രന്ഥസൂചിയുടെ പ്രസാധകർ.

### കന്നഡ

മൈസൂർ സർവ്വകലാശാലയുടെ സുവർണ്ണജൂബിലി (1966) ആഘോഷങ്ങളാണ", കന്നഡ പുസ്തകങ്ങളുടെ ഗ്രന"ഥസൂചിനിർമ്മാണത്തിനു വഴിതെളിയിച്ചത്. ആഘോഷങ്ങളുടെ ഭാഗമായി ഗ്രന"ഥസൂചിപദ്ധതി അംഗീകരിക്കുകയും 1967-ൽത്തന്നെ ജോലി ആരംഭിക്കുകയും ചെയ്തു. ഒരു ഗവേ

---

24 ഹോസലാപ്രസാദ" റാക്കർ, ഹിന്ദി ഗ്രന്ഥസൂചിസാരിണി, ഹൊഷിയാർപൂർ വിശ്വേശ്വരാനന്ദ ഇൻസ"റ്റിറ്റ്യൂട്ട". 1978.

Digitized By Kerala Sahitya Akademi

ഷണ പ്രോജക്ടിന്റെ പദവി നൽകി, പ്രത്യേകമൊരു വകുപ്പുണ്ടാക്കി, റിസർച്ച് ഉദ്യോഗസ്ഥന്മാരെ നിയമിച്ചാണ് ഗ്രന്ഥസൂചിയുടെ നിർമ്മാണം നടത്തിയത്. അച്ചടിയുടെ ആരംഭം മുതൽ 1967 വരെ പ്രസിദ്ധീകരിച്ച 30,000 പുസ്തകങ്ങളുടെ വിവരങ്ങൾ ശേഖരിച്ചുവെച്ചിട്ടുണ്ട് [25]. ഒന്നാം വാല്യത്തിൽ ശാസ്ത്രകൃതികൾ, രണ്ടിൽ കലകൾ, തത്ത്വചിന്ത, മതം, ഭാഷ തുടങ്ങിയ മാനവിക വിഷയങ്ങൾ, സാഹിത്യത്തിന്റെ മൂന്നും നാലും ഭാഗങ്ങൾ, അഞ്ചാം വാല്യത്തിൽ സാമൂഹ്യശാസ്ത്രം—ഇതാണ് പ്രസാധന പരിപാടി. 1449 ശാസ്ത്രകൃതികളുടെ വിവരങ്ങളടങ്ങുന്ന ഒന്നാംവാല്യം 1971-ൽ പ്രസിദ്ധീകരിക്കാൻ മാത്രമേ ഇതുവരെ സാധിച്ചിട്ടുള്ളൂ. പ്രസാധന പരിപാടി പൂർത്തിയായാൽ ഒന്നാന്തരമൊരു ഗ്രന്ഥസൂചി ഭാഷയ്ക്ക് ലഭിക്കും.

## ഗ്രന്ഥസൂചി മലയാളത്തിൽ

ഇനി ഭാഷയിലെ ഗ്രന്ഥസൂചികളെക്കുറിച്ചാണ് ചിന്തിക്കേണ്ടത്. വിരലിലെണ്ണാവുന്ന ഗ്രന്ഥസൂചികളെ മലയാളത്തിൽ പ്രസിദ്ധീകൃതമായിട്ടുള്ളൂ. ഇവയുടെ സമ്പൂർണ്ണവിവരങ്ങൾ മലയാളഗ്രന്ഥസൂചിയുടെ രണ്ടാം വാല്യത്തിലുള്ള 'പൊതുഗ്രന്ഥങ്ങൾ' എന്ന ഖണ്ഡത്തിൽ കാണാം.

## ഗ്രന്ഥസൂചികളുടെ ശീർഷകങ്ങളും ഇവിടെ കുറിച്ചിടട്ടെ:—

1) ഗോവി, കെ. എം. — നമ്മുടെ റഫറൻസ് സാഹിത്യം
2) വൈദ്യനാഥയ്യർ, ജി — മലയാളത്തിലെ ബാലസാഹിത്യ ഗ്രന്ഥങ്ങളുടെ സൂചി
3) ശർമ്മ, കെ. വി. — എഴുത്തച്ഛൻ സാഹിത്യം
4) പി. എസ് ലൈബ്രറി — ഗ്രന്ഥ നികഷം
5) ദേശീയ ഗ്രന്ഥസൂചി: — മലയാള വിഭാഗം

ഇവയിൽ ഒന്നും, രണ്ടും, മൂന്നും ഇനങ്ങൾ, ശീർഷകങ്ങൾ സൂചിപ്പിക്കുന്നതുപോലെ പ്രത്യേക വിഷയഗ്രന്ഥസൂചികളാണ്. ഇന്ത്യൻ നാഷനൽ ബിബ്ലിയോഗ്രഫിയുടെ മലയാള വിഭാഗമാണ് ദേശീയഗ്രന്ഥസൂചി. അധുനാതന പ്രസിദ്ധീകരണങ്ങളുടെ സമഗ്രവിവരങ്ങൾ, വർഷത്തിലൊരിക്കൽ പ്രകാശനം ചെയ്യുന്ന ദേശീയഗ്രന്ഥസൂചിയിൽനിന്നു ലഭിക്കുന്നു. വാർഷികലക്കങ്ങളിലെ രേഖകൾ കൂട്ടിച്ചേർത്തു, ദശവത്സരവാല്യങ്ങളായി പ്രകാശനം ചെയ്യാനും വ്യവസ്ഥയുണ്ട്. ദേശീയഗ്രന്ഥസൂചിയുടെ ആദ്യത്തെ ദശവത്സരവാല്യം ഇതിനകം പ്രസാധിതമായിട്ടുണ്ട്. 1958-മുതൽ 1967 വരെയുള്ള അയ്യായിരത്തിലധികം പുസ്തകങ്ങൾ രേഖപ്പെടുത്തുന്ന ഈ പ്രസിദ്ധീകരണമാണ് ഭാഷയിലെ പ്രഥമ ബൃഹത്ഗ്രന്ഥസൂചി. കൊല്ലാകൊല്ലം പ്രകാശനം ചെയ്യപ്പെടുന്ന എല്ലാ പുസ്തകങ്ങളും അതാതു വർഷങ്ങളിൽത്തന്നെ ദേശീയഗ്രന്ഥസൂചിയിൽ പ്രത്യക്ഷപ്പെടുന്നില്ലെങ്കിലും, അധുനാതന പുസ്തകങ്ങൾ രേഖപ്പെടുത്തി, കാലികമായി പ്രസിദ്ധീകരിക്കുവാനുള്ള ഒരു സ്ഥിരം ഏർപ്പാട് ഇന്നു മലയാളമടക്കമുള്ള ഭാരതീയ ഭാഷകളിൽ നിലവിലുണ്ട്. ഗ്രന്ഥസൂചിയുടെ ആയിരം പ്രതികൾ സൗജന്യമായി ഗ്രന്ഥശാലകൾക്കും മറ്റും നൽകാനുള്ള കേരള സർക്കാരിന്റെ തീരുമാനവും സ്വാഗതാർഹമാണ്. അധുനാതന പ്രസിദ്ധീകരണങ്ങൾ തേടിപ്പിടിക്കുന്ന കൃത്യം ഇന്നു ക്ലേശരഹിതമായി നിർവ്വഹിക്കാം.

---

25 Deshpande, K. S. Towards a retrospective bibliography of books in Indian Languages: case study of Kannada Publications. *In Comparative Librarianship*. ed by N. N. Gidwani. Bombay, 1973 pp 172

Digitized By Kerala Sahitya Akademi

1958 നു മുമ്പു് പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ വിവരണപ്പട്ടികകളെക്കുറിച്ചാണു് ഇനി അന്വേഷിക്കേണ്ടതു്. കേന്ദ്രസാഹിത്യഅക്കാദമിയുടെ ഭാരതീയ സാഹിത്യസൂചിയെക്കുറിച്ചു മുമ്പു സൂചിപ്പിച്ചുവല്ലൊ. മൂവായിരത്തി അറുനൂറോളം മലയാളപുസ്തകങ്ങൾ ഗ്രന്ഥസൂചിയുടെ രണ്ടാം വാല്യത്തിൽ കാണാം. അഭിനയിക്കാൻപറ്റിയ ഭാരതീയനാടകങ്ങളുടെ പട്ടികയിൽ, എം. കെ. സാനു തയ്യാറാക്കിയ മലയാള വിഭാഗത്തിനും സ്ഥാനം ലഭിച്ചിട്ടുണ്ടു്[26]. ഭാഷയിലെ ശാസ്ത്രകൃതികളെ മറെറാരു അഖിലഭാരത ഗ്രന്ഥസൂചിയിലും കാണാം[27]. പക്ഷെ ഈ പ്രസിദ്ധീകരണങ്ങളെല്ലാം അവയുടെ സർവ്വഭാരതീയ സ്വഭാവം കാരണം, റോമൻ ലിപിയിലാണു് പ്രകാശനം ചെയ്തിട്ടുള്ളതു്.

ആലുവായിലെ പി. എസ്. ലൈബ്രറി പ്രവർത്തകർ രചിച്ച 'ഗ്രന്ഥനികഷം' മാത്രമാണു് പഴയ മലയാളകൃതിയുടെ ഏക ഗ്രന്ഥസൂചി. രണ്ടായിരം പുസ്തകങ്ങളുടെ പട്ടികയാണു് ഗ്രന്ഥനികഷം. ഭാഷയിലെ പ്രഥമോദ്യമമെന്ന നിലയിൽ മാന്യതയർഹിക്കുന്നുണ്ടെങ്കിലും, ഗ്രന്ഥനികഷത്തിന്റെ റഫറൻസു മൂല്യം പരിമിതമാണു്. ശാസ്ത്രഗതിയുടെ അഞ്ചാറു ലക്ഷങ്ങളിലൂടെ വിജ്ഞാന സാഹിത്യകൃതികളെ പരിചയപ്പെടുത്താൻ ശ്രീ. എം. എൻ. സുബ്രഹ്മണ്യൻ ചെയ്ത പരിശ്രമത്തെപ്പററിയും ഇവിടെ സ്മരിക്കട്ടെ. ചുരുക്കിപ്പറഞ്ഞാൽ ഗ്രന്ഥസൂചികളുടെ കാര്യത്തിൽ കൈരളി എന്നും ദരിദ്രയായിരുന്നു. ചിത്തിരതിരുനാൾ ഗ്രന്ഥശാലയുടെ കാററലോഗും, ഏതാനും പുസ്തകപ്പട്ടികകളുമുപയോഗിച്ചാണു് മലയാളികൾതങ്ങളുടെ പുസ്തകസമ്പത്തിനെപ്പററിയുള്ള സംശയങ്ങൾ തീർത്തതും, പഠനങ്ങൾ നടത്തിയതും. ചില സഹൃദയരുടെ ഔത്സുക്യം സഹായത്തിനുമുണ്ടായിരുന്നു. പുസ്തകരംഗത്തെ ഈ വിടവു നികത്താനുള്ള എളിയ ശ്രമമാണു് കേരള സാഹിത്യഅക്കാദമി അവതരിപ്പിക്കുന്ന മലയാളഗ്രന്ഥസൂചി.

## മലയാള ഗ്രന്ഥസൂചി: വിവരങ്ങൾ ശേഖരിച്ച രീതി

സമ്പന്നമായ ഏതാനും ഗ്രന്ഥശേഖരങ്ങൾ, അഭിമാനാർഹമായ പുസ്തക സംരക്ഷണ പാരമ്പര്യം, വിശ്വസനീയമായ പുസ്തകകാററലോഗുകൾ എന്നിവയുടെ അടിസ്ഥാനത്തിലേ പൂർവ്വകാലഗ്രന്ഥസൂചികൾ വിജയകരമായി പ്രസാധനം ചെയ്യാൻ സാധിക്കുകയുള്ളൂ. എന്നാൽ ഈ ഘടകങ്ങളുടെ പ്രകടമായ അഭാവം അനുഭവിക്കുന്ന ഭാരതീയ ഭാഷകളിലൊന്നാണു് മലയാളം. മൂന്നു വ്യത്യസ്ത ഭരണകൂടങ്ങളുടെ കീഴിൽ നൂറാണ്ടുകളോളം കഴിച്ചുകൂട്ടിയ കേരളത്തിൽ, എല്ലാ മലയാള പുസ്തകങ്ങളും ശേഖരിച്ചു വെച്ച ഒരു കേന്ദ്രഗ്രന്ഥശാല ഉടലെടുക്കാത്തതിൽ അത്ഭുതപ്പെടാനില്ല. കാരണം ഗ്രന്ഥാലയ സംരക്ഷണോദ്ദേശത്തോടെ നടപ്പിലാക്കിയ പുസ്തകരജിസ്ട്രേഷൻനിയമം മലബാറിൽ മാത്രമേ പ്രാബല്യത്തിലുണ്ടായിരുന്നുള്ളൂ. അവിടെ ശേഖരിച്ച പുസ്തകങ്ങൾ എത്തിപ്പെട്ടതോ മറുനാട്ടിലും. പൊതുഗ്രന്ഥശാലാപ്രസ്ഥാനം ശക്തിപ്പെട്ടതു സമീപകാലത്താണെങ്കിലും, തിരുവനന്തപുരം പബ്ളിക്ക് ലൈബ്രറി പോലെയുള്ള ചില സ്ഥാപനങ്ങൾ വളരെ മുമ്പുതന്നെ സ്ഥാപിക്കപ്പെട്ടിരുന്നു. പക്ഷെ ശേഖരിച്ച പുസ്തകങ്ങൾ വേണ്ടതുപോലെ സംരക്ഷിക്കുന്ന കാര്യത്തിൽ പഴയ ഗ്രന്ഥശാലകൾ ഉദാസീനതയാണു പ്രദർശിപ്പിച്ചതു്. കെട്ടും ചട്ടയുമായി വിടവാങ്ങി

---

26 Bibliography of stageble plays in Indian languages, ed. by c. c. Mehta Baroda. M. S. University 1963—Vol. 2.
Indian Scientific and Technical publications.

27 New Delhi, S. C I.R., 1960.

Digitized By Kerala Sahitya Akademi

യവയാണ ഗ്രന്ഥശാലകളിലുള്ള പഴയ പുസ്തകങ്ങളിലധികവും. ഫലമോ? പുസ്തകങ്ങൾ തിരിച്ചറിഞ്ഞു രേഖപ്പെടുത്തുന്ന കൃത്യം ക്ലേശകരമായി. പുറംചട്ടയും മുഖപത്രവും ആദ്യത്തെ പേജുകളും മറുമില്ലെങ്കിലെങ്ങിനെ പുസ്തകത്തിന്റെ ഗ്രന്ഥകർതൃത്വവും മറും നിശ്ചയിക്കാൻ കഴിയും? അച്ചടിച്ച പുസ്തക കാറ്റലോഗുകളെ ആശ്രയിച്ചു ഈ വിഷമം കുറെയൊക്കെ പരിഹരിക്കാവുന്നതാണു്. പക്ഷെ ഒരു കേരളീയ ഗ്രന്ഥശാലയും വിശദമായ കാറ്റലോഗുകൾ പ്രസിദ്ധീകരിച്ചിട്ടില്ല.

മേല്പറഞ്ഞ സാഹചര്യങ്ങളിൽ ഗ്രന്ഥസൂചീരചനയ്ക്കു ഒരുങ്ങിയ കേരള സാഹിത്യ അക്കാദമിയുടെ മുമ്പിൽ രണ്ടു മാർഗ്ഗങ്ങളുണ്ടായിരുന്നു. ഒന്നു്: കർണ്ണാടക ക്കാർ ചെയ്തതുപോലെ ഗ്രന്ഥസൂചീനിർമ്മാണം ഒരു ഗവേഷണ പ്രോജക്ടായി ഗണിച്ചു, മുഴുവൻ സമയം ഗവേഷകരേയും എഡിറ്റർമാരേയും മറും നിയമിച്ചു ഗ്രന്ഥസൂചി തയ്യാറാക്കുക. രണ്ടു്: ഒരു സമയബദ്ധപരിപാടിയുടെ അടിസ്ഥാനത്തിൽ, ശമ്പളക്കാരും ആഫീസും മറുമൊന്നുമില്ലാതെ, കിട്ടാവുന്നേടത്തോളം പുസ്തകവിവരങ്ങൾ രേഖരിച്ചു ഗ്രന്ഥസൂചി പ്രസിദ്ധീകരിക്കുക. ഇതിൽ രണ്ടാമത്തെ മാർഗ്ഗമാണു് അക്കാദമി സ്വീകരിച്ചതു്.

## വിവരങ്ങൾ രേഖരിച്ച രീതി

താഴെപ്പറയുന്ന മൂന്നു പ്രധാന മാർഗ്ഗങ്ങളിലൂടെയാണു് ഗ്രന്ഥസൂചിക്കു വേണ്ട അടിസ്ഥാന കരുക്കൾ രേഖരിച്ചതു്.

1) പൊതുഗ്രന്ഥശാലാ സന്ദർശനം
2) സ്വകാര്യ ഗ്രന്ഥരേഖര പരിശോധന
3) ഗ്രന്ഥശാലാ കാറ്റലോഗുകളുടെ പരിശോധന.

ഞങ്ങൾ പരിശോധിച്ച ഗ്രന്ഥശാലകളുടേയും സ്വകാര്യഗ്രന്ഥരേഖരങ്ങളുടേയും വിശദമായ പട്ടിക അന്യത്ര ചേർത്തിട്ടുണ്ടു്. പഴയതും പുതിയതുമായ കൃതികളും സാഹിത്യവും സാഹിത്യേതരകൃതികളും അടങ്ങുന്ന സമഗ്രമായൊരു ഗ്രന്ഥരേഖരം ഗ്രന്ഥസൂചിയ്ക്കുവേണ്ടി പരിശോധിച്ച ഒരൊറ്റ സ്ഥാപനത്തിലുമില്ലെന്നുകൂടി ഇവിടെ ചൂണ്ടിക്കാണിക്കട്ടെ. കൂട്ടത്തിൽ ഭേദം കേരളസാഹിത്യ അക്കാദമിയുടെ ഗ്രന്ഥരേഖരമാണു്. അക്കാദമി ഗ്രന്ഥരേഖരത്തിലും ഉള്ളൂർ പുസ്തകരേഖരത്തിലും, ചിത്തിരതിരുനാൾ ഗ്രന്ഥശാലയിലും ധാരാളം പഴയ പുസ്തകങ്ങളുണ്ടെങ്കിലും അവ സംരക്ഷിക്കുന്നകാര്യത്തിൽ ശാസ്ത്രത്തിന്റെ മുഴുവൻ സേവനങ്ങൾ നമുക്കുപയോഗിക്കാൻ സാധിച്ചിട്ടില്ല. ഗ്രന്ഥശാലകളിലും സ്വകാര്യ ഗ്രന്ഥരേഖരങ്ങളിലുമായി ചിന്നിച്ചിതറിക്കിടക്കുന്ന പഴയ പുസ്തകങ്ങൾ ഒരു കേന്ദ്രത്തിൽ രേഖരിച്ചു സൂക്ഷിക്കുന്നതു കേരളീയഗവേഷണത്തിനു ഭാവിയിലൊരനുഗ്രഹമായിരിക്കും. ബുദ്ധിജീവികളുടെ ശ്രദ്ധപതിയേണ്ട വിഷയമാണിതു്.

വിശദമായ കാറ്റലോഗുകളുടെ ദൌർലഭ്യത്തെക്കുറിച്ചു മുമ്പു സൂചിപ്പിച്ചുവല്ലൊ. പഴയ മലയാളകൃതികൾ സംഭരിച്ചു വെച്ചിട്ടുള്ള ഇന്ത്യാ ആഫീസു ലൈബ്രറി (ലണ്ടൻ) യുടെ കാറ്റലോഗ രേഖകൾ മാത്രമെ ഗ്രന്ഥസൂചീരചനയ്ക്കു പ്രയോജനപ്പെട്ടിട്ടുള്ളു. ഇന്ത്യാആഫീസുകാറ്റലോഗു് അച്ചടിച്ചിട്ടില്ല. കാർഡുകളുടെ ഫോട്ടോകാപ്പികൾ വരുത്തിയാണു് വിവരങ്ങൾ രേഖരിച്ചതു്. മുദ്രണശാലകളുടെയും പ്രസിദ്ധീകരണശാലകളുടേയും പേരു വിവരങ്ങൾ കാർഡുകളിൽ രേഖപ്പെടുത്തിയിരുന്നില്ല. തൽഫലമായി ഇന്ത്യാ ആഫീസു് ലൈബ്രറിയിലെ പുസ്തകങ്ങളുടെ രേഖകളിൽ പ്രസ്തുതവിവരങ്ങൾ നൽകാൻ കഴിഞ്ഞില്ലെ

Digitized By Kerala Sahitya Akademi

ന്നുകൂടി ഇവിടെ പ്രസ്താവിക്കട്ടെ. പഴയ മലയാളപുസ്തകങ്ങൾ സമൃദ്ധമായുള്ള മറെറാരു ലണ്ടൻ ലൈബ്രറിയാണു് ബ്രിട്ടീഷ്"മ്യൂസിയം. മ്യൂസിയത്തിലെ മലയാളപുസ്തകങ്ങളുടെ വിശദമായ കാററലോഗ്[28] ഇതിനിടെ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. പക്ഷെ കാററലോഗിന്റെ കോപ്പികൾ ഇന്ത്യയിലെത്തിയപ്പോഴേക്കും (1972 ജൂൺ) മലയാള ഗ്രന്ഥസൂചിയുടെ കൈയ്യെഴുത്തുപ്രതി തയ്യാറാക്കുന്ന ജോലിക്രമം ആരംഭിച്ചിരുന്നു. അതിനാൽ പ്രസ്തുത കാററലോഗിലെ വിവരങ്ങൾ ശേഖരിച്ചു ഗ്രന്ഥസൂചിയിലുൾപ്പെടുത്താൻ ചില പ്രായോഗിക വിഷമങ്ങൾ കാരണം സാധിച്ചിട്ടില്ല. മ്യൂസിയത്തിലുള്ളതും ഈ ഗ്രന്ഥസൂചിയിൽ രേഖപ്പെടുത്താത്തതുമായ പഴയ കൃതികളുടെ പട്ടിക രണ്ടാം വാല്യത്തിൽ അനുബന്ധമായി ചേർക്കാൻ ശ്രമിക്കുന്നതാണു്; അവയുടെ സംഖ്യ എത്ര നിസ്സാരമായാലും.

മേൽവിവരിച്ച മൂന്നു മാസ്സങ്ങൾക്കു പുറമെ പത്രങ്ങളിൽ അഭ്യർത്ഥനകൾ പ്രസിദ്ധീകരിച്ചും പഴയ പുസ്തകങ്ങൾ ശേഖരിക്കുവാൻ ശ്രമിച്ചിട്ടുണ്ടു്.

ഗ്രന്ഥസൂചിയിൽ ഏതൊക്കെ വിവരങ്ങൾ ഉൾപ്പെടുത്തേണമെന്നും, അവ ഏതു ക്രമത്തിൽ രേഖപ്പെടുത്തേണമെന്നും നിശ്ചയിച്ചതിനുശേഷം 10X15 സെ.മീ.വലിപ്പത്തിലുള്ള കാർഡുകൾ അച്ചടിച്ചു്, ആ കാർഡുകളിലാണു് പുസ്തകവിവരങ്ങൾ ശേഖരിച്ചു ക്രമപ്പെടുത്തിയതു്. വിവരങ്ങൾ ശേഖരിച്ചു രേഖപ്പെടുത്തുന്ന ജോലിയിലേർപ്പെട്ടിരുന്നവർക്കു, ആ വിഷയത്തിൽ മാർഗ്ഗദർശനം നൽകുന്നതിനു വിശദമായൊരു നിർദ്ദേശാവലിയും തയ്യാറാക്കിയിരുന്നു. നിർദ്ദേശാവലിയുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച കാർഡുകൾ ആദ്യം ഗ്രന്ഥകാരന്റെ പേരിന്റെ അനുവർണ്ണ ക്രമത്തിൽ സൂക്ഷിച്ചുവെച്ചു. കല്ക്കത്തയിലും തിരുവനന്തപുരത്തും ഒരേസമയത്തു ക്രോഡീകരണജോലി നടന്നതുകൊണ്ടും, ഒഴിവാക്കാൻ വയ്യാത്ത മറു ചില കാരണങ്ങളാലും നല്ലൊരു ശതമാനം പുസ്തകങ്ങൾക്കു ഒന്നിലധികം കാർഡുകൾ രചിക്കപ്പെട്ടിരുന്നു. പിന്നീടു്, വിവരങ്ങൾ ശേഖരിക്കുന്ന ജോലി പൂർണ്ണമാക്കിയതിനു ശേഷം, ഓരോ കാർഡും പരിശോധിച്ചു, അന്തിമമായി അംഗീകരിച്ചു, ആവർത്തനങ്ങൾ ഒഴിവാക്കി, പുസ്തകരേഖകളെ വിവിധ വിഷയവിഭാഗങ്ങളിലേക്കു മാററി. തിരുത്തലുകളും വെട്ടലുകളും ധാരാളമായുള്ള കാർഡുകളിൽനിന്നു നേരിട്ടു മുദ്രണം ചെയ്യാനുള്ള പ്രായോഗിക വിഷമതകൾ കാരണം, കാർഡുകളിലെ രേഖകൾ, കടലാസ്സിലേക്കു പകർത്തി, പ്രസ്സ് കോപ്പി തയ്യാറാക്കി. ആ കോപ്പിയാണു് അച്ചടിക്കുപയോഗിച്ചതു്. കാർഡു പൂരിപ്പിക്കുന്നതു മുതൽ പ്രസ്സ്"കോപ്പി തയ്യാറാക്കുന്നതുവരെയുള്ള ജോലിക്രമത്തിന്റെ സംക്ഷിപ്തവിവരണം നൽകാൻ മാത്രമേ ഇവിടെ ശ്രമിച്ചിട്ടുള്ളു. വിശദാംശങ്ങളിലേക്കു കടന്നിട്ടില്ല.

## ഗ്രന്ഥസൂചിയുടെ വ്യാപ്തി

അച്ചടിയുടെ ആരംഭം മുതൽ 1970 വരെ പ്രസിദ്ധീകരിച്ച മലയാളം പുസ്തകങ്ങളാണു് ഗ്രന്ഥസൂചിയിലുള്ളതു്. മലയാളലിപിയിലുള്ള തമിഴ് സംസ്കൃത കൃതികളും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയുടെ സംഖ്യ പരിമിതമാണു്. 1920 വരെയുള്ള പ്രകാശനം ചെയ്യപ്പെട്ട രാഷ്ട്രീയ ലഘുലേഖകളുടെ വിവരങ്ങളും രേഖപ്പെടുത്താൻ തീരുമാനിച്ചിരുന്നുവെങ്കിലും, ദുർലഭം ചില ലഘുലേഖകളെ ഞങ്ങൾക്കു കണ്ടുകിട്ടിയിട്ടുള്ളു. ഹോംറൂൾ പ്രക്ഷോഭണകാലത്തു കെ. പി. കേശവമേനോൻ എഴുതി പ്രസിദ്ധീകരിച്ച ഒരു ലഘുപ്രബന്ധവും,

---

28 Catalogue of Malayalam books in the British museum with an appandix listing Brahmi, Gondi Kui, Malto, Oraon, toda and Tulu'ed. by Albertina Gaur. 1971.

Digitized By Kerala Sahitya Akademi

അതിനു മറെറാരു മാന്യൻ എഴുതിയ പ്രത്യാഖ്യാനവും ഇന്ത്യാ ആഫീസ് ലൈബ്രറിയിൽ ഭദ്രമായി സൂക്ഷിച്ചുവെച്ചിട്ടുണ്ടെങ്കിലും, സമീപകാലത്തു പ്രകാശനം ചെയ്യപ്പെട്ട ലഘുലേഖകൾ പോലും നമ്മുടെ പ്രധാന ഗ്രന്ഥശാലകളിലില്ല. ചരിത്രനിർമ്മിതിയിലും സാമൂഹ്യ ഗവേഷണത്തിലും മറും ലഘുലേഖകൾ വഹിക്കുന്ന പങ്കിനെപ്പററി നമ്മുടെ ഗ്രന്ഥശാലാ പ്രവർത്തകർ ബോധവാന്മാരല്ലെന്നു വേണം കരുതുവാൻ. പാഠപുസ്തകങ്ങളുടെ കാര്യത്തിലും ഈ വിഷമത അനുഭവപ്പെട്ടിട്ടുണ്ട്. ഗ്രന്ഥസൂചി രേഖപ്പെടുത്തുന്ന പാഠാവലികളുടെ സംഖ്യ തുലോം പരിമിതമാണ്. നാല്പതുകളിൽ വായിച്ചുപഠിച്ച മലയാള പാഠാവലികളിലെ ചില പാഠങ്ങൾ മനസ്സിൽ ഇന്നും തങ്ങിക്കിടക്കുന്നുണ്ടെങ്കിലും, അവയുടെ സമ്പൂർണ്ണ വിവരങ്ങൾ ശേഖരിക്കുവാൻ സാധിച്ചിട്ടില്ലെന്നു ഖേദപൂർവ്വം പ്രസ്താവിക്കട്ടെ.

പൊതുഗ്രന്ഥശാലകളിൽ നിന്നും, സെമിനാരികളുടക്കമുള്ള സ്വകാര്യ ഗ്രന്ഥശേഖരങ്ങളിൽ നിന്നുമായി ഇരുപത്തി അയ്യായിരത്തിലധികം പുസ്തകങ്ങളുടെ വിവരങ്ങൾ തേടിപ്പിടിച്ചു മലയാള ഗ്രന്ഥസൂചിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രന്ഥസൂചി എത്രത്തോളം സമഗ്രവും സമ്പൂർണ്ണവുമാണെന്നു, തുടർച്ചയായുള്ള ഉപയോഗംകൊണ്ടു മാത്രമേ വ്യക്തമാവുകയുള്ളു. പ്രസിദ്ധീകരണ സമ്പ്രദായത്തിന്റെ കാതലായ ഭാഗം തിരഞ്ഞുപിടിച്ചു രേഖപ്പെടുത്തി, ഒരു അടിസ്ഥാനഗ്രന്ഥസൂചി നിർമ്മിച്ചു പ്രകാശനം ചെയ്യാലല്ലേ,ഏതെല്ലാം ശീർഷകങ്ങൾ ഒഴിവാക്കപ്പെട്ടു എന്നു നിശ്ചയിക്കുവാൻ സാധിക്കുകയുള്ളു. മലയാള ഗ്രന്ഥസൂചിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നും ഇതുതന്നെയാണ്. ഈ വിവരണ കോശത്തിന്റെ താളുകളിൽ സ്ഥാനം ലഭിക്കാത്ത ശീർഷകങ്ങളുടെ വിവരങ്ങൾ പൂരകവാല്യങ്ങളിലായി പ്രസിദ്ധീകരിക്കാവുന്നതുമാണല്ലൊ.

## ഗ്രന്ഥസൂചിയുടെ രൂപവും രേഖകളുടെ ക്രമീകരണവും

ഒരു ഗ്രന്ഥസൂചിയിലെ രേഖകൾ ക്രമീകരിക്കുന്ന രീതിയാണ് അതിനു ഒരതിന്റെതായ രൂപം നൽകുന്നത്. ഗ്രന്ഥകാരന്റെ പേരിന്റെ അക്ഷരക്രമത്തിലും, പ്രസിദ്ധീകരണവർഷക്രമത്തിലും, പ്രതിപാദ്യ വിഷയാടിസ്ഥാനത്തിലും രേഖകൾ ക്രമപ്പെടുത്തി സംവിധാനം ചെയ്യാവുന്നതാണ്. മലയാള ഗ്രന്ഥസൂചിയിലെ രേഖകൾ ക്രമപ്പെടുത്തിയിട്ടുള്ളതു വിഷയാടിസ്ഥാനത്തിലാണ്, മറെറാരു വിധത്തിൽ പറഞ്ഞാൽ മലയാള ഗ്രന്ഥസൂചി അനുവർഗ്ഗ (classified) ഗ്രന്ഥസൂചി വിഭാഗത്തിൽപ്പെടുന്നു. ഏതേതു വിഷയങ്ങളിലാണ് പുസ്തകങ്ങൾ കുറവ്, ഏതേതു വിജ്ഞാന വിഭാഗങ്ങൾ പ്രാദേശിക സമ്പന്നമാണ്, ഒരു വിഷയത്തിൽ എന്തൊക്കെ തരത്തിലുള്ള കൃതികളുണ്ട്, എന്നൊക്കെ അപഗ്രഥിച്ചറിയുവാൻ ഈ സംവിധാനം ഉപകരിക്കും. ഏതെങ്കിലും ഒരു വർഗ്ഗീകരണ പദ്ധതിയും, അതിലെ സംജ്ഞകളും (notation) സ്വീകരിച്ചു അതിന്റെ അടിസ്ഥാനത്തിൽ പുസ്തകരേഖകൾ സംവിധാനം ചെയ്തിരുന്നുവെങ്കിൽ, വിഷയാപഗ്രഥനവും മറും കൂടുതൽ ഫലപ്രദമായേനെ. പക്ഷെ ചില പ്രായോഗിക വിഷമങ്ങൾ കാരണം അത്തരത്തിലുള്ള സൂക്ഷ്മവിഭജനം ഒഴിവാക്കേണ്ടി വന്നു. പകരം, വിജ്ഞാനത്തെ എതാനും വിശാല വർഗ്ഗങ്ങളായി (സാഹിത്യം, മതം, തത്വചിന്ത, ശാസ്ത്രം തുടങ്ങിയ വർഗ്ഗങ്ങൾ) വിഭജിച്ചു രേഖകൾ ക്രമപ്പെടുത്തുകയാണു ചെയ്തിട്ടുള്ളതു്. വിഷയവർഗ്ഗങ്ങളുടെ പട്ടിക അന്യത്ര കാണാം.

ഒരു വിഷയത്തിലുള്ള കൃതികൾ ക്രമപ്പെടുത്തുന്നതിനു ഗ്രന്ഥകാരന്റെ പേരിന്റെ അകാരാദിക്രമമാണു സ്വീകരിച്ചിട്ടുള്ളതു്; ഒരേ ഗ്രന്ഥകാരന്റെ വിവിധ കൃതികൾ ശീർഷകക്രമത്തിലും. ഗ്രന്ഥകാരനെക്കുറിച്ചുള്ള നിരൂപണ

Digitized By Kerala Sahitya Akademi

പഠനങ്ങൾ, കൃതികൾക്കു ശേഷവും കാണാം.

മലയാള ഗ്രന്ഥസൂചിയുടെ പ്രഥമവാല്യത്തിൽ 'സാഹിത്യം' എന്ന മുഖ്യവിഭാഗവും, ഈ വിഭാഗത്തിലെ കവിത, നാടകം, ചെറുകഥ തുടങ്ങിയ ഉപവിഭാഗങ്ങളുമാണുള്ളതു്. സാഹിത്യേതര വിഷയങ്ങളിലെ പുസ്തകങ്ങളും, അകാരാദി സൂചികകളും (Alphabetical indexes) ആണു് രണ്ടാം വാല്യത്തിന്റെ ഉള്ളടക്കം.

അകാരാദി സൂചികകൾ താഴെപ്പറയുന്നവയാണു്:-

1) ഗ്രന്ഥകാര സൂചിക (ഗ്രന്ഥകാരൻ, വിവർത്തകൻ, വ്യാഖ്യാതാവു് എന്നിവരുടെ നാമസൂചിക)

2) ശീർഷക സൂചിക.

3) വിഷയസൂചിക.

പുസ്തകരേഖയിലെ ഒടുവിൽ വലത്തുവശത്തു അച്ചടിച്ചിരിക്കുന്ന ക്രമനമ്പർ സൂചികകളേയും പുസ്തകരേഖകളേയും ബന്ധിപ്പിക്കും.

## പുസ്തക വിവരങ്ങൾ (Bibliographical Details)

ഒരു പുസ്തകത്തെ മറെറാരു പുസ്തകത്തിൽ നിന്നു വേർതിരിച്ചറിയാൻ സഹായിക്കുന്ന ഘടകങ്ങളായ ഗ്രന്ഥകർതൃത്വം, പ്രസാധന ചരിത്രം, ആകാരം എന്നിവയെക്കുറിച്ചുള്ള സമ്പൂർണ്ണ വിവരങ്ങൾ ഗ്രന്ഥസൂചിയിൽ നിന്നു ലഭിക്കും. പുസ്തക രേഖകളിൽ താഴെപ്പറയുന്ന വിവരങ്ങൾ ക്രമപ്രകാരം ഉൾപ്പെടുത്തിയിരിക്കുന്നു.

1) ഗ്രന്ഥകാരന്റെ പേർ — 1. a) ജീവിതകാലം
2) ശീർഷകം
3) അവതാരിക, വ്യാഖ്യാനം, വിവർത്തനം, ടിപ്പണി മുതലായവയുടെ വിവരങ്ങൾ.
4) പതിപ്പുനമ്പർ (ഒന്നാം പതിപ്പു് പ്രത്യേകം സൂചിപ്പിച്ചിട്ടില്ല.)
5) പുസ്തകം പ്രസിദ്ധീകരിച്ച സ്ഥലം (ചിലപ്പോൾ അച്ചടിച്ച സ്ഥലവും)
6) പ്രസിദ്ധീകരണശാല അല്ലെങ്കിൽ മുദ്രണശാല
7) പ്രസിദ്ധീകരണ വർഷം
8) ഏടുനമ്പർ
9) ചിത്രങ്ങളുടെ സൂചന
10) വലിപ്പം
11) വില
12) ഗ്രന്ഥപരമ്പരയുടെ പേരും നമ്പറും
13) പ്രത്യേക കുറിപ്പുകൾ
14) ക്രമനമ്പർ

ഉദാഹരണം:-

**കൊച്ചുണ്ണിത്തമ്പുരാൻ, കൊട്ടങ്ങല്ലൂർ**
1858—1926

**രാമാശ്വമേധം കിളിപ്പാട്ടു്;** എം രാജരാജവർമ്മയുടെയും ആറ്റൂർ കൃഷ്ണപിഷാരടിയുടേയും അവതാരികകൾ. തിരുവനന്തപുരം, ശ്രീ ചിത്തിരതിരുനാൾ ഗ്രന്ഥശാല 1925 45 18X12 (ശ്രീ ചിത്രാവലി ഗ്രന്ഥമാല)
ശ്രീ ചിത്തിരതിതനാം കിരീടധാരണ മഹോത്സവം പ്രമാണിച്ചു്
1396

Digitized By Kerala Sahitya Akademi

(പതിപ്പിന്റെ സൂചനയില്ലാത്തതുകൊണ്ട് പുസ്തകം 1–ാം പതിപ്പാണെന്നു വ്യക്തമാണ്)

പുസ്തക വിവരങ്ങൾ രേഖപ്പെടുത്തുന്ന വിഷയത്തിൽ സ്വീകരിച്ച അടിസ്ഥാന നയങ്ങളെക്കുറിച്ചു രണ്ടു വാക്ക്:

## 1. ഗ്രന്ഥകാരന്റെ പേർ

പേരുകളുടെ വിചിത്രലോകത്തെക്കുറിച്ച് വിസ്തരിച്ചുപന്യസിക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിലും, ഒന്നു രണ്ടു പ്രധാന കാര്യങ്ങൾ മുണ്ടിക്കാണിക്കട്ടെ. പേരുകളുടെ ഘടന പലവിധത്തിലാണ്. പന്ത്രണ്ടു മലയാള സാഹിത്യകാരന്മാരുടെ നാമങ്ങൾ പരിശോധിച്ചാൽ, പന്ത്രണ്ടു വിധത്തിലുള്ള ഘടനകൾ കാണാം. മാതാപിതാക്കന്മാർ നൽകിയ പേരിന്റെ (വ്യക്തിനാമം) കൂടെ വീട്ടുപേരോ, ഗ്രാമത്തിന്റെ പേരോ ചേർത്തുപയോഗിക്കുന്നവരാണ് ഭൂരിഭാഗം പക്ഷം ഗ്രന്ഥകാരന്മാരും. ചിലരുടെ പേരിന്റെ മുമ്പിൽ അച്ഛന്റെ പേരോ, പേരിന്റെ ആദ്യത്തെ അക്ഷരമോ (initials) കാണാം. മറ്റു ചിലർ വ്യക്തിനാമം വെളിവാക്കാതെ ജാതിപ്പേരുകളിൽ സാഹിത്യസൃഷ്ടികൾ പ്രകാശനം ചെയ്യുന്നു. കെ. വി. എം., ഇ. വി. ജി., എന്നിങ്ങനെയുള്ള അക്ഷരങ്ങൾ മാത്രം പുസ്തകങ്ങളിൽ അച്ചടിച്ചവരുമുണ്ട്. വീട്ടുപേരുകളില്ലെങ്കിലും, സ്ഥലപ്പേരുകളിലും അറിയപ്പെടുന്നവരുടെ (പൊറെക്കാട്ട്, കോവൂർ, തുടങ്ങിയവർ) സംഖ്യയും നിസ്സാരമല്ല. മലയാളസാഹിത്യത്തിൽ സുദ്ധമായി പ്രതിഷ്ഠിക്കപ്പെട്ട അസംഖ്യം തൂലികാ നാമങ്ങളും ഗൂഢനാമങ്ങളുമുണ്ട്. ബഹുവിധത്തിലുള്ള ഗ്രന്ഥകാരനാമങ്ങൾ രേഖപ്പെടുത്തുന്ന കൃത്യം അല്പമെങ്കിലും സരളമാക്കുന്നതിനു താഴെപ്പറയുന്ന അടിസ്ഥാന തത്വങ്ങൾ സ്വീകരിച്ചു:-

എ) പുസ്തകം കഴിയുന്നേടത്തോളം ഗ്രന്ഥകാരന്റെ വ്യക്തിനാമത്തിൽ രേഖപ്പെടുത്തുക.

ബി) പുസ്തകരചനയ്ക്കു പേരിന്റെ മറ്റു ഘടകങ്ങൾ സ്വീകരിക്കുകയും, ആ ഘടകങ്ങളിൽ കൂടുതൽ അറിയപ്പെടുകയും ചെയ്യുന്ന എഴുത്തുകാരുടെ കൃതികൾ, അവർ സ്വീകരിച്ച പേരിൽത്തന്നെ രേഖപ്പെടുത്തുക.

ഉദാ: നായർ, എസ്. കെ., പൊറെക്കാട്ട്, എസ്. കെ.

സി) തൂലികാ നാമങ്ങളും ഗൂഢനാമങ്ങളും അതേ രീതിയിൽത്തന്നെ രേഖപ്പെടുത്തുക. എന്നാൽ യഥാർത്ഥനാമത്തിലും തൂലികാനാമത്തിലും സാഹിത്യരചന നടത്തിയവരുടെ കൃതികൾ യഥാർത്ഥനാമത്തിൽ രേഖപ്പെടുത്തുക. തൂലികാനാമസൂചനയും നൽകുക.

ഡി) പുസ്തകരേഖയുടെ രചനയ്ക്കുപയോഗിക്കാത്ത രൂപങ്ങൾക്ക് ക്രോസ് റഫറൻസുകൾ രചിച്ചു ഗ്രന്ഥകാരസൂചിയിൽ ഉൾപ്പെടുത്തുക.

## ഗ്രന്ഥകാരന്റെ ജനനമരണ വർഷങ്ങൾ:

എഴുത്തുകാരുടെ ജനനമരണ വർഷങ്ങൾ, അന്വേഷിച്ചറിയാൻ സാധിച്ചേടത്തോളം, ഗ്രന്ഥസൂചിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഉള്ളൂർ പരമേശ്വരയ്യരുടെ 'കേരള സാഹിത്യം ചരിത്രം', സി. പി. ശ്രീധരന്റെ 'ഇന്നത്തെ മലയാള സാഹിത്യകാരന്മാർ', വി. ബാലകൃഷ്ണന്റെ 'കേരള സാഹിത്യ വിജ്ഞാനകോശം', ദേശീയ ഗ്രന്ഥസൂചി, വിശ്വവിജ്ഞാനകോശം എന്നീ പ്രസി

Digitized By Kerala Sahitya Akademi

ദ്ധീകരണങ്ങൾ ഈ വിഷയത്തിൽ ഞങ്ങൾക്ക പ്രയോജനപ്പെട്ടിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി ശേഖരിച്ച ചില വിവരങ്ങൾ ഉപയോഗിക്കാൻ അക്കാദമി ഞങ്ങളെ അനുവദിക്കുകയും ചെയ്തിരുന്നു. ഈ കണക്കെല്ലാമുണ്ടായിട്ടും, എത്രയോ ഗ്രന്ഥകാരന്മാരുടെ കാലം നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. അക്കാദമിയുടെ സാഹിത്യകാരഡയറക്ടറിയുടെ പ്രസാധനം. ഈ വിടവു നികത്തുമെന്നു പ്രതീക്ഷിക്കാം.

## 2. ശീർഷകം:

പുസ്തകത്തിന്റെ മുഖപത്രത്തിൽ അച്ചടിച്ചിട്ടുള്ള ശീർഷകം അതേപടി പകർത്തിയിരിക്കുന്നു. പിൻപതിപ്പുകളിൽ ശീർഷകമാറ്റമുണ്ടെങ്കിൽ, ആ പതിപ്പുകൾ ഗ്രന്ഥസൂചിയിലുൾപ്പെടുത്തുകയും, ശീർഷകമാറ്റം പ്രത്യേക കുറിപ്പുകളിലൂടെ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

## 3. പതിപ്പ്:

ഒന്നാം പതിപ്പുകൾ കണ്ടെത്താനുള്ള ശ്രമം പുസ്തകങ്ങളുടെ ദുർലഭതെ കാരണം, പല ശീർഷകങ്ങളുടെ കാര്യത്തിലും വിജയിച്ചിട്ടില്ല. പ്രഥമ പതിപ്പുകൾ ലഭ്യമല്ലാത്ത പുസ്തകങ്ങളുടെ പിൻപതിപ്പുകളാണ് ഗ്രന്ഥസൂചിയിലുൾപ്പെടുത്തിയിട്ടുള്ളത്. ഒന്നാം പതിപ്പുകൾ പ്രസിദ്ധീകരിച്ച വർഷം, ശേഖരിക്കാൻ കഴിഞ്ഞേടത്തോളം പ്രത്യേക കുറിപ്പുകളിലൂടെ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. പരിഷ്കരിച്ചതും വിപുലീകരിച്ചതുമായ പതിപ്പുകൾ ഉൾപ്പെടുത്താൻ പരമാവധി ശ്രമിച്ചിട്ടുമുണ്ട്. പതിപ്പുകളുടെ പ്രത്യേക സൂചനയില്ലെങ്കിൽ പുസ്തകം ഒന്നാം പതിപ്പാണെന്നു കരുതണം.

## 4. പ്രസിദ്ധീകരണശാലയുടെ പേരുകൾ:

പ്രസിദ്ധീകരണശാലകളുടെ പേരുകളുടെ സംക്ഷിപ്തരൂപങ്ങൾ സ്വീകരിച്ച പബ്ലിഷേഴ്സ്, കമ്പനി, ലിമിറ്റഡ് എന്നീ പദങ്ങൾ ഒഴിവാക്കിയാണു രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസിദ്ധീകരണശാലകളുടെ പേരുകൾ ലഭ്യമല്ലാത്തിടത്തു്, പുസ്തകം അച്ചടിച്ച പ്രസ്സുകളെ സൂചിപ്പിച്ചു. അത്തരം രേഖകളിൽ, 'മുദ്രണം' എന്ന പദം വലയത്തിൽ രേഖപ്പെടുത്തിയതായി കാണാം.

## 5. പ്രസിദ്ധീകരണ വർഷം:

ക്രിസ്തുവർഷം മാത്രമാണ് ഗ്രന്ഥ സൂചിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്

## 6. വില:

പുസ്തകത്തിൽ അച്ചടിച്ച രൂപത്തിൽത്തന്നെയാണ് വില രേഖപ്പെടുത്തിയതു്. ഒരു രൂപ എട്ടണ 1-8-0 ആയും ഒരു രൂപ അമ്പതുപൈസ 1-50 ആയും അച്ചടിച്ചിരിക്കുന്നു. പഴയ തിരുവിതാംകൂർ നാണയങ്ങളെ (ചക്രവും കാശും) അതേ പേരിൽത്തന്നെ സൂചിപ്പിച്ചിരിക്കുന്നു.

## പ്രത്യേക കുറിപ്പുകൾ

പുസ്തകത്തിന്റെ പ്രതിപാദ്യ വിഷയം, വിശദമായ ഉള്ളടക്കം, പ്രസാധന ചരിത്രം എന്നിവയെ സൂചിപ്പിക്കുന്നവയാണ് കുറിപ്പുകളിൽ ഭൂരിഭാഗവും. കുട്ടികൾക്കുള്ള പുസ്തകങ്ങളെ 'ബാലസാഹിത്യം' എന്ന കുറിപ്പിലൂടെ വേർതിരിച്ചു കാണിച്ചിട്ടുണ്ട്. ക്രി. പി. 1900 വരെ മുദ്രണം ചെയ്യപ്പെട്ട കൃതികളും

Digitized By Kerala Sahitya Akademi

വിപണിയില്ലാത്ത ഏതാനും കൃതികളും, ഏതു ലൈബ്രറികളിലാണു് സൂക്ഷിച്ചു വെച്ചിട്ടുള്ളതെന്നു് വ്യക്തമാക്കുന്ന കുറിപ്പുകളും കാണാം.

## ക്ഷമാപണവും കൃതജ്ഞതയും

കാർഡുകൾ പൂരിപ്പിക്കുന്നതു മുതൽ പ്രസ്സു്കോപ്പി തയ്യാറാക്കുന്നതുവരെയുള്ള ക്ലേശകരമായ ജോലിക്രമത്തെപ്പറ്റി മുമ്പൊരു ഖണ്ഡികയിൽ പ്രതിപാദിച്ചിരുന്നുവല്ലൊ. മൂപ്പതിനായിരത്തിലധികം കാർഡുകൾ വിവിധ ഘട്ടങ്ങളിലായി ഞങ്ങൾക്കു കൈകാര്യം ചെയ്യേണ്ടി വന്നിട്ടുണ്ടു്. ഇത്തരത്തിലുള്ള ബൃഹത് ക്രോഡീകരണ ജോലിയിലേർപ്പെടുമ്പോൾ ചെറുതെറ്റുകൾ വന്നുപോവുക സ്വാഭാവികമാണു്. ഞങ്ങൾക്കും അബദ്ധങ്ങൾ പറ്റിയിട്ടുണ്ടു്. വിവർത്തന സാഹിത്യത്തിനു പ്രത്യേക വിഭാഗമുണ്ടായിട്ടും, തർജ്ജമകൾ മൂലകൃതികളുടെകൂടെ ക്രമീകരിക്കുക, ഒരു ഗ്രന്ഥകാരന്റെ കൃതി, മറ്റൊരാളുടെ കൃതികളുടെ കൂടെ ചേർക്കുക (ഒരു വരി അച്ചടിയുടെ ഘട്ടത്തിൽ വിട്ടുപോയതുകൊണ്ടു് പി. ശങ്കരനാരായണന്റെ 'അത്താണിയും ഋഷിയും' പുളിമുട്ടിൽ എസ്. ശങ്കരനാരായണന്റെ കൃതിയായിത്തീർന്നു); ഒരേ കൃതി രണ്ടിടത്തു അച്ചടിക്കുക തുടങ്ങിയ അബദ്ധങ്ങളെയാണു് ഇവിടെ സൂചിപ്പിക്കുന്നതു്. അത്തരത്തിലുള്ള തെറ്റുകളുടെ സംഖ്യ ഗണനീയമല്ലെങ്കിലും, ഞങ്ങളതിൽ ഖേദിക്കുന്നു. അബദ്ധങ്ങൾ തീരെ ഒഴിവാക്കിക്കൊണ്ടു് ഒരു പൂർവ്വകാല ഗ്രന്ഥസൂചിയും ഇതുവരെ പ്രകാശനം ചെയ്യപ്പെട്ടിട്ടില്ലെന്നു മൂണ്ടിക്കാണിക്കാനും ഞങ്ങളെ അനുവദിക്കുക.

## കൃതജ്ഞത

മലയാള പുസ്തകങ്ങളുടെ സമഗ്രമായൊരു ഗ്രന്ഥസൂചി കേരള സാഹിത്യ അക്കാദമിയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കണമെന്നു നിർദ്ദേശിച്ചുകൊണ്ടു് 1957 ഡിസമ്പർ 12-ാംനു, അന്നു് അക്കാദമി പ്രവർത്തനാദ്ധ്യക്ഷനായിരുന്ന ശ്രീ കെ. പി. കേശവമേനോനു് ഞാൻ എഴുതിയിരുന്നു. നിർദ്ദേശം അടുത്ത എക്സിക്യൂട്ടീവ് കമ്മറ്റിയുടെ പരിഗണനയ്ക്കായി വെയ്ക്കാമെന്നു അദ്ദേഹം എന്നെ അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ 1968-ൽ പ്രൊ: കുറ്റിപ്പുഴ കൃഷ്ണപ്പിള്ള അക്കാദമിയുടെ അദ്ധ്യക്ഷപദം സ്വീകരിച്ചതിനുശേഷമാണു് ഈ കാര്യത്തിൽ ഒരു പുരോഗതിയുണ്ടായതു്. ഗ്രന്ഥസൂചിയുടെ ക്രോഡീകരണ നിർദ്ദേശം അക്കാദമിക്കു സമർപ്പിച്ചപ്പോൾ ഇതിന്റെ ആസൂത്രണ പ്രസാധനഭാരം ഏറെറടുക്കേണ്ടിവരുമെന്നു ഞാൻ കരുതിയിരുന്നില്ല. ഗ്രന്ഥസൂചി നിർമ്മാണത്തിലേർപ്പെടുന്നവർക്കു് നേരിടാറുള്ള പ്രശ്നങ്ങളെക്കുറിച്ചും വിഷമങ്ങളെക്കുറിച്ചും പ്രായേണ ഞങ്ങൾ അജ്ഞരുമായിരുന്നു. അതെന്തായാലും, ഭാഷയിലെ ആദ്യത്തെ ബൃഹത് ഗ്രന്ഥസൂചിയുടെ പ്രകാശനത്തിൽ പങ്കെടുക്കാൻ സാധിച്ചതിൽ ഞങ്ങൾ ആഹ്ലാദിക്കുന്നു. ഗ്രന്ഥസൂചിയുടെ പ്രവർത്തനാരംഭത്തിൽ അദ്ധ്യക്ഷനായിരുന്ന പരേതനായ കുറ്റിപ്പുഴ കൃഷ്ണപിള്ള ഈ ഗ്രന്ഥസൂചിയുടെ പ്രകാശനത്തിൽ അതീവ തല്പരനായിരുന്നു. അദ്ദേഹത്തിന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾക്കു വിസ്മരിക്കത്തക്കതല്ല. ഇന്നത്തെ അക്കാദമി പ്രസിഡൻറ് ശ്രീ പൊൻകുന്നം വർക്കിയും അക്കാദമി കമ്മറ്റി അംഗങ്ങളും ഈ ഗ്രന്ഥസൂചിയുടെ പ്രസിദ്ധീകരണത്തിൽ കാണിക്കുന്ന താല്പര്യത്തിനു ഞങ്ങൾക്കു കൃതജ്ഞതയുണ്ടു്. ഇതിന്റെ സ്റ്റാൻറിങ്ങു് കമ്മറ്റി അംഗങ്ങായ സർവ്വശ്രീ

Digitized By Kerala Sahitya Akademi

വെട്ടൂർ രാമൻനായർ, പി. എ. സെയ്തുമുഹമ്മദ്, വി. കരുണാകരൻനമ്പ്യാർ എന്നിവരുടെ അകമഴിഞ്ഞ സഹകരണം ഞങ്ങൾക്കു വിസ്മരിക്കാൻ പറുന്നതല്ല. ഇവരിൽ കൺവീനർ ശ്രീ വെട്ടൂരിന്റെ ഏറെക്കുറെ നിർദ്ദയമെന്നു പറയാവുന്ന നിർബ്ബന്ധവും പ്രേരണയും കൃത്യനിർവ്വഹണത്തിൽ ഞങ്ങൾക്കു വളരെയേറെ പ്രചോദകമായിട്ടുണ്ടെന്നു് എടുത്തുപറയട്ടെ. അക്കാദമിയിലെ ഉദ്യോഗസ്ഥന്മാക്കും ഞങ്ങളുടെ കൃതജ്ഞത.

മലയാള ഗ്രന്ഥസൂചിയുടെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചകാലത്തു് യശശ്ശരീരനായ കുറിപ്പുഴ കൃഷ്ണപിള്ളയായിരുന്നു അക്കാദമിയുടെ അദ്ധ്യക്ഷൻ. ഏ. ഡി. ഹരിശർമ്മയും ടി. ഉബൈദും അംഗങ്ങളുമായിരുന്നു. മൂന്നുപേരും ഗ്രന്ഥസൂചീ പ്രകാശനത്തിൽ അതീവ താല്പര്യം പ്രകടിപ്പിച്ചിരുന്നു. അവരുടെ സ്മരണയ്ക്കു മുമ്പിൽ തലകുനിച്ചുകൊണ്ടു്,

കൽക്കത്ത
30-7-73

കെ. എം. ജോർജ്ജ്

Digitized By Kerala Sahitya Akademi

# ഗ്രന്ഥസൂചി ഉപയോഗിക്കുമ്പോൾ

1. ഒന്നാം വാള്യത്തിൽ സാഹിത്യ വിഷയങ്ങളുടേയും രണ്ടിൽ സാഹിത്യേതര വിഷയങ്ങളുടേയും പുസ്തക വിവരണങ്ങൾ ഉൾക്കൊള്ളുന്നു. ഓരോ വാള്യത്തിലും ഉൾക്കൊള്ളുന്ന വിഷയ വിഭാഗങ്ങളുടെ പട്ടിക ഒന്നാം വാള്യത്തിലെ vii- viii പുറങ്ങളിൽ കാണാവുന്നതാണു്.

2. പേജുനമ്പറുകൾ, പേജിന്റെ അടിയിൽ നടുവിലായിട്ടാണു് നൽകിയിട്ടുള്ളതു്. ഇടത്തെ പേജിന്റെ ഇടത്തു ഭാഗത്തു മുകളിൽ കാണുന്ന തടിച്ച അക്കം, ആ പേജിൽ ഏറ്റവും നമ്പറിലുള്ള പുസ്തകമാണു് തുടങ്ങുന്നതെന്നും വലത്തു ഭാഗത്തെ പേജിൽ മുകളിൽ വലത്തെ അറ്റത്തുള്ള തടിച്ച അക്കം ആ പേജിന്റെ അവസാനത്തിൽ ഏറ്റവുനമ്പർ വരെയുള്ള പുസ്തകമാണുള്ളതെന്നും കാണിക്കുന്നു. ഈ സംവിധാനം കൊണ്ടു്, പുസ്തകത്തിന്റെ ഏതെങ്കിലും ഒരു ഭാഗമെടുത്താൽ ഇടത്തെ അറ്റത്തേയും വലത്തെ അറ്റത്തേയും ഇടയ്ക്കുള്ള നമ്പരുകളുള്ള പുസ്തകങ്ങൾ, ആ രണ്ടു പേജുകളിലായി ഉണ്ടെന്നു ഒറ്റ നോട്ടത്തിലറിയാം. രണ്ടാം വാള്യത്തിന്റെ അവസാനം കൊടുത്തിട്ടുള്ള സൂചികകൾ നോക്കി, പുസ്തകത്തിന്റെ ക്രമനമ്പർ അറിഞ്ഞാൽ വേഗത്തിൽ പുസ്തകം കണ്ടുപിടിക്കാനാണു് ഈ ഏർപ്പാടു്. ഓരോ പേജിന്റേയും മുകളിൽ നടുവിലായി പുസ്തകത്തിന്റെ വിഷയ വിഭാഗവും കൊടുത്തിരിക്കുന്നു.

3. ഓരോ വിഷയ വിഭാഗത്തിലും അകാരാദി ക്രമത്തിലുള്ള ഗ്രന്ഥകാരന്റെ പേരിനെത്തുടർന്നു് ഗ്രന്ഥശീർഷകത്തിന്റെ അകാരാദി ക്രമത്തിലാണു് പുസ്തകവിവരണങ്ങൾ ക്രമീകരിച്ചിട്ടുള്ളതു്. ഓരോ പുസ്തക വിവരണം കഴിയുമ്പോൾ വലത്തുഭാഗത്തു കാണുന്ന നമ്പറാണു് പുസ്തകത്തിന്റെ ക്രമനമ്പർ. ഈ നമ്പറാണു് രണ്ടാം വാള്യത്തിന്റെ അവസാനം വരെ തുടർന്നു പോകുന്നതു്. സൂചികകൾ നോക്കി ക്രമനമ്പർ കണ്ടുപിടിക്കാതെ തന്നെ വിവിധ വിഷയ വിഭാഗങ്ങളിൽ അകാരാദി ക്രമത്തിലുള്ള ഗ്രന്ഥകാരന്റെയും പുസ്തകത്തിന്റെയും പേരുകൾ നോക്കി ഏതു പുസ്തകത്തിന്റെ വിവരണവും സ്വയം സമർത്ഥകമായ വിധം കണ്ടെത്താം. ഉദാ:- ജി. ശങ്കരക്കുറുപ്പിന്റെ ഓടക്കുഴൽ എന്ന പുസ്തകത്തിന്റെ വിവരണം കണ്ടുപിടിക്കാൻ, കവിതാവിഭാഗത്തിൽ ശങ്കരക്കുറുപ്പു്, ജി എന്ന പേരു കണ്ടുപിടിച്ചു് അതിനുതാഴെ അദ്ദേഹത്തിന്റെ കൃതികളിൽ അക്ഷര ക്രമത്തിലുള്ള പേരുകളിൽ ഓടക്കുഴൽ നോക്കുക- കവിതാവിഭാഗം- പേജു് 256- ക്രമനമ്പർ 3801.

4. ഗ്രന്ഥകർത്തൃത്വം നിർണ്ണയിക്കാൻ സാദ്ധ്യമല്ലാത്ത കൃതികൾ കണ്ടുപിടിക്കുന്നതിനു്, ബന്ധപ്പെട്ട വിഷയവിഭാഗത്തിൽ, അകാരാദിക്രമ

Digitized By Kerala Sahitya Akademi

ത്തിലുള്ള ഗ്രന്ഥകാരനാമത്തെപ്പോലെ തന്നെ അജ്ഞാതകർത്തൃകമായ കൃതിയുടെ പേരും കാണും. ഉദാ:- ഉണ്ണുനീലീസന്ദേശം-കവിതാവിഭാഗത്തിൽ-ഉണ്ണുനീരിക്കുട്ടിവൈദ്യർ എന്നതിനുശേഷം വരുന്നു. പേജ് 21. ക്രമനമ്പർ 313-318.

5. 'നിരൂപണം-പഠനം' എന്നൊരു പ്രത്യേകവിഷയവിഭാഗമുണ്ട്. പേജ് 828 മുതൽ 864 വരെ. എന്നാൽ ഒരു സാഹിത്യകാരന്റെ കൃതികളെ മാത്രം നിരൂപണംചെയ്യുന്ന പുസ്തകങ്ങൾ, ആ സാഹിത്യകാരന്റെ കൃതിയുടേയോ അജ്ഞാത കർത്തൃകമായ കൃതിയുടേയോ ഭൂരിപക്ഷവും ഉൾക്കൊള്ളുന്ന വിഷയവിഭാഗത്തിൽ, കൃതിയുടേയോ ഗ്രന്ഥത്തിന്റേയോ വിവരണത്തോടനുബന്ധിച്ചാണ് കൊടുത്തിട്ടുള്ളത്. ഉദാ:- ആശാന്റെ സീതാകാവ്യം എന്ന നിരൂപണം-കവിതാവിഭാഗത്തിൽ കുമാരനാശാന്റെ പേരിനോടനുബന്ധിച്ചു ചേർത്തിട്ടുള്ള നിരൂപണവിഭാഗത്തിലാണ് കാണുക. പേജ് 59മുതൽ 62വരെ-ക്രമനമ്പർ 872മുതൽ 902വരെ ആശാൻ കൃതികളുടെ നിരൂപണമാണ്. അതിൽ 900 ആണ്, സുകുമാർ അഴിക്കോടെഴുതിയ ആശാന്റെ സീതാകാവ്യം. അല്ലാതെ നിരൂപണം-പഠനം എന്ന വിഭാഗത്തിൽ ആശാന്റെ സീതാകാവ്യം കാണുകയില്ല. രണ്ടാം വാല്യത്തിൽ ഇൻഡക്സ് (സൂചിക) വരുമ്പോൾ, ഓരോ ഗ്രന്ഥകാരന്റേയും എല്ലാ കൃതികളും ഒന്നിച്ചു കാണാൻ കഴിയുന്നതിനാൽ, സുകുമാർ അഴിക്കോടിന്റെ പ്രസ്തുതപുസ്തകം വേഗത്തിൽ കണ്ടുപിടിക്കുകയും ചെയ്യാം; ക്രമനമ്പർ 900 എന്നു കൊടുക്കുന്നതുകൊണ്ട്. സംവിധാനത്തിൽ ഇത്തരം ഒരു രീതി സ്വീകരിച്ചതു ഗവേഷണസൗകര്യത്തെ മുൻനിറുത്തിയാണ്. ഈ രീതിയിൽ എഴുത്തച്ഛൻ കൃതികളെക്കുറിച്ചുള്ള നിരൂപണങ്ങൾ 138-ാം പുറം 2036 മുതൽ 2044വരെയും ഉണ്ണുനീലീസന്ദേശത്തിന്റെ നിരൂപണങ്ങൾ ആ കൃതിയെപ്പറ്റിയുള്ള വിവരണത്തിന്റെ താഴെ-21-ാം പുറം 319-320വരെ നമ്പറുകളിലും കാണാം. പട്ടികയിലും ഗ്രാഫിലും നിരൂപണം-പഠനം എന്നതിന്റെ മൊത്തം എണ്ണത്തിൽ ഈ ഇനത്തിലുള്ളതും പെടും.

6. വിഷയവിഭജനത്തിൽ കവിത-കവിതാസമാഹാരം, നാടകം-നാടകസമാഹാരം, ചെറുകഥ-ചെറുകഥാസമാഹാരം എന്നിങ്ങനെ കാണാം. ഒരാളുടെതന്നെ കവിതയോ, നാടകമോ, ചെറുകഥയോ, സമാഹരിച്ചിട്ടുള്ളത് കവിത, നാടകം, ചെറുകഥ എന്നീ വിഭാഗങ്ങളിലും പലരുടേയും കവിതകളോ നാടകങ്ങളോ ചെറുകഥകളോ ഒരു പുസ്തകത്തിൽ സമാഹരിച്ചിട്ടുള്ളതാണെങ്കിൽ സമാഹാരവിഭാഗത്തിലുമാണ് കാണുക. ഉദാ:- അക്കിത്തത്തിന്റെ 11 കവിതകളുടെ സമാഹാരമായ 'അരങ്ങേറ്റം' കവിതാവിഭാഗത്തിലും തേലപ്പുറത്തു നാരായ

Digitized By Kerala Sahitya Akademi

ണൻ നമ്പി, കുറിപ്പുറത്തു കേശവൻനായർ, കിട്ടണ്ണിനായർ, വള്ള ത്തോൾ തുടങ്ങിയവരുടെ ആശംസാത്രുപത്തിലുള്ള കവിതകൾ സമാഹ രിച്ച 'അരിയിട്ടുവാഴ്ച' (4218) കവിതാസമാഹാരത്തിലുമാണ് കാണുക.

7. ഈ ഗ്രന്ഥസൂചിയിൽ ഗ്രന്ഥകാരന്റെ പേരാണ് ആദ്യം കാണുക-അല്ലാതെ തൂലികാനാമമല്ല. ഉദാഹരണമായി നാരായണമേ നോൻ-വള്ളത്തോൾ, കൃഷ്ണൻ-പി.സി(ഉറൂബ്) എന്നിങ്ങനെയാണ് ചേർത്തിട്ടുള്ളത്.

8. പുസ്തകവിവരണങ്ങളുടെ ഘടനയും വിഷയക്രമീകരണത്തിന്റെ രീതിയും അവതാരികയിൽ വിശദീകരിച്ചിട്ടുണ്ട്.

9. പുസ്തകത്തിന്റെ പേരുമാത്രമറിയുമ്പോൾ ആ പുസ്തകത്തെ സംബ ന്ധിച്ച പൂർണ്ണവിവരങ്ങളറിയുവാൻ ഒരുക്കിയിട്ടുള്ളതാണ് 2-ാം വാല്യ ത്തിലെ അന്ത്യത്തിലുള്ള **ശീർഷകസൂചി.** പുസ്തകത്തിന്റെ പേരിനെ വി വരണത്തിന്റെ ക്രമനമ്പറുമായി ബന്ധിപ്പിക്കുന്ന ഒന്നാണ് ശീർഷക സൂചി. ഒരു പ്രത്യേക വിഷയത്തിൽപ്പെടുന്ന പുസ്തകങ്ങൾ അറിയുന്നതി നു രണ്ടാം വാല്യത്തിന്റെ ഒടുവിൽ ചേർത്തിട്ടുള്ള വിഷയസൂചിയും ഒരു ഗ്രന്ഥകാരൻ വിവിധ വിഷയങ്ങളിൽ രചിച്ചിട്ടുള്ള പുസ്തകങ്ങൾ അറി യുന്നതിനു് ഗ്രന്ഥകാരസൂചിയും സഹായിക്കുന്നു. ശീർഷകസൂചിയെ പ്പോലെ വിഷയസൂചിയും ഗ്രന്ഥകാരസൂചിയും പുസ്തക വിവരണങ്ങ ളുടെ ക്രമനമ്പറുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

10. എത്രയൊക്കെ ശ്രമിച്ചിട്ടും മലയാളത്തിൽ പ്രസിദ്ധീകൃതങ്ങളായ എല്ലാ പുസ്തകങ്ങളുടേയും വിവരണങ്ങൾ ഉൾക്കൊള്ളിക്കാൻ സാധിച്ചി ട്ടില്ല. അച്ചടി നടക്കുമ്പോഴും ചില പുസ്തകങ്ങൾ കിട്ടുന്നുണ്ട്. തരമു ള്ളിടത്തോളം അവയെ സംബന്ധിച്ച വിവരങ്ങൾ ഈ സൂചികയിൽ തന്നെ ഉൾക്കൊള്ളിച്ചിട്ടുമുണ്ട്. ബാക്കിയുള്ളവ രണ്ടാം ഭാഗത്തിൽ അനുബന്ധമായി കൊടുക്കുന്നതായിരിക്കും. ഇതിനും പുറമെ ബ്രിട്ടീഷ് മ്യൂസിയത്തിലുള്ള മലയാള പുസ്തകങ്ങളുടെ വിവരണങ്ങൾ ഉൾക്കൊള്ളു ന്ന കാർഡുകൾ തയ്യാറാക്കി ശ്രീ ടി. എൻ. ജയചന്ദ്രൻ ഞങ്ങൾക്കു തന്നി ട്ടുണ്ട്. അവയിൽ ചിലതിൽ അപൂർണ്ണമായ വിവരണങ്ങളേ ഉള്ളൂ. എന്നാൽ അനുബന്ധത്തിൽ ആ പുസ്തകങ്ങളെപ്പറ്റി കിട്ടിയ വിവരണ ങ്ങൾ കൊടുക്കുന്നുണ്ട്. പ്രസ്തുത പുസ്തകങ്ങളെ തേടിപ്പിടിക്കാൻ ശ്രമ ങ്ങളും നടത്തിക്കൊണ്ടിരിക്കയാണ്. ഒന്നാം പതിപ്പു കിട്ടാത്ത പുസ്തക ങ്ങളും ഉദാ:- ഇന്ദുലേഖ- ഞങ്ങൾ അന്വേഷിക്കുന്നുണ്ട്. ഇതിനും പുറ മെ ചുരുക്കം ചില പുസ്തകങ്ങളുടെ കാർഡുകൾ തയ്യാറാക്കിയതു ഗ്ര ന്ഥസൂചിയിൽ ഉൾപ്പെടുത്താൻ പറ്റാതെ വന്നിട്ടുണ്ട്. ഉദാഹരണ മായി ശ്രീ പൊൻകുന്നം വക്കിയുടെ 'അൾത്താര' എന്ന നാടകത്തിന്റെ കാർഡ് ക്രമീകരിക്കുമ്പോൾ, നാടകത്തിൽ ശ്രീ വക്കിയുടെ പുസ്തക ത്തിന്റെ കൂട്ടത്തിൽ വെക്കുന്നതിനു പകരം അതു് നോവലിനിടക്കായി പ്പോയി. നാടക വിഭാഗം അച്ചടിച്ചു് നോവൽ വിഭാഗം തുടങ്ങിയ

Digitized By Kerala Sahitya Akademi

പ്പോഴാണ് ഈ തെറ്റു കണ്ടെത്തിയത്. അതിനാൽ ആ കാർഡു മാറ്റി വെച്ചിരിക്കയാണു്. അനുബന്ധത്തിൽ അതു ചേർക്കുന്നതാണു്. അവസാനം കൊടുക്കുന്ന, ഒരു ഗ്രന്ഥകാരന്റെ ആകെയുള്ള പുസ്തകം കാണിക്കുന്ന സൂചികയിൽ ഈ പുസ്തകം പെടുകയും ചെയ്യും. മുകളിൽ പറഞ്ഞ ന്യൂനതകൾ പലതും രണ്ടാം ഭാഗത്തിലെ സൂചികകൾ (index കൊണ്ടു ശരിയാക്കാമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

11. ഈ ഗ്രന്ഥസൂചിയിൽ സ്വീകരിച്ചിട്ടുള്ള ഹ്രസ്വരൂപങ്ങൾ താഴെ കൊടുക്കുന്നു.

(1) പുസ്തക വിവരണങ്ങളിൽ പൊതുവായി ഉപയോഗിച്ചിട്ടുള്ള ഹ്രസ്വരൂപങ്ങൾ രണ്ടാണു്.

| | |
|---|---|
| പ്രസാ. | പ്രസാധനം, പ്രസാധകൻ |
| വിവ: | വിവർത്തനം, വിവർത്തകൻ. |

(2) പ്രസിദ്ധീകരണശാലയുടെ അല്ലെങ്കിൽ മുദ്രണശാലയുടെ പേരു ഹ്രസ്വമാക്കുവാൻ, പരക്കെ അറിയപ്പെടുന്ന സ്ഥാപനങ്ങളുടെ പേരുകളിൽ നിന്നു് 'ബുക്സ്', 'ബുക്കു് ഡിപ്പോ', 'പ്രസ്സു് ആൻറ് ബുക്കു് ഡിപ്പോ,' 'പ്രിൻറിംഗ് ആൻറ് പബ്ലിഷിംഗ് കമ്പനി', 'ബ്രദേഴ്സ്' തുടങ്ങിയ വാക്കുകൾ ഒഴിവാക്കിയിരിക്കുന്നു.

ഉദാഹരണം:-

| | |
|---|---|
| കോഴിക്കോട്", | മാതൃഭൂമി |
| തൃശ്ശൂർ, | കറൻറ് |
| കോട്ടയം, | വിദ്യാർത്ഥിമിത്രം |
| മീനമ്പലം, | ബി കെ എം |
| കോന്നി, | വീനസ് |
| കൊല്ലം, | ശ്രീരാമവിലാസം |
| തിരുവനന്തപുരം, | പ്രഭാത് |

എന്നാൽ പ്രസിദ്ധീകരണങ്ങളുടെ എണ്ണം താരതമ്യേന കുറവായിട്ടുള്ള സ്ഥാപനങ്ങളുടെ പേരുകൾ പൂർണ്ണമായിത്തന്നെ ചേർക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ടു്.

ഉദാഹരണം:

| | |
|---|---|
| ആലപ്പുഴ, | ചലനം പബ്ലിക്കേഷൻസ് |
| ചങ്ങനാശ്ശേരി, | ഡീലേഴ്സ് പ്രസ്സു് |
| തിരുവനന്തപുരം, | സന്മത് പ്രിൻറിംഗ് |
| | കോപ്പറേഷൻ |

3. പല കാരണങ്ങളാൽ ചില സ്ഥാപനങ്ങളുടെ പേരുകളിൽ ഉപയോഗിച്ചിട്ടുള്ള ഹ്രസ്വരൂപങ്ങൾ താഴെ ചേർക്കുന്നു.

Digitized By Kerala Sahitya Akademi

| | |
|---|---|
| അക്കാദമി | കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ |
| അഹമ്മദ് കുഞ്ഞി | ഹാജി. കെ. പി. അഹമ്മദ്കുഞ്ഞി ആൻറ് ബ്രദേഴ്സ്, കണ്ണൂർ |
| ഇ. എസ്. ഡി. | എഡ്യുക്കേഷണൽ സപ്ലൈസ് ഡിപ്പോ, തിരുവനന്തപുരം, പാലക്കാട് |
| എ. ആർ. വി. | അനന്തരാമവർമ്മ അച്ചുക്കുടം, തിരുവനന്തപുരം |
| എൻ. ബി. എസ് | നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം |
| എസ്. എം. ആർ. വി. | ശ്രീമൂലരാജവൈജയന്തി അച്ചുക്കുടം, തിരുവനന്തപുരം |
| എസ്. ഡി. | സനാതനധർമ്മ പ്രസ്സ്, ആലുപ്പുഴ, എറണാകുളം |
| എസ്. വി. | ശ്രീവിലാസ് പ്രസ്സ്, തിരുവനന്തപുരം |
| കല്പകാ | കല്പകാ ലൈബ്രറി, തിരുവനന്തപുരം |
| കെ. വി. നരസിംഹവിലാസം | കേരളവർമ്മ വിദ്യാലയം, കൊല്ലം<br>ശ്രീ നരസിംഹവിലാസം ബുക്ക് ഡിപ്പോ, തുറവൂർ |
| നാഷണൽ | നാഷണൽ ബുക്ക് ഡിപ്പോ, കോട്ടയം |
| ബി. ബി. | ഭാഷാഭൂഷണം അച്ചുക്കുടം, പറവൂർ |
| വി. വി. | വിദ്യാഭിവർദ്ധിനി പ്രസിദ്ധീകരണശാല, കൊല്ലം |
| വി. വി. | വാണീവിലാസംബുക്ക് ഡിപ്പോ, ഗുരുവായൂർ |
| വി. വി. ബുക്ക് ഡിപ്പോ | വിദ്യാവിലാസിനി ബുക്ക് ഡിപ്പോ, തിരുവനന്തപുരം |
| സാ. പ്ര. സ. | സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം |
| സി. എൽ. എസ് | ക്രിസ്ത്യൻ ലിറ്ററേച്ചർ സൊസൈറ്റി, ക്രൈസ്തവസാഹിത്യസമിതി |
| സെൻട്രൽ | സെൻട്രൽ പബ്ലിഷിംഗ് ആൻറ് ട്രേഡിംഗ് കമ്പനി, തിരുവനന്തപുരം |

Digitized By Kerala Sahitya Akademi

| വിഭാഗം | 1850 വരെ | 1851-1860 | 1861-1870 | 1871-1880 | 1881-1890 | 1891-1900 |
|---|---|---|---|---|---|---|
| കവിത | 4 | 1 | 24 | 115 | 78 | 82 |
| കവിതാ സമാഹാരങ്ങൾ | | | | 1 | | |
| ഗാനങ്ങളും പാട്ടുകളും | | | | 2 | 1 | 1 |
| നാടകം | | | | | 2 | 32 |
| നാടക സമാഹാരങ്ങൾ | | | | | | |
| നോവൽ | | | | 1 | 2 | 6 |
| ചെറുകഥ | | | | | | 2 |
| ചെറുകഥാ സമാഹാരങ്ങൾ | | | | | | |
| കുട്ടികൾക്കുള്ള കഥകൾ | | | | 2 | 1 | 2 |
| ഹാസ്യം | | | | | | |
| ഉപന്യാസം | | | | | 2 | 1 |
| മറ്റു ഗദ്യകൃതികൾ | | | 2 | | 2 | 3 |
| നിരൂപണങ്ങളും പഠനങ്ങളും | | | | | | |
| സാഹിത്യ ചരിത്രം | | | | | 2 | 2 |
| ഗദ്യപദ്യ സമാഹാരങ്ങൾ | | | | | | |
| വിവർത്തനങ്ങൾ- ഭാരതീയസാഹിത്യം | 1 | | 5 | 9 | 10 | 18 |
| വിവർത്തനങ്ങൾ- വിദേശസാഹിത്യം | 1 | | 1 | 1 | 3 | 7 |
| ആകെ | 6 | 1 | 32 | 131 | 103 | 156 |

Digitized By Kerala Sahitya Akademi

## ഇനംതിരിച്ച പട്ടിക.



| 1901-1910 | 1911-1920 | 1921-1930 | 1931-1940 | 1941-1950 | 1951-1960 | 1961-1970 | ആകെ |
|---|---|---|---|---|---|---|---|
| 166 | 408 | 470 | 721 | 602 | 740 | 693 | 4104 |
| 10 | 22 | 18 | 48 | 18 | 34 | 25 | 176 |
| 5 | 17 | 13 | 12 | 23 | 131 | 102 | 307 |
| 30 | 43 | 44 | 135 | 254 | 703 | 616 | 1859 |
| | | | | | 7 | 1 | 8 |
| 17 | 52 | 167 | 228 | 252 | 974 | 1303 | 3002 |
| 3 | 26 | 48 | 61 | 316 | 678 | 539 | 1673 |
| | 3 | 2 | 1 | 26 | 54 | 27 | 113 |
| 10 | 139 | 63 | 125 | 95 | 254 | 267 | 958 |
| | | 1 | 12 | 30 | 82 | 81 | 206 |
| 6 | 53 | 42 | 130 | 77 | 167 | 128 | 606 |
| 3 | 4 | 8 | 19 | 9 | 20 | 26 | 96 |
| 5 | 3 | 18 | 54 | 58 | 139 | 193 | 470 |
| | | 5 | 7 | 12 | 29 | 26 | 83 |
| | 2 | 11 | 20 | 6 | 8 | 2 | 49 |
| 42 | 69 | 135 | 158 | 129 | 240 | 248 | 1064 |
| 13 | 32 | 37 | 61 | 83 | 339 | 271 | 849 |
| 310 | 873 | 1082 | 1792 | 1990 | 4599 | 4548 | 15623 |

Digitized By Kerala Sahitya Akademi

ഭാരതീയ

| ഭാഷ | 1850 വരെ | 1851–1860 | 1861–1870 | 1871–1880 | 1881–1890 | 1891–1900 |
|---|---|---|---|---|---|---|
| ഉർദു | | | | | | |
| ഒഡിയ | | | | | | |
| കന്നട | | | | | | |
| ഗുജറാത്തി | | | | | | |
| തമിഴ് | | | | | | 2 |
| തെലുങ്ക് | | | | | | |
| പഞ്ചാബി | | | | | | |
| ബംഗാളി | | | | | | |
| മറാഠി | | | | | | |
| സംസ്കൃതം | 1 | | 5 | 9 | 10 | 16 |
| സിന്ധി | | | | | | |
| ഹിന്ദി | | | | | | |
| ആകെ | 1 | | 5 | 9 | 10 | 18 |

വിദേശീയ

| | | | | | | |
|---|---|---|---|---|---|---|
| അറബി | | | | | | |
| ഇംഗ്ലീഷ് | 1 | | 1 | 1 | 3 | 7 |
| ഇൻഡോനേഷ്യൻ | | | | | | |
| ഇറാലിയൻ | | | | | | |
| കിർഘീസ് | | | | | | |
| ഗ്രീക്ക് | | | | | | |

Digitized By Kerala Sahitya Akademi

ഇനംതിരിച്ച പട്ടിക.

ഭാഷകളിൽനിന്നു്

| 1901-1910 | 1911-1920 | 1921-1930 | 1931-1940 | 1941-1950 | 1951-1960 | 1961-1970 | ആകെ |
|---|---|---|---|---|---|---|---|
| | | | | 6 | 12 | 8 | 26 |
| | | | | | 1 | 2 | 3 |
| | | | 1 | | 1 | 3 | 5 |
| | | | 1 | | 4 | 2 | 7 |
| 2 | 3 | 5 | 11 | 4 | 18 | 22 | 67 |
| | | | | | | 2 | 2 |
| | | | | | | 4 | 4 |
| 2 | 15 | 31 | 31 | 49 | 58 | 64 | 250 |
| | | 1 | | 2 | 4 | 7 | 14 |
| 38 | 51 | 98 | 106 | 53 | 85 | 69 | 541 |
| | | | | | | 1 | 1 |
| | | | 8 | 15 | 57 | 64 | 144 |
| 42 | 69 | 135 | 158 | 129 | 240 | 248 | 1064 |

ഭാഷകളിൽനിന്നു്

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | 2 | 1 | 3 |
| 13 | 25 | 25 | 40 | 31 | 147 | 101 | 395 |
| | | | | | | 1 | 1 |
| | | | 1 | 1 | 6 | 6 | 14 |
| | | | | | | 5 | 5 |
| | | | | | 11 | 12 | 23 |

Digitized By Kerala Sahitya Akademi

വിദേശീയ

| ഭാഷ | 1850 വരെ | 1851–1860 | 1861–1870 | 1871–1880 | 1881–1890 | 1891–1900 |
|---|---|---|---|---|---|---|
| ചെക്ക് | | | | | | |
| ചൈനീസ് | | | | | | |
| ജപ്പാനീസ് | | | | | | |
| ജർമ്മൻ | | | | | | |
| ഡാനിഷ് | | | | | | |
| താജിക് | | | | | | |
| നോർവീജിയൻ | | | | | | |
| പേർഷ്യൻ | | | | | | |
| പോളിഷ് | | | | | | |
| ഫ്രഞ്ച് | | | | | | |
| ബൾഗേറിയൻ | | | | | | |
| യിദ്ദീഷ് | | | | | | |
| യുക്രേനിയൻ | | | | | | |
| ലററിഷ് | | | | | | |
| സെർബോക്രോഷ്യൻ | | | | | | |
| സ്പാനിഷ് | | | | | | |
| ഹങ്കേറിയൻ | | | | | | |
| റഷ്യൻ | | | | | | |
| ആകെ | 1 | | 1 | 1 | 3 | 7 |

Digitized By Kerala Sahitya Akademi

# ഫോട്ടോ സ്റ്റാറുകൾ

| | | | |
|---|---|---|---|
| 1. | സംക്ഷേപവെദാ൪ത്ഥം | 1772 | ഇന്നർ ടൈറിൽ |
| 2. | ,, | ,, | ഉൾപ്പേജ് |
| 3. | ,, | ,, | ടി |
| 4. | ആൾഫബെററം മലബാറിക്കം | ,, | ഇന്നർടൈറിൽ |
| 5. | ,, | ,, | ഉൾപ്പേജ് |
| 6. | ,, | ,, | ടി |
| 7. | ,, | ,, | ടി |
| 8. | സെൻറം അഡാഗിയാ മല ബാറിക്ക | 1791 | ഇന്നർ ടൈറിൽ |
| 9. | ,, | ,, | ഉൾപ്പേജ് |
| 10. | പരദേശിമോക്ഷയാത്ര | 1847 | ഇന്നർ ടൈറിൽ |
| 11. | ഹിതോപദേശഃ | ,, | ടി |
| 12. | ശ്രീ മഹാഭാരതംപാട്ട | 1862 | ടി |
| 13. | ഗൊവസ്സൂരിപ്രയൊഗം | 1864 | ടി |
| 14. | നിയമങ്ങളും നടപടികളും | 1865 | ടി |
| 15. | ഭാഷാവ്യാകരണം | 1868 | ടി |
| 16. | ബാലഭ്രഷണം | ,, | ടി |
| 17. | സെറാഫഅമ്മംരംശൊടെ ത്തെസ്യ | ,, | ടി |
| 18. | കാശിയാത്ര റപ്പൊട്ട | 1872 | ടി |
| 19. | ചൊദ്യൊത്തരങ്ങൾ | ,, | ടി |
| 20. | രവനിയൂ നിയമസംഭാഷണം | 1874 | ടി |
| 21. | കൃഷിശാസ്ത്രം | 1876 | ടി |
| 22. | സദാചാരനിദാനം | 1881 | ടി |
| 23. | നമ്മുടെ ദ്വിതീയ സന്മാർഗ്ഗ ബൊധങ്ങൾ | 1884 | ടി |
| 24. | സെതുമാഹാത്മ്യം | ,, | ടി |
| 25. | കുന്ദലതാ | 1887 | ടി |
| 26. | ജാനകീപരിണയം | 1888 | ടി |
| 27. | പൊഷ്യാസ്വയംവരം | ,, | ടി |
| 28. | അമരാത്ഥ അക്ഷരനിഘണ്ടു | ,, | ടി |
| 29. | മലയാളഭാഷാചരിത്രം | 1889 | ടി |
| 30. | ഇന്ദുലെഖാ | 1890 | ടി |
| 31. | ശ്രീമൂലരാജചരിതം | 1894 | ടി |

ഇതിൽ 1-7, 10, 25, 26, 30 എന്നീ ഇനങ്ങളുടെ ഫോട്ടോസ്റ്റാറുകൾ ശ്രീ ടി. എൻ. ജയചന്ദ്രൻ ലണ്ടനിലെ ബ്രിട്ടീഷ് മ്യൂസിയം ലൈബ്രറിയിൽനിന്നു എടുപ്പിച്ചു് അയച്ചു തന്നവയാണു്.

Digitized By Kerala Sahitya Akademi

സ്വർഗ്ഗീയകർത്താവിങ്കൽ

ഭക്തിവിശ്വാസം

ഉറപ്പിപ്പാനായിട്ട്

# COMPENDIOSA LEGIS EXPLANATIO

OMNIBUS CHRISTIANIS

SCITU NECESSARIA

*Malabarico Idiomate.*

ദൈവകല്പനിസ്സകിരിഹാസ്ത്രിസ്തീത

മ്പോഴുള്ളവർക്ക

ശുദ്ധീകരിപ്പിപ്പാനായിട്ട

ഈ പുസ്തകം

ROMAE AN. A NATIVIT. CHRISTI MDCCLXXII.

*Praesidum Facultate,*

Digitized By Kerala Sahitya Akademi

൧ പല്ലിൻെറടുത്തുശൊഷിച്ചു
തുടങ്ങിതുടങ്ങിനാൾതൊറുംനാൾതൊറും
നന്നായിപ്പൊന്തിവന്നുതുടങ്ങിയതിനാ
ൽതൊണ്ടയിലുംനാവിലുംതുടങ്ങിയ
തൊണ്ടയിലുംനാവിലുംതുടങ്ങിയ

൨ നീണ്ടുതുടുത്തുവലുതായിട്ടുള്ള
നാക്കിൻെറതുമ്പുകൊണ്ടുപൊയ്പൊകു
ന്നതുകൊണ്ടുപലതുംതൊടുവാനും
തിന്നുവാനുംകുടിപ്പാനുംതൊടുവാനും
തിന്നുവാനുംകുടിപ്പാനുംകഴിയാ
